# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


പുസ്തകം 73
ലക്കം 11
നവംബർ 2004
വഫാ 1383
റമദാൻ - ശവ്വാൽ 1425



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


## ഉള്ളടക്കം


**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

**ലേഖനം**

**6** ***ജിഹാദ്***
ഹദ്റത്ത് അഹ്മദ് (അ)

**7** ***മുസ്‌ലിം ലോകവും രാഷ്ട്രീയ അരക്ഷിതത്വവും***
എം. എ. അശ്റഫ്, സ്കോട്ട്ലാന്റ്

**16** ***ജൂതജനതയും ആധുനികകാലവും***
ഏ. എം. മുഹമ്മദ് സലീം

**21** ***ജൂതമതം - ഒരു ലഘുപരിചയം***
ഡേവിഡ് ഗ്രൂൻ വെഗ്

**22** ***മൂസാനബി (അ) യുടെ ആത്മീയ പ്രയാണം***
ഏ. പി. കുഞ്ഞാമു

**26** ***വസിയത്ത് വ്യവസ്ഥിതിയും നമ്മുടെ ഉത്തരവാദിത്വങ്ങളും***
മൗലവി ജലാലുദ്ദീൻ സാഹിബ്, ഖാദിയാൻ

**29** ***യേശുക്രിസ്തു പ്രവാചക ശ്രേഷ്ഠനോ***
മൗലാനാ ഗുലാം റസൂൽ സാഹിബ് രാജ്കീ (റ)

**34** ***ഓർമ്മകളിലെ വലിയ മൗലവി സാഹിബ്***
സി. ഹംസക്കോയ

**34** ***മുസ്‌ലിം ലോകവും ശാസ്ത്രത്തോടുള്ള സമീപനവും***
പ്രൊഫ. അബ്ദുസ്സലാം

**ചോദ്യോത്തരം**

**12** ***ഇമാം മഹ്ദിയുടെ വ്യക്തിത്വം: സങ്കല്പവും യാഥാർത്ഥ്യവും***

**കവിത**

**35** ***സ്നേഹഗാനം***
കെ. പി. ഏ. പുന്നോൽ

കുറിപ്പുകൾ,
വാർത്തകൾ.


**മുഖചിത്രം : റോമിലെ 'ടൈറ്റസിന്റെ കമാനം' (Arch of Titus) പലസ്തീനിൽ യഹൂദരെ പരാജയപ്പെടുത്തിയതിന്റെ ഓർമയ്ക്കായി A. D. 81 ൽ പണിത സ്മാരകം.**

## ഖുർആനിൽ നിന്ന്

നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്ക രുതെന്ന് അവരോട് പറയപ്പെടു മ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കു ന്നവർ മാത്രമാണെന്നവർ പറയും. അറിയുക തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ. പക്ഷെ അവർ (ഈ യാഥാർത്ഥ്യം) ഗ്രഹി ക്കുന്നില്ല.


(2:12,13)

## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകും. എന്നിട്ട് അജ്ഞതയും കുഴ പ്പവും പ്രത്യക്ഷപ്പെടും. 'ഹറജ്' വർദ്ധി ക്കുകയും ചെയ്യും. അപ്പോൾ തിരുമേനി യോട് അനുചരന്മാർ ചോദിച്ചു: എന്താണ് ഹറജ്? തിരുമേനി കൈകൊണ്ട് ഇങ്ങിനെ ആംഗ്യം കാണിച്ചു. അത് കണ്ടപ്പോൾ തിരുമേനി, കൊലപാതക മാണ് ഉദ്ദേശിച്ചത് എന്ന് തേന്നി.

(ബുഖാരി)

# ജിഹാദ് വാദികൾ രാജ്യക്കൂറില്ലാത്തവർ



ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

അഹ്ലെ ഹദീസ് കക്ഷിക്കാർ ഉൾപ്പെടെ ഇസ്ലാമിന്റെ അനുയായികളിൽ ചിലർ രക്ത ക്കൊതിയരായ മഹ്ദിയെയും മസീഹിനെയും പറ്റി പുലർത്തിവരുന്ന വിശ്വാസങ്ങൾ അവ രുടെ ധാർമ്മികതയെ വളരെയേറെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. അവയുടെ ദുസ്വാധീനങ്ങൾ കാരണം മറ്റുള്ളവരുമായുള്ള അവരുടെ ഇടപാടുകൾ തന്നെ വിശ്വസ്ത തയിലും സദ്ഭാവനയിലും ഊന്നിക്കൊണ്ടുള്ളതുമായിരിക്കില്ല. അവർക്ക് ഒരു അമുസ്ലിം ഗവൺമെന്റിനോട് ആത്മാർത്ഥമായും പൂർണ്ണമായും ക്കൂറു പുലർത്തുവാൻ സാധിക്കുന്നതല്ല.

(മസീഹ് ഹിന്ദുസ്ഥാൻ മെ)

മുഖക്കുറിപ്പ്

# ഈദുൽഫിത്റിന്റെ സന്ദേശം

ശരീരത്തെ നെരിപ്പോടാക്കി മാറ്റി ആത്മാവിനെ സ്ഫുടം ചെയ്തെടുക്കുന്ന ഒരു മാസത്തെ വ്രതത്തിന്റെ ശുഭപര്യാവസാനം ആഘോഷിക്കുന്ന ആത്മീയോത്സവ ദിനമാണ് ഈദുൽഫിത്ർ. ആഹാരം കഴിച്ച് അവസാനത്തെ നോമ്പ് മുറിക്കുന്ന സന്തോഷ സുദിനം. ശരീരത്തിന്റെയും ആത്മാവിന്റെയും വിഭവസമൃദ്ധിയുടെ ഉത്സവമാണ് ഈദുൽ ഫിത്ർ

ആവർത്തിച്ചു വരുന്നത്, ആഘോഷം, ഉത്സവം എന്നെല്ലാം അർത്ഥമുള്ള 'ഈദ്' എന്ന പദം ഖുർആനിൽ ഉപയോഗിച്ച സന്ദർഭം നാം ഓർക്കേണ്ടതുണ്ട്. പരമഭക്തരും അല്പആഹാരികളും കൊടിയ ദരിദ്രരുമായ ഈസാനബി(അ)യുടെ അനുയായികളായിരുന്നു ഹവാരികൾ അഥവാ എസ്സിനീകൾ. ദിവ്യവെളിപാടുകൾ കൊണ്ടനുഗൃഹീതരും അവധൂത പദം പൂകിയ സാത്വികരുമായ ഹവാരികൾ ആകാശീയവും ആത്മീയവുമായ വിഭവങ്ങൾ മാത്രം കാംക്ഷിച്ചുകൊണ്ട് തങ്ങളുടെ മാർഗ്ഗദർശകനായ ഈസാനബി(അ)യോട് ചോദിച്ചു:

'ഓ മർയമിന്റെ മകൻ ഈസാ, ഞങ്ങൾക്ക് ആകാശത്തിൽ നിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരാൻ താങ്കളുടെ നാഥനു സാധിക്കുമോ? അദ്ദേഹം പറഞ്ഞു: 'നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ ഭയപ്പെടുവിൻ. അവർ പറഞ്ഞു: 'അതിൽ നിന്ന് ഞങ്ങൾ ഭക്ഷിക്കുകയും ഞങ്ങൾക്ക് മനസ്സമാധാനമുണ്ടാവുകയും നീ ഞങ്ങളോടു സത്യമാണ് പറഞ്ഞതെന്ന് ഞങ്ങൾക്ക് ബോദ്ധ്യമാവുകയും ഞങ്ങൾ അതിന് സാക്ഷ്യം വഹിക്കുന്നവരായിത്തീരുകയും ചെയ്യണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.'

ഈസബ്നുമറിയം പറഞ്ഞു: 'ഞങ്ങളുടെ നാഥനായ അല്ലാഹുവേ, ഞങ്ങൾക്ക് ആകാശത്ത് നിന്നും ഒരു ഭക്ഷണത്തളിക ഇറക്കിത്തന്നാലും! അത് ഞങ്ങളുടെ മുൻഗാമികൾക്കും പിൻഗാമികൾക്കും ഉത്സവവും (ഈദ്) നിന്നിൽ നിന്നുള്ള ഒരു ദൃഷ്ടാന്തവും ആയിരിക്കണം. നീ ഞങ്ങൾക്ക് ആഹാരം നൽകേണമേ, നീ ആഹാരം നൽകുന്നവരിൽ അത്യുത്തമനാണല്ലോ.

അല്ലാഹു പറഞ്ഞു: തീർച്ചയായും ഞാൻ നിങ്ങൾക്ക് അത് ഇറക്കിത്തരുന്നതാണ്. എന്നാൽ അതിനുശേഷം നിങ്ങളിൽ നിന്ന് ആരെങ്കിലും നന്ദികേടു കാണിക്കുന്നപക്ഷം മുഴുലോകത്തിൽവെച്ച് ആരേയും ശിക്ഷിക്കാത്ത വിധത്തിലുള്ള ശിക്ഷ ഞാൻ അവനെ ശിക്ഷിക്കുന്നതാണ്. (അൽമാഇദ: 113, 115).

ഈസാനബി(അ)യുടെ പ്രാർത്ഥനാഫലമായി തന്റെ അനുയായികൾക്ക് ആത്മീയവും ഭൗതികവുമായ പെരുന്നാളായി ആഘോഷിക്കാവുന്ന സമൃദ്ധമായ വിഭവം അല്ലാഹു നൽകി. ഹവാരികൾ അത് നന്ദിയോടെ ഭുജിച്ചു. സന്തുഷ്ടിയോടെ അവർ കാലയവനികക്കുള്ളിൽ മറഞ്ഞു. ദൈവം ഇറക്കിക്കൊടുത്ത ഭക്ഷണത്തളികയിൽ നിന്ന് അവർ പെരുന്നാളാഘോഷിച്ചു മനഃസംതൃപ്തിയടഞ്ഞു. യേശുവിന്റെ അനുയായികളായ ഹവാരികളെ ബൈബിൾ വിട്ടുകളഞ്ഞെങ്കിലും ആ ഭക്തസമൂഹത്തിന്റെ ചരിത്രം ഖുർആൻ അനശ്വരമാക്കി. ആധുനിക ചരിത്രഗവേഷണങ്ങൾ എസ്സീനികൾ എന്നറിയപ്പെടുന്ന കുംമ്രാൻ നിവാസികളായ ഹവാരികളുടെ ചരിത്രം പുറത്തുകൊണ്ടുവരികയും അവരുടെ സാത്വിക ജീവിതത്തിന്റെ വിസ്മയകരമായ യശോധാവള്യം ലോകത്തിൽ പ്രകാശിതമാവുകയും ചെയ്തിരിക്കുന്നു.

പ്രസ്തുത ഖുർആൻ വചനങ്ങൾ അതിനുശേഷം വരുന്ന നന്ദികേടു കാണിക്കുന്നവരെക്കുറിച്ച് താക്കീത് നൽകുന്നു. യേശുവിന്റെ പിൽക്കാലത്തെ അനുയായികൾ ആ വിഭവസമൃദ്ധി അനുഭവിച്ചെങ്കിലും നന്ദികേടിന്റെ പെരുന്നാളാണ് അവർ ആഘോഷിച്ചത്. പ്രത്യേകിച്ച് കഴിഞ്ഞ മൂന്ന് നൂറ്റാണ്ടുകളായി പാശ്ചാത്യ ക്രൈസ്തവ നാഗരികത അധിനിവേശത്തിന്റേയും അടിമപ്പെടുത്തലിന്റേയും,ചൂഷണത്തിന്റേയും, അതിരുകടന്ന ആസ്വാദനങ്ങളുടേയും ഭൗതികോത്സവങ്ങൾ ആഘോഷിക്കുകയാണ്. ഖുർആന്റെ താക്കീത് അവർ ഓർക്കുക. 'മുഴുലോകത്തിൽ വെച്ചും ആരെയും ശിക്ഷിക്കാത്ത വിധത്തിലുള്ള ഒരു ശിക്ഷ ഞാൻ അവനെ ശിക്ഷിക്കുന്നതാണ്.' ലോകത്തിന്റെ ഭൗതികശേഷിയുടെ മുഖ്യഭാഗം ആസ്വദിക്കുന്ന പാശ്ചാത്യ ക്രൈസ്തവ ദേശങ്ങളിലാണ് ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ അരങ്ങേറിയത്. ആ നാടുകൾക്കു മീതെ വീണ്ടും നിഴലിട്ടുകൊണ്ടിരിക്കുന്ന ഭയാനകവും സർവ്വനാശകരവും ആസന്നവുമായ ഒരു ശിക്ഷയുടെ താക്കീത് ഈ ഖുർആനിക വചനത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. നാശത്തിൽ നിന്നും അല്ലാഹു ലോകത്തെ രക്ഷിക്കട്ടെ. (ആമീൻ)

■

ലേഖനം

# ജിഹാദ്

ഹദ്റത്ത് അഹ്മദ് (അ)

## മതവിശ്വാസ പ്രചാരണത്തിന്നായി ജിഹാദ് (സംഹാരാത്മക സമരം) നടത്താൻ ഇസ്‌ലാമിൽ അനുവാദമില്ല.

ഇസ്‌ലാം വാളാൽ (ആയുധശക്തിയാൽ) പ്രചരിപ്പിക്കപ്പെട്ടതാണെന്ന് യഥാർത്ഥ മുസ്‌ലിംകളിൽ ആരും തന്നെ ഒരിക്കലും വിശ്വസിക്കുന്നില്ല. എല്ലായ്പോഴും ഇസ്‌ലാം പ്രചരിപ്പിക്കപ്പെട്ടത് അതിന്റെ ആന്തരികഗുണങ്ങൾക്കനുസൃതമായാണ്. വാളുകൊണ്ട് ഇസ്‌ലാം പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന ഇസ്‌ലാമെന്നവകാശപ്പെടുന്ന ചിലർക്ക് ഇസ്‌ലാമിന്റെ ആന്തരികമായ ഉന്നതഗുണങ്ങൾ അറിയുകയില്ല. പ്രത്യുത അവരുടെ നടപടികൾ ക്രൂരമൃഗങ്ങളുടേതിന്നു തുല്യവുമാണ്. (തിരിയഖുൽഖുലുബ് 1902)

വിശുദ്ധ ഖുർആൻ സത്യമതവിശ്വാസത്തിന്ന് ബലപ്രയോഗം വ്യക്തമായും നിരോധിച്ചതാണ്. സത്യമതവിശ്വാസപ്രചാരണത്തിന്ന് മതത്തിന്റെ അന്തർഭൂതഗുണങ്ങളും മുസ്‌ലിംകളുടെ ഉത്തമ മാതൃകകളും പിന്തുടരപ്പെടേണ്ടതാണ്. ആദ്യമേ തന്നെ മതപ്രചരണത്തിന്നു ആയുധം മുഖേനയുള്ള ബലപ്രയോഗം അനുവദിച്ചിരുന്നുവെന്ന തെറ്റിദ്ധാരണ ഉപേക്ഷിക്കപ്പെടേണ്ടതാണ്. ഇസ്‌ലാം മതവിശ്വാസപ്രചരണത്തിന്ന് വാളെടുത്തിട്ടില്ല, മറിച്ചു സ്വയം സംരക്ഷണത്തിന്ന് ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരായി ബലപ്രയോഗം നടത്തുകയുണ്ടായി. അതുവഴി സമാധാനവും സുരക്ഷിതതത്വവും നിലവിൽ വരുത്തി. വിശ്വാസകാര്യത്തിൽ നിലനിന്നിരുന്ന നിർബ്ബന്ധവും കുഴപ്പവും നിർമ്മാർജ്ജനം ചെയ്‌വാൻ ഇസ്‌ലാമിന്റെ ഭാഗത്തുനിന്ന് ബലപ്രയോഗം ഉണ്ടായിട്ടേ ഇല്ല. (സിതാരാ ഖൈസരിയ്യ 1899).

### വാഗ്ദത്ത മസീഹ് അവിശ്വാസികളോടു വാളെടുത്തു യുദ്ധം ചെയ്തിട്ടില്ല

വാഗ്ദത്ത മസീഹ് ആകാശത്തുനിന്നിറങ്ങിവന്ന് അവിശ്വാസികളോടു യുദ്ധം ചെയ്യുമെന്നും അദ്ദേഹത്തെ അനുസരിക്കാത്തവരുടെ തലവരി (ജിസ്‌യാ സ്വീകരിച്ചു സമാധാനം പാലിക്കയില്ലെന്നും മരണമോ പകരം ഇസ്‌ലാമോ സ്വീകരിക്കാൻ നിർബ്ബന്ധിക്കുമെന്നും ചില പുണ്യവാളന്മാർ എന്നവകാശപ്പെടുന്നവർ പറഞ്ഞുനടക്കുന്നതു പച്ചക്കള്ളമാണ്. എല്ലാവിധ തെറ്റുകളുടേയും ചെയ്തികളുടേയും കൂമ്പാരമാണത്. അതു വിശുദ്ധ ഖുർആന്നു കടകവിരുദ്ധമാണ്. പുണ്യവാളത്തം നടിക്കുന്ന കള്ളവാദികളുടെ കണ്ടുപിടുത്തം മാത്രമാണ്. (നൂറുൽ ഹഖ് 1894).

### ജിഹാദ് എന്നാൽ

ജിഹാദിനെക്കുറിച്ചു മുസ്‌ലിംകൾക്കുള്ള പൊതുധാരണ, ചോരക്കൊതിയനായ ഒരു ഇമാം (നേതാവ്) മറ്റു ജനങ്ങളോടെല്ലാം വെറുപ്പ് പ്രദർശിപ്പിക്കുമെന്നത് തെറ്റിദ്ധാരണയല്ലാതെ മറ്റൊന്നുമല്ലെന്നും അത് ദീർഘദൃഷ്ടിയില്ലാത്ത മുസ്‌ലിം പണ്ഢിതന്മാർ വെച്ചുപുലർത്തുന്ന അജ്ഞത മാത്രമാണെന്നും, മറിച്ചു ഇസ്‌ലാം മതകാര്യങ്ങളിൽ വാളെടുത്തു യുദ്ധം ചെയ്യില്ലെന്നും സ്വരക്ഷയ്ക്കും ചെറുത്തുനിൽപ്പിന്നും, ഭീകരക്കെതിരായും സ്വാതന്ത്ര്യസംരക്ഷണത്തിന്നുവേണ്ടി വാളെടുത്തു യുദ്ധം ചെയ്യാമെന്നുമാണ് പറയുന്നതെന്നും, ചെറുത്തുനിൽപ്പിന്നുള്ള യുദ്ധത്തിന്റെ ആവശ്യകത ശത്രു മുസ്‌ലിംകളെ ആക്രമിച്ചു അപകടം വരുത്തുമെന്ന ഘട്ടം വന്നെത്തിയാൽ മാത്രമാണെന്നുമാണ്. ഈ മൂന്നു തരത്തിലുള്ള ജിഹാദ് മാത്രമേ ഇസ്‌ലാം മതനിയമം (ശരീഅത്ത്) മുഖേന മതപരമായ ആവശ്യത്തിന്ന് യുദ്ധം അനുവദിക്കുന്നുള്ളൂ. ഇക്കാര്യം വിശദീകരിച്ചുകൊണ്ട് ഞാൻ ഉർദു, പേർഷ്യൻ, അറബി എന്നീ ഭാഷകളിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജിഹാദിനെക്കുറിച്ചുള്ള ശരിയായ ധാരണ അറിയിച്ചുകൊണ്ട് ഞാൻ ഈ നാട്ടിലും, അറബിനാടുകളിലും, സിറിയ, ഖുറാസിൻ എന്നീ മറ്റു പ്രദേശങ്ങളിലും വലിയ ചെലവു ചെയ്തുകൊണ്ടുതന്നെ പ്രസിദ്ധീകരണങ്ങൾ ഇറക്കിയിട്ടുണ്ട്.

*(ശേഷം 23 -ാം പേജിൽ)*

# മുസ്‌ലിം ലോകവും രാഷ്ട്രീയ അരക്ഷിതത്വവും

എം.എ. അശ്‌റഫ്, സ്കോട്ട്ലന്റ്

**ജിഹാദ്, മനുഷ്യാവകാശം, ന്യൂനപക്ഷസമീപനം എന്നീ പ്രശ്നങ്ങൾക്ക് നേരെയുള്ള ആഗോള മുസ്‌ലിം നിലപാടുകൾ വിശകലനം ചെയ്യുന്നു.**

**('പ്രബുദ്ധമായ മിതത്വം' (Enlightened Moderation) എന്ന വിഷയത്തിൽ ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കൺട്രീസ് (OIC) 2004 മേയിൽ സംഘടിപ്പിച്ച അന്തർദേശീയ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം. )**

മുസ്‌ലിം ലോകം ഇതിന് മുമ്പൊരിക്കലുമില്ലാത്തവിധം രാഷ്ട്രീയ ഭീഷണിയും ആശയപരമായവെല്ലുവിളിയും ഉള്ളിൽ നിന്നും പുറത്തു നിന്നും അഭിമുഖീകരിക്കുകയാണ്. തീവ്രവാദികൾ അല്ലാഹുവിന്റെ പേരിൽ അവരുടെ നിരന്തരമായ നിഷ്ഠൂര ചെയ്തികൾ മൂലം അന്തർദേശീയ ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. വിശ്വാസികളുടെ മനസ്സിൽ രൂഢമൂലമായ മതവിശ്വാസങ്ങളും രാഷ്ട്രീയമായ ദുരിതങ്ങളും ചൂഷണം ചെയ്ത് ലോകത്തിന്റെ അജണ്ട അവരിഷ്ടിക്കുംവിധം നിശ്ചയിക്കുന്നതിൽ തീവ്രവാദികൾ വിജയിച്ചിരിക്കുന്നു. ഒരുപക്ഷേ അഫ്ഗാനിസ്ഥാനെ സോവിയറ്റ് അധിനിവേശ ഭീഷണിയിൽ നിന്ന് മോചിപ്പിച്ചതായും സെപ്: 11ന് അമേരിക്കയുടെ ഹൃദയത്തിലേല്പിച്ച പ്രഹരത്തോടെ സഊദി അറേബ്യയെ വമ്പിച്ച തോതിലുള്ള പാശ്ചാത്യ സൈനിക സാന്നിദ്ധ്യത്തിൽ നിന്ന് മോചിപ്പിച്ചതായും അതുപോലെ മുസ്‌ലിം ലോകത്തോട് പാശ്ചാത്യർ ചെയ്യുന്ന നിരവധി അനീതികൾക്കെതിരെ തിരിച്ചടിച്ചതായും മുസ്‌ലിം തീവ്രവാദികൾ അവകാശവാദം ഉന്നയിച്ചേക്കാം. അന്തർദ്ദേശീയ വേദികളിൽ മുസ്‌ലിംകൾക്ക് വേണ്ടിയുള്ള പ്രവർത്തന സംരംഭങ്ങൾ തീവ്രവാദികൾ ബലമായി ഏറ്റെടുത്തിരിക്കുകയാണ്. മുസ്‌ലിം രാജ്യങ്ങളിൽ അവശേഷിക്കുന്ന ഫലസ്തീൻ പ്രശ്നം, ജനാധിപത്യവിരുദ്ധമായ സർക്കാറുകൾ അഴിമതിയിലധിഷ്ഠിതവും കഴിവുകെട്ടതുമായ ഭരണകൂടങ്ങൾ എന്നീ പ്രശ്നങ്ങൾക്കെല്ലാം വിശ്വസ്തമായ ഒരു പരിഹാരം അവർക്ക് മാത്രമേ കാഴ്ചവെയ്ക്കാൻ കഴിയൂ എന്ന ധാരണയാണ് അവർ മുന്നോട്ട് വെക്കുന്നത്.

ഈ ഉഗ്രവാദികളെ മുസ്‌ലിംകൾക്കും അമുസ് ലിംകൾക്കും ഒരുപോലെ ഭീഷണിയാക്കി മാറ്റുന്ന ശക്തി അവരുടെ ഭീകരതയുടെ പ്രവർത്തനശേഷിയും ഒടുങ്ങാത്ത അത്യാർത്തിയും മാത്രമല്ല, മറിച്ച് വിശ്വാസികളെ ഉന്മത്തമാക്കുന്നതും വിനാശകരവുമായ അവരുടെ ആശയങ്ങൾ കൂടിയാണ്. പാശ്ചാത്യലോകം മുസ്‌ലിംകളെ അവരുടെ വിശ്വാസത്തേയും രാഷ്ട്രീയത്തേയും, സംസ്കാരത്തേയും ആധാരമാക്കി അവരെ വിമർശനത്തിന് ശരവ്യമാക്കുകയും ചെയ്യുന്നു. ഈ വിമർശനങ്ങളെല്ലാം ജിഹാദ്, മനുഷ്യാവകാശം ന്യൂനപക്ഷങ്ങളോടുള്ള സമീപനം എന്നിവയിൽ കേന്ദ്രിതമാണ്. എന്നാൽ പ്രസ്തുത വിഷയങ്ങളുടെ വിവക്ഷയിൽ മനസ്സാക്ഷി സ്വാതന്ത്ര്യം, യുക്തിയിലധിഷ്ഠിതമായ ദൈവശാസ്ത്രം വിജ്ഞാന സമ്പാദനം എന്നിവയിൽ ഇസ്‌ലാം സ്വീകരിക്കുന്ന സമീപനങ്ങളും ഉൾപ്പെടുന്നു. സാധാരണ മിതവാദികളായ മുസ്‌ലിംകൾ പാശ്ചാത്യരുടെ ഇത്തരത്തിലുള്ള അക്രമണങ്ങൾക്ക് മുമ്പിൽ നിസ്സഹായരാണ്. ഈ മേഖലയിലെ പാശ്ചാത്യരുടെ സംഹാരാത്മകമായ രാഷ്ട്രീയ ദുർമോഹങ്ങളെ പ്രതിരോധിക്കാനോ സ്വാധീനിക്കാനോ അവർക്ക് സാധ്യമാവുന്നില്ല. ഈ അവസ്ഥയുടെ ഏറ്റവും ദുഃഖകരമായ വശം തീവ്രവാദികൾ സംഘടിച്ച് വർദ്ധിതമായ തോ തിൽ പാശ്ചാത്യർക്കെതിരെയുള്ള വിദ്വേഷ കാഹളം മുഴക്കുമ്പോൾ ഉൽബുദ്ധരായ മിതവാദി മുസ്‌ലിംകളെ ദുഷിച്ചുനാറിയ ഉപരിവർഗ്ഗത്തിൽപ്പെട്ടവരും, ഒറ്റുകാരുമാണെന്ന് മുദ്രകുത്തപ്പെടുന്നു.

മുസ്‌ലിംകളിലെ മിതവാദികളും തീവ്രവാദികളും തമ്മിൽ, ആരാണ് ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നവർ എന്ന കാര്യത്തിൽ തർക്കത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അവർ ഇരുവരും പരസ്പരം അമുസ്‌ലിംകളാണെന്ന് ആരോപിക്കുന്നു. ഇത് വാസ്തവത്തിൽ ആശയക്കുഴപ്പമുണ്ടാക്കുന്നു. ഇസ്‌ലാം എന്താണ് എന്നതിനെ സംബന്ധിച്ച് അഥവാ മുസ്‌ലിം വ്യക്തിത്വത്തെക്കുറിച്ചും ആശയക്കുഴപ്പമാണ്. ആരാണ് ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നത് രാഷ്ട്രീയമായും മതപരവുമായും ആർക്കാണ് മതപരമായ ആധികാരികത എന്നത് സംബന്ധിച്ചും തർക്കമാണ്. ജിഹാദ്, മതമൗലികവാദം ന്യൂനപക്ഷങ്ങളോടുള്ള പെരുമാറ്റം എന്നതിനെപറ്റി ഇസ്‌ലാം എന്താണ് പറയുന്നതെന്നത് സംബന്ധിച്ചും അഭിപ്രായവ്യത്യാസങ്ങളുണ്ട്. എന്തുകൊണ്ടാണ് ഈ ആശയക്കുഴപ്പങ്ങൾ? എങ്ങനെയാണ് ഈ തർക്കങ്ങളും ദുർവ്യാഖ്യാനങ്ങളും പരിഹരിക്കുക?

## ദുർവ്യാഖ്യാനത്തിന്റെ കാരണങ്ങൾ

എല്ലാ മതസമ്പ്രദായങ്ങളിലും വെച്ച് ഇസ്‌ലാം സമഗ്രമായ ഒരു ജീവിതസംഹിതയാണെന്ന കാര്യം പൊതുവെ അറിയപ്പെടുന്നതാണ്. മനുഷ്യന്റെ എല്ലാ ആവശ്യങ്ങൾക്കും ഇസ്‌ലാമിൽ ഉത്തരമുണ്ടെന്ന് അത് അവകാശപ്പെടുന്നു. പ്രത്യക്ഷരം എല്ലാറ്റിനും ഇസ്‌ലാമിൽ ഉത്തരമുണ്ടെന്ന ഈ അവകാശവാദം ചരിത്രത്തിലുടനീളം നമുക്ക് കേൾക്കാം. സാമൂഹ്യവും രാഷ്ട്രീയവുമായുള്ള പ്രശ്നങ്ങൾക്ക് അവർ ദിവ്യഗ്രന്ഥത്തിലെ വചനങ്ങളിൽ ഉത്തരം തേടുന്നു. സമകാലീന സന്ദർഭത്തിനനുസരിച്ച് ഇസ്‌ലാമിക തത്വങ്ങളെ മനസ്സിലാക്കുന്നതും വ്യാഖ്യാനിക്കുന്നതും തടയുന്നു. പഴയകാലത്തെ താലോലിക്കുന്ന മൗലികവാദികളുടെ ആവശ്യങ്ങൾ അത്തരത്തിലുള്ള പ്രവണതകളുടെ ഫലമാണ്. ഈ പ്രവണത മൂലം ഇസ്‌ലാമിക സമൂഹത്തിൽ, ശക്തിമത്തായ സ്ഥാപനങ്ങൾ വളർന്നു വികസിക്കുന്നതിൽ പരാജയപ്പെട്ടു. ഇക്കാര്യം വേണ്ടത്പോലെ മനസ്സിലാക്കപ്പെട്ടിട്ടില്ല.

മുസ്‌ലിംകൾക്ക് ഗവൺമെന്റിനെക്കുറിച്ചും, ഭരണസമ്പ്രദായങ്ങളെപ്പറ്റിയും ആദ്യമായി പരിചിതമായത് അവർ കന്നി വിജയങ്ങൾ നേടിയ പേർഷ്യൻ റോമൻ സാമ്രാജ്യങ്ങൾ ഭരിച്ചിരുന്ന നാടുകളിൽ നിന്നാണ്. ഭരണതന്ത്രത്തേയും കോടതി നടത്തിപ്പിനെ കുറിച്ചുമുള്ള പേഴ്സ്യൻ കൈപുസ്തകങ്ങളും, രാഷ്ട്രതന്ത്രവിജ്ഞാനീയത്തെ കുറിച്ചുള്ള ഗ്രീക്കുരചനകളും ഇസ്‌ലാമിക അടിത്തറയുള്ള സമൂഹത്തിന് കൂടുതൽ നവീനമായ ആശയങ്ങൾ പ്രദാനം ചെയ്തു.(1)

രാഷ്ട്രീയ നേതാക്കന്മാരുടെ ക്ഷണികമായ ചിന്തകളുടെ ഫലമായി ഇസ്‌ലാമിക സമൂഹത്തിൽ ഈ ആശയങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥാപനങ്ങൾ പണിതുയർത്തി. ചിലപ്പോൾ ഇത്തരം സ്ഥാപനങ്ങൾ തകരുകയും അത് വ്യക്തികളുടേയും സമൂഹത്തിന്റെയും പുരോഗതിക്ക് ഭീഷണിയായി തീരുകയും ചെയ്തിട്ടുണ്ട്. കുരിശുയുദ്ധകാലം വരെയുള്ള ചരിത്രങ്ങളിൽ ഇത് കാണാവുന്നതാണ്.

അമീൻ മഅ്റൂഫ് തന്റെ The Crusades Through Arab Eyes എന്ന ഗ്രന്ഥത്തിൽ മദ്ധ്യകാലഘട്ടത്തിൽ സാമൂഹിക സ്ഥാപനങ്ങളുടെ അസ്ഥിരത മൂലം ആളുകളുടെ സിവിൽ അവകാശങ്ങൾക്ക് അത് ഭീഷണിയായി മാറിയ കാര്യം ചൂണ്ടിക്കാട്ടുന്നു. ഇബ്നു ജൂബൈറിന്റെ ഒരു സാക്ഷ്യം മുഖേന അദ്ദേഹം ഈ വസ്തുത തന്റെ പുസ്തകത്തിൽ ചിത്രീകരിക്കുന്നുണ്ട്. കുരിശുയുദ്ധകാലത്ത് ഫ്രഞ്ച് ഭരണത്തിനു കീഴിലെ മദ്ധ്യപൗരസ്ത്യ ദേശത്തുകൂടി ഇബ്നു സുബൈർ സന്ദർശനം നടത്തിയപ്പോൾ അവിടുത്തെ മുസ്‌ലിംകളുടെ നിയമപരമായ ശക്തമായ സ്ഥാനം നിരീക്ഷിക്കുന്നത് ഇപ്രകാരമാണ്; 'ഇവിടുത്തെ ആളുകളിൽ വലിയൊരു വിഭാഗത്തിന്റെ ഹൃദയത്തിൽ മുസ്‌ലിം പ്രദേശങ്ങളിൽ വസിക്കുന്ന അവരുടെ സഹോദരന്മാരുമായി താരതമ്യം ചെയ്യുമ്പോൾ സംശയങ്ങൾ ഉടലെടുക്കുന്നു. തീർച്ചയായും ഫ്രാഞ്ചുകൾ നീതിപൂർവ്വം പ്രവർത്തിക്കുന്ന സ്ഥലത്തുവെച്ചുതന്നെ മുസ്‌ലിംകൾ അവരുടെ സഹമതക്കാരിൽ നിന്നും അനീതി അനുഭവിക്കുന്ന, അറബികൾ വസിക്കുന്ന കിഴക്ക് ഭാഗത്ത് നിയമനടപടികൾ കൂടുതൽ യുക്തിസഹമാണ്. എന്നാൽ രാജാവിന്റെ അധികാരം അപരിമിതമാണ്. ഇതിന്റെ ഫലമായി കച്ചവട നഗരങ്ങളുടെ വികസനവും അതുപോലെ ആശയങ്ങളുടെ വികാസപരിണാമങ്ങളും മുരടിച്ചുപോയിരിക്കുന്നു'.(2)

ഉൽബുദ്ധരായ ചില മുസ്‌ലിം പണ്ഡിതന്മാർ എങ്ങനെയോ ധരിച്ചുവെച്ചിരിക്കുന്നത് അവശ്യമായ വിശദാംശങ്ങൾ ഒന്നുമില്ലാതെ ഖുർആൻ ജീവിതത്തിന് ഒരു ഭരണഘടന നിർദ്ദേശിച്ചിരിക്കുന്നു എന്നാണ്. അങ്ങിനെയാണെങ്കിൽ ജീവിതത്തിന്റെ ചട്ടക്കൂട് വളരെ ഇടുങ്ങിയതും, പിൻതിരിപ്പനും ദുർവ്വഹവുമായിത്തീരുമായിരുന്നു. ഖുർആൻ പറുയുന്നു:

'വിശ്വസിച്ചവരേ, നിങ്ങൾക്കും വെളിപ്പെടുത്തപ്പെട്ടാൽ വിഷമകരമായേക്കാവുന്ന കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾ ചോദിക്കരുത്. ഖുർആൻ ഇറക്കപ്പെടുന്ന അവസരത്തിൽ അവയെ ക്കുറിച്ച് നിങ്ങൾ ചോദിക്കുന്നതാകയാൽ നിങ്ങൾക്ക് അവ വെളിപ്പെടുന്നതാണ്. അല്ലാഹു അവയെ വിട്ടിരിക്കുകയാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു. നിങ്ങൾക്കു മുമ്പ് ഒരു ജനത അത്തരം കാര്യങ്ങളെക്കുറിച്ച് ചോദിച്ചിട്ടുണ്ടായിരുന്നു. പക്ഷേ പിന്നെ അവർക്ക് (ഉത്തരം കിട്ടിയപ്പോൾ) അവയെ നിഷേധിക്കുന്നവരായിത്തീർന്നു. (5:102–103)

വെളിപാടുകളിലോ ഹദീസിലോ വിട്ടുകളഞ്ഞ കാര്യങ്ങൾ യുക്തിയിലൂടെയും, വിജ്ഞാനം, ജ്ഞാനം എന്നിവയിലൂടെയും സാദ്ധ്യമാവുന്നിടത്തോളം പരസ്പര ചർച്ചയിലൂടെയും പൂരിപ്പിക്കേണ്ടതാണ്. (സൂറ: 42. വചനം 39). ആ പ്രക്രിയ എപ്പോഴും ന്യായം (മഅ്റൂഫ്) ലക്ഷ്യം വെക്കുന്നതായിരിക്കണം. അന്യായം (മുൻകർ) ഒഴിവാക്കു

ന്നതുമായിരിക്കണം. തിർമിദി ഉദ്ധരിച്ച ലളിതമായ ഒരു ഹദീസിൽ നിന്നും ഇക്കാര്യം വ്യക്തമാകും. ഇസ്‌ലാമിന്റെ പ്രവാചകൻ (സ) ഒരിക്കൽ യമനിലേക്ക് നിയമിക്കപ്പെട്ട ഖാസിയോട് ചോദിച്ചു: 'താങ്കൾ ഒരു തീരുമാനമെടുക്കുകയാണെങ്കിൽ ഏത് നിയമമാണ് താങ്കൾ അവലംബിക്കുക? ഖാദി മറുപടി പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ നിയമമായിരിക്കും പിന്തുടരുക' എന്നാൽ അതിന്റെ ഉത്തരം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ കണ്ടില്ലെങ്കിലോ? തിരുനബി(സ) ചോദിച്ചു. 'ഞാനത് പ്രവാചകന്റെ നടപടിക്രമങ്ങളിലുണ്ടോ എന്ന് നോക്കും'. അവിടെയും നീ അതിന്നുള്ള ഉത്തരം കണ്ടില്ലെങ്കിലോ? 'ഞാൻ എന്റെ വിവേചനബോധമനുസരിച്ച് തീർപ്പ് കല്പി ക്കും' – 'അതാണ് ശരിയായ മാർഗ്ഗം' റസൂൽ തിരുമേനി(സ) പ്രതിവചിച്ചു.'

പ്രബുദ്ധമായ ഈ ഖുർആന്റേയും തിരുനബി(സ)യുടെയും അദ്ധ്യാപനങ്ങൾ മതലോകത്തെ നിയമശാസ്ത്രത്തിൽ അന്നുവരെ അറിയപ്പെട്ടതിൽ വെച്ചേറ്റവും സമഗ്രവും വൈവിധ്യാത്മകവുമായ ധൈഷണിക പ്രവർത്തനങ്ങളിലേക്ക് നയിച്ചു. നിയമശാസ്ത്രത്തിന്റെ ഈ വികാസത്തിന്റെ സ്വാധീനം ഇസ്‌ലാമിനെ യാതൊരുവിധത്തിലും പരിമിതപ്പെടുത്തിയില്ല. പ്രശസ്തനായ ഒരു അന്തർദേശീയ നിയമജ്ഞൻ സി. വിൽഫ്രഡ് ഡെൻകിൽ പറഞ്ഞതുപോലെ 'ഇസ്‌ലാമായിരുന്നു അന്തർദേശീയ നിയമങ്ങളെ വളർത്തിക്കൊണ്ട് വന്നത്.' എന്നാൽ പിൽക്കാലത്ത് ഇസ്‌ലാമിക സമൂഹത്തേയും മൂല്യങ്ങളേയും രൂപപ്പെടുത്തിയ രണ്ടുവിധത്തിലുള്ള പാർശ്വഫലങ്ങൾ ഇത് മൂലമുണ്ടായി. ഒന്നാമതായി ഇസ്‌ലാമികനിയമജ്ഞന്മാർ സമൂഹം അഭിമുഖീകരിക്കുന്ന പ്രായോഗികവും അടിയന്തിരവുമായ പ്രശ്നങ്ങൾ വിട്ടു അവർ സ്വയംകൃതമായ അക്കാദമീയവും ധൈഷണികവുമായ വ്യാപാരങ്ങളിൽ ഏറെ മുഴുകി. സൈദ്ധാന്തികവും സാങ്കല്പികവുമായ പ്രശ്നങ്ങളിൽ അവർ അഭിരമിക്കുകയും ഭാവിതലമുറക്ക് വേണ്ടി പോലും അഭിപ്രായങ്ങൾ രൂപീകരിച്ച് അടിച്ചേൽപ്പിക്കുകയുമുണ്ടായി. പിൽക്കാല തലമുറയിലെ പണ്ഡിതന്മാർക്ക് അവരുടെ പ്രതിഭാശേഷി വിനിയോഗിക്കേണ്ട രംഗങ്ങൾ തുലോം പരിമിതമായിരുന്നു. ചിലർക്ക് വിശ്വാസ കാര്യങ്ങൾ നിയമം എന്നിവയെപറ്റി തികച്ചും അസംബന്ധജഡിലവും അതിശയോക്തിപരവുമായ കാര്യങ്ങളിൽ സിദ്ധാന്തങ്ങൾ ആവിഷ്കരിക്കാനായിരുന്നു താൽപര്യം. നിയമശാസ്ത്രങ്ങം ഇത്തരം വിഷയങ്ങൾക്ക് ഊന്നൽ നൽകിയതിന്റെ ഫലമായി സൈദ്ധാന്തിക മേഖലയിൽ നിന്ന് അത് ക്രമേണ ഒറ്റപ്പെടുകുയം ജനകീയ സ്ഥാപനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭ്യമാകാതെ വരികയും ചെയ്തു. രണ്ടാമതായി നിയമശാസ്ത്രത്തിൽ ഇത്തരത്തിലുള്ള അമിതമായ ഊന്നൽ ക്രമേണ വിജ്ഞാനാർജനത്തിൽ നിന്നും നിയമശാസ്ത്രവിജ്ഞാനികളെ ഒറ്റപ്പെടുത്തുകയും സുസ്ഥിരമായ ജനകീയ സ്ഥാപനങ്ങൾക്ക് നിയമശാസ്ത്രം കൊണ്ട് യാതൊരു ഫലവുമില്ലാതെ വരുകയും ചെയ്തു.

'കുരിശ് യുദ്ധങ്ങളുടെ കാലഘട്ടങ്ങളിലുടനീളം പാശ്ചാത്യരിൽ നിന്നുള്ള ആശയങ്ങൾ സ്വീകരിക്കാൻ അറബികൾ അവരുടെ സമൂഹവാതിലുകൾ തുറന്നിട്ടിരുന്നില്ല. ഇതായിരുന്നു അവർ ബലിയാടാക്കപ്പെട്ട അക്രമണങ്ങളിൽ സംഭവിക്കാൻ സാധ്യതയുള്ള ഏറ്റവും അപകടകരമായ കാര്യം.' (3)

ഇസ്‌ലാമിക രാജ്യത്ത് നിലനിൽക്കുന്ന ഈ പ്രവണത ബാഹ്യലോകത്ത് നിന്നുള്ള വൈജ്ഞാനിക സ്വാംശീകരണത്തെ ഇല്ലാതാക്കുന്നു. അത് ഇന്നും തുടരുകയാണ്. ഐക്യരാഷ്ട്രസഭ ഏർപ്പെടുത്തിയ ഒരു കമ്മീഷൻ റിപ്പോർട്ടിൽ അറബ് ബുദ്ധിജീവികളുടെ അഭിപ്രായം ഇങ്ങിനെയാണ്.

'അറബ് ലോകം വർഷത്തിൽ അറബിഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നത് 330 പുസ്തകങ്ങൾ മാത്രമാണ്. ഗ്രീസ് അവരുടെ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിന്റെ അഞ്ചിൽ ഒന്ന് മാത്രമാണിത്. ഖലീഫാ മാമൂന്റെ കാലം (9ാം നൂറ്റാണ്ട്) മുതൽ ഇത് വരെയുണ്ടായ അറബ് വിവർത്തനങ്ങൾ 1 ലക്ഷം മാത്രമാണ്. ഇത് സ്പെയിൻ ഒരു വർഷം നടത്തുന്ന പരിഭാഷകൾക്ക് തുല്യമാണ്.' (4)

വൈജ്ഞാനിക കാര്യങ്ങളിലുള്ള ഈ താല്പര്യക്കുറവിന്റെ ഞെട്ടിക്കുന്ന കാരണങ്ങൾ എന്തുമാകട്ടെ അവർ വിജ്ഞാനാർജ്ജനത്തിനുള്ള ഇസ്‌ലാമികാദ്ധ്യാപനങ്ങൾ എന്താണെന്ന് പഠിക്കുന്നത് ഇഷ്ടപ്പെട്ടില്ല. ഇസ്‌ലാമിക ചരിത്രത്തെ സംബന്ധിച്ച് ഉപരിപ്ലവമായ വിവരമെങ്കിലുമുള്ള ഒരാൾക്ക് വിജ്ഞാനങ്ങളോടുള്ള ഈ വിപ്രതിപത്തി ഈ അടുത്തകാലത്തുണ്ടായ പ്രതിഭാസം മാത്രമാണെന്ന് കണ്ടെത്താനാവും. വിജ്ഞാനം ആർജിക്കുന്നത് സംബന്ധിച്ച ഇസ്‌ലാം മതത്തിന്റെ അദ്ധ്യാപനങ്ങളെ സംബന്ധിച്ച് നോബൽ സമ്മാനം ലഭിച്ച ചുരുക്കം ചില മുസ്‌ലിംകളിൽ ഒരാളായ പ്രൊഫ. അബ്ദുസ്സലാമിന്റെ ഒരു പ്രബന്ധത്തിൽ നിന്നും ഉദ്ധരിക്കാം.

'ഡമാസ്കസ് യൂണിവേഴ്സിറ്റിയിലെ ഡോ. അയ്ജാസുൽ ഖാത്തിബ് പറയുന്നത് ശാസ്ത്രപഠനത്തിന് ഖുർആൻ കൊടുത്ത പ്രാധാന്യം മറ്റൊന്നിനും നൽകിയിട്ടില്ല എന്നാണ്. മാത്രമല്ല നിയമപരമായ കാര്യങ്ങൾക്ക് വേണ്ടി 250 വചനങ്ങൾ മാത്രമാണ്. വിശുദ്ധ ഖുർആനിലുള്ളതെങ്കിൽ പ്രകൃതിയെ സംബന്ധിച്ച് പഠിക്കാനും ഏറ്റവും ഉത്തമമായ രീതിയിൽ ബുദ്ധിശക്തി ഉപയോഗിച്ചുകൊണ്ട് ശാസ്ത്രീയ സംരംഭങ്ങൾ സമൂഹജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാക്കി മാറ്റാനുമുള്ള ആഹ്വാനങ്ങൾക്കൊണ്ട് നിറഞ്ഞ 750 വചനങ്ങളാണ് ഖുർആനിലുള്ളത്. ഇതാകട്ടെ ഖുർആന്റെ എട്ടിൽ ഒരു ഭാഗം വരും. ഇസ്‌ലാമിന്റെ തിരുദൂതർ (സ) 'വിജ്ഞാനാർജ്ജനം മുസ്‌ലിം സ്ത്രീപുരുഷന്മാരുടെ നിർബന്ധ കർത്തവ്യമാണ്' എന്നും അരുളുകയുണ്ടായി. (5)

അറബികൾ പരദേശികളായവരിൽ നിന്നും പഠിക്കാൻ വിമുഖത കാണിച്ചതിന് കാരണം സാംസ്കാരികമായും ഭൗതികമായും ധാർമ്മികമായും കുരിശുയുദ്ധക്കാരിൽ കണ്ട അധമത്വമായിരു

ന്നു. യുദ്ധഭൂമിയിൽ ധൈര്യവും ശക്തിയും കാണിച്ചത് മാത്രമേ അവരുടെ ഗുണമായിട്ടുണ്ടായിരുന്നുള്ളൂ എന്ന് അവർ കരുതി. മുസ്‌ലിം സമൂഹങ്ങളിൽ സാംസ്കാരികമായ ഒരുവിധത്തിലുള്ള മിഥ്യാഭിമാനം ഉണ്ടായിരുന്നു. അത് ഇപ്പോഴും തുടരുന്നത് കാണാം ഉസാമാ ഇബ്നു മുൻഖിദ് എഴുതുന്നു:

'ഫ്രാങ്കുകളെ സംബന്ധിച്ച് അവർക്കറിയാമായിരുന്നു. ധീരത, യുദ്ധം ചെയ്യാനുള്ള കഴിവ്, കഠിനത ഇവ ഒഴിച്ച് മറ്റു യാതൊരു ഗുണങ്ങളുമില്ലാത്ത മൃഗങ്ങളെ പോലെയാണ് കുരിശുയുദ്ധക്കാരായ ഫ്രാങ്കുകളെ അവർ കണ്ടത്. മൃഗങ്ങൾ അക്രമത്തിലും ശക്തിയിലും മനുഷ്യനേക്കാൾ മുമ്പനാണല്ലോ. (6)

കുരിശുയുദ്ധകാലത്തും അതിനു ശേഷവുമുള്ള നൂറ്റാണ്ടുകളിലും ഉൽബുദ്ധരായ മിതവാദികളും പിന്തിരിപ്പൻ തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന മതമൗലികവാദികളും തമ്മിൽ സജീവമായ ഒരു സംഘർഷം നിലനിന്നിരുന്നു. ദൈവശാസ്ത്രപരമായ പ്രവണതയേക്കാൾ കൂടുതലായി രാഷ്ട്രീയ നേതൃത്വമാണ് ഈ സംഘർഷങ്ങളുടെ ഗതിവ്യതിയാനങ്ങളെ സ്വാധീനിച്ചത്. ഒരു ഉൽബുദ്ധനായ രാഷ്ട്രീയനേതാവിന് ചിലപ്പോൾ മിതവാദത്തിലധിഷ്ഠിതവും പുരോഗമനാത്മകവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കാനാവും. സ്വേച്ഛാധിപതികളാകട്ടെ പുരോഗതിയെ തടയുന്നു.

അടുത്തകാലം വരെ മുസ്‌ലിം ലോകത്ത് മിതവാദപരമായ ആശയങ്ങളുടെ പ്രവണതയായിരുന്നു ഉണ്ടായിരുന്നത്. അന്യമതവിശ്വാസങ്ങളിലുള്ള ആളുകളെ സ്വീകരിക്കുകയും പുതിയ ആശയങ്ങൾ സ്വാംശീകരിക്കുകയും ചെയ്തിരുന്നു. 1602ൽ വെലേനിക്കയിലെ ആർച്ച് ബിഷപ്പ് മുസ്‌ലിംകളെ പുറത്താക്കാൻ ഫിലിപ്പ് മൂന്നാമന് കൊടുത്ത കാരണങ്ങളിലൊന്ന് ഇപ്രകാരമായിരുന്നു.

'മതകാര്യങ്ങളിൽ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യമല്ലാതെ അവരെ മറ്റൊന്നും സ്വാധീനിക്കുന്നില്ല. തുർക്കികളും മറ്റെല്ലാ മുഹമ്മദീയനും ഈ സ്വാതന്ത്ര്യമാണ് അനുഭവിക്കുന്നത്'. (7)

ഇസ്‌ലാമികസമൂഹങ്ങൾ പാശ്ചാത്യനാടുകൾക്ക് തങ്ങളുടെ രാഷ്ട്രീയ ശക്തികൾ ഒന്നൊന്നായി അടിയറവ് വെക്കാൻ ആരംഭിച്ചപ്പോഴും മുസ്‌ലിംകൾ മനുഷ്യാവകാശങ്ങളെ ബഹുമാനിച്ചിരുന്നു. അമുസ്‌ലിം ന്യൂനപക്ഷങ്ങളോട് വളരെ മാന്യമായി പെരുമാറിയിരുന്നു. വലിയൊരളവോളം വിപ്ലവവും സായുധകലാപവും ഒഴിവാക്കിയിരുന്നു.

മുസ്‌ലിം സമൂഹങ്ങളിൽ മനുഷ്യാവകാശങ്ങൾക്ക് വ്യവസ്ഥാപിതമായ ശിഥിലീകരണം സംഭവിച്ചത് കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ്. അറബിനാടുകളിൽ പാരമ്പര്യത്തിൽ നിന്നും വിഭിന്നമായി ദേശീയ ഭരണകൂടങ്ങളും കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളും നിലവിൽ വന്നതിന് ശേഷമാണ് ഈ അപജയം ആരംഭിച്ചത്.

ചരിത്രപരമായി നോക്കുമ്പോൾ ഇസ്‌ലാമിക സമൂഹങ്ങൾക്ക് സഹിഷ്ണുതയുടേയും നീതിയുടേയും ഒരു പാരമ്പര്യമുണ്ടായിരുന്നു. പക്ഷേ ഇടക്കിടക്ക് അതിന് ഭംഗം നേരിട്ടുകൊണ്ടിരുന്നു. ശക്തമായ രാഷ്ട്രീയസ്ഥാപനങ്ങൾ സ്ഥാപിക്കാനും മറ്റുള്ളവരിൽ നിന്ന് ആശയങ്ങൾ സ്വീകരിക്കാനും അവർ പരാജയപ്പെട്ടു. രാഷ്ട്രഘടനയിലുള്ള ദൗർബല്യങ്ങളും വിജ്ഞാനം ശരിയായ വിധത്തിൽ ആർജിക്കാനും അത് ഉപയോഗിക്കാനുമുള്ള കഴിവുകേടും മുസ്‌ലിം സമൂഹത്തിൽ ഒരു വിള്ളലുണ്ടാക്കി. ഭരണീയരും ഭരിക്കുവാൻ ആഗ്രഹിക്കുന്നവരും തമ്മിലും, ഉൽബുദ്ധരായ മിതവാദികളും അതല്ലാത്തവരും തമ്മിലായിരുന്നു ഈ വിടവ്. ഈയടുത്തകാലത്ത് മുസ്‌ലിം ഭരണകൂടങ്ങൾ തീവ്രവാദികളെ കൈകാര്യം ചെയ്യുന്ന രീതി വ്യക്തിസ്വാതന്ത്ര്യത്തെ ഒരുപാട് ദുരുപയോഗം ചെയ്യുന്നതിലേക്ക് നയിക്കുന്നുണ്ട്. അതേസമയം തന്നെ ഒരുവശത്ത് തീവ്രവാദികളുടെ ജിഹാദ് വിളികളും വർദ്ധിച്ചു വരുന്നു.

## സ്വാതന്ത്ര്യം, രാഷ്ട്രീയം, ദൈവശാസ്ത്രം

ഇന്ന് ഇസ്‌ലാമികലോകത്ത് സംവാദങ്ങളിലേർപ്പെട്ട രണ്ട് സമാന്തരങ്ങളുണ്ട്. മുസ്‌ലിമിന്റെ ജീവിത മുഴുവനും വിശുദ്ധ ഗ്രന്ഥത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. അത് മനസ്സിലാക്കാൻ യുക്തിയുടെയോ ജ്ഞാനത്തിന്റെയോ ആവശ്യമില്ല എന്നു പറയുന്ന കൂട്ടരും, ശരീഅത്ത് വിമർശനാത്മകമായും യുക്തിപരമായ ചർച്ചയിലൂടെയും മാത്രമേ പ്രയോഗിക്കാനാവൂ എന്ന് കരുതുന്നവരും തമ്മിലാണ് ആദ്യത്തെ സംവാദം. രണ്ടാമത്തെ സംവാദം, ഇസ്‌ലാമിൽ രാഷ്ട്രീയത്തിനുള്ള സ്ഥാനത്തെ സംബന്ധിച്ചാണ്. അതായത് ഒരു കൂട്ടർ വിശ്വസിക്കുന്നത് ഇസ്‌ലാമിക രാഷ്ട്രത്തിൽ മാത്രമേ ഇസ്‌ലാമിന് നിലനിൽക്കാൻ കഴിയൂ എന്നാണ്. ഇതിനെ എതിർക്കുന്നവരുടെ അഭിപ്രായപ്രകാരം ഇന്ന് കാണുന്ന എല്ലാ കുഴപ്പങ്ങൾക്കും കാരണം ഇസ്‌ലാമിനെ രാഷ്ട്രീയവുമായി കൂട്ടിക്കുഴക്കുന്നത് കൊണ്ടാണ് എന്നാണ്. തൂണീഷ്യൻ പണ്ഡിതനായ മുഹമ്മദ് തൽബി രണ്ട് സംവാദങ്ങളേയും യോജിപ്പിച്ചുകൊണ്ട് പറയുന്നത്: 'തിരഞ്ഞെടുപ്പിനുള്ള അവകാശമില്ലെങ്കിൽ വിശ്വാസത്തിന് യാതൊരു പ്രസക്തിയുമില്ല. മുസ്‌ലിം സമുദായത്തെ വലയം ചെയ്തുനിൽക്കുന്ന സാമൂഹ്യ- രാഷ്ട്രീയ വ്യവസ്ഥിതിയിലെ പ്രശ്നങ്ങളോടാണ് ദൈവശാസ്ത്രപരമായ പ്രശ്നങ്ങളേക്കാൾ കൂടുതലായി ഇസ്‌ലാമിക പരിഷ്ക്കരണങ്ങൾക്ക് പ്രതികരിക്കാനുള്ളത്. ഇസ്‌ലാമിനെ രാഷ്ട്രീയമായി ഉപയോഗിക്കുന്നത് മൂലം മുസ്‌ലിംകൾ ദുരിതങ്ങൾ സഹിക്കേണ്ടിയും വരുന്നു.' (8). തൽബിയുടെ നിഗമനങ്ങളോടു ഒരാൾ വിയോജിച്ചാലും ഇല്ലെങ്കിലും ദൈവശാസ്ത്രപരമായ വ്യാഖ്യാനങ്ങൾ ഇസ്‌ലാമിലെ രാഷ്ട്രീയ ഇടപെടലുകൾ എന്നിവ വ്യക്തിസ്വാതന്ത്ര്യവുമായി അദ്ദേഹം വളരെ ഭംഗിയായി ബന്ധപ്പെടുത്തിയിരിക്കുന്നു.

ഈ ചർച്ച ഒരു ജോഡി പ്രമേയങ്ങളുമായി ബന്ധപ്പെട്ടതാണ്. അതിൽ ഒന്നാമത്തേത് മുസ്‌ലിം വ്യക്തിത്വത്തിന്റേതാണ്. ആരാണ് മുസ്‌ലിം ആരാണ് അവിശ്വാസി (കാഫിർ)? മുസ്‌ലിമും കാഫിറും തമ്മിലുള്ള വ്യത്യാസം

എന്താണ്? എന്നതാണ് അവ. രണ്ടാമത്തേ പ്രമേയം ആദ്യത്തേതുമായി ബന്ധപ്പെട്ടതും അധികാരസ്ഥരെപ്പറ്റിയുള്ളതുമാണ്. ആർക്കാണ് രാഷ്ട്രീയ നേതൃത്വം നൽകാനുള്ള അധികാരം? ആർക്കാണ് മതത്തെ നിർവ്വചിക്കാനുള്ള അധികാരം?

കഴിഞ്ഞ നാല് ദശാബ്ദങ്ങളായി ഈ വിഷയം വിരോധാഭാസകരമായ ഒരു നാടകം പോലെ അരങ്ങേറുന്നു. ഇസ്ലാമിസ്റ്റുകൾ മുസ്ലിം എന്നതിന് വളരെ സങ്കുചിതമായ നിർവ്വചനമാണ് നൽകിവരുന്നത്. ഒരു ഇസ്ലാമിസ്റ്റിന്റെ നിർവ്വചനപ്രകാരം അയാളുടെ പ്രത്യേകമായ ആശയവുമായി യോജിക്കുന്നയാളാണ് മുസ്ലിം. ഇസ്ലാമിസ്റ്റുകളുടെ രാഷ്ട്രീയപാർട്ടികൾ മറ്റുകക്ഷികളിൽപ്പെട്ട ആളുകളെ മതത്തിൽ നിന്നും ബഹിഷ്കൃതരാക്കുന്നു. പ്രത്യേകിച്ച് അവരെ എതിർക്കുന്ന മറ്റുവിഭാഗങ്ങളെ മതത്തിൽ നിന്നും പുറത്താക്കുന്നു. 'സഹിഷ്ണുതയും, ബലപ്രയോഗവും ഇസ്ലാമിൽ' (Tolerance and Coercion in Islam) എന്ന ഗ്രന്ഥത്തിൽ യോഹാൻ ഫ്രീഡ്മാൻ മുസ്ലിം സമൂഹങ്ങളും ഭരണകൂടങ്ങളും ബഹായികളോടും അഹ്മദികളോടും കാട്ടുന്ന പീഡനങ്ങൾ അസഹിഷ്ണുതയുടേയും ബലപ്രയോഗത്തിന്റേയും ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നു. ഈ സംഗതികളിൽ മുസ്ലിം തീവ്രവാദികൾ അവരെ പീഡിപ്പിക്കാൻ ആവശ്യപ്പെടുകയും ഭരണകൂടങ്ങൾ അത് നിർവ്വഹിക്കുകയും ചെയ്യുന്നു. ഇസ്ലാമുമായുള്ള ബന്ധം വിഛേദിക്കാൻ ബഹായികൾക്ക് നേരെ ബലം പ്രയോഗിക്കുകയുമുണ്ടായി. 1974ൽ പാകിസ്താനിലെ സുൽഫിക്കർ അലി ഭൂട്ടോ അഹ്മദികളെ ഇസ്ലാം മതത്തിൽ നിന്ന് പുറത്താക്കുകയും ചെയ്തു. സാമ്പത്തികവും രാഷ്ട്രീയവുമായ പ്രതിസന്ധി നേരിട്ടപ്പോൾ ഉലമാക്കന്മാരുടെ പിന്തുണക്ക് വേണ്ടിയാണ് ഭൂട്ടോ അങ്ങിനെ ചെയ്തത്.

ഇസ്ലാമിലെ തീവ്രവാദികളെ സെക്കുലർ മുസ്ലിം രാഷ്ട്രീയനേതാക്കന്മാർ ചൂഷണം ചെയ്യുന്നതിന്റെ ഉദാഹരണമാണിത്. ഇത് ആ രാജ്യവും നേതാക്കന്മാരും അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധിയുമായി ബന്ധപ്പെട്ട കാര്യമാണ്. ഭൂട്ടോയെ വധിച്ചതിന് ശേഷമാണ് ജമാഅത്തെ ഇസ്ലാമി ശക്തമായി പിന്തുണച്ച ജനറൽ സിയാഉൽഹഖ് അധികാരത്തിൽ വന്നത്. അമേരിക്കൻ ഭരണകൂടത്തിന് ലഭിച്ച ഒരുറിപ്പോർട്ട് പ്രകാരം ഭൂട്ടോ അഹ്മദികൾക്കെതിരായി നീങ്ങിയത് പാക്കിസ്ഥാനിൽ തീവ്രവാദം കടന്നുവന്നിട്ടുണ്ട് എന്നതിന്റെ സൂചനയാണെന്ന് പറയുന്നു (9).

ജനറൽ സിയ അജ്ഞാതനായ അക്രമിയാൽ കൊല്ലപ്പെട്ടു. എന്നാൽ ഈ മേഖലയിലെ തീവ്രവാദികളുടെ അക്രമണങ്ങൾക്ക് സിയ പിന്തുണ നൽകുന്നതിന് മുമ്പേ തന്നെ അദ്ദേഹം കൊല്ലപ്പെട്ടു. ഈയൊരു രാഷ്ട്രീയസമവാക്യം തന്നെയാണ് അൻവർ സാദത്ത് ഈജിപ്തിലും ആവർത്തിച്ചത്. മുസ്ലിം ബ്രദർഹുഡിനെ തന്റെ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ ഉപയോഗിച്ചു. എന്നാൽ അദ്ദേഹത്തിന് അതിന്റെ പരമാവധി വില കൊടുക്കേണ്ടി വന്നു. ഇസ്രായേലുമായുണ്ടാക്കിയ സമാധാനക്കരാറിനെ ചൊല്ലി അദ്ദേഹത്തെ തീവ്രവാദികൾ വധിച്ചുകളഞ്ഞു. ഇതിനിടയിൽ തീവ്രവാദികൾക്ക് സാദത്ത് നൽകിയ പിന്തുണ അവരുടെ കരങ്ങൾക്ക് ശക്തികൂട്ടി. തുടർന്ന് ഈജിപ്തിലും ആ മേഖലയിലെ രാഷ്ട്രീയത്തിലും അവരുടെ സ്വാധീനം ഗണ്യമായി വർദ്ധിച്ചു. ഈയടുത്തകാലത്ത് ഉസാമാ ബിൻ ലാദനും അദ്ദേഹത്തിന്റെ അൽഖ്വായിദക്കും സഊദി അറേബ്യയുടേയും ഗൾഫ് നാടുകളുടേയും അനുഗ്രഹാശിസ്സുകൾ ഉണ്ടായിരുന്നു. എന്നാൽ ഈ ഭരണകൂടങ്ങൾ കാഫിറുകളും, അനിസ്ലാമികവുമാണെന്ന് ഈ തീവ്രവാദികൾ ഇപ്പോൾ മുദ്രകുത്തിക്കഴിഞ്ഞു.

അതുകൊണ്ട് ജിഹാദിനെ സംബന്ധിച്ചും രാഷ്ട്രീയത്തിൽ ഇസ്ലാമിനുള്ള സ്ഥാനത്തെ സംബന്ധിച്ചുമുള്ള ചർച്ചയിൽ മുസ്ലിം ആരാണെന്നും കാഫിർ ആരാണെന്നുമുള്ള ചർച്ച അതിപ്രധാനമാണ്. മുസ്ലിം രാജ്യങ്ങളിലെ ഭരണാധികാരികൾ മിതവാദികളും പ്രബുദ്ധരുമായ മുസ്ലിംകളാണെന്ന് സ്വയം തന്നെ വെളിപ്പെടുത്തുന്നു. പിന്നീട് മുസ്ലിമിന്റെ നിർവ്വചന പ്രശ്നം വരുമ്പോൾ തീവ്രവാദികൾക്ക് മുമ്പിൽ അവർ കീഴടങ്ങുകയും നിരുത്തരവാദിത്വപരമായി പെരുമാറുകയും ചെയ്യുന്നു. അങ്ങനെ ചെയ്യുന്നത് മുഖേന മുസ്ലിം ഭരണാധികാരികൾ തീവ്രവാദികൾക്ക് അവർ അർഹിക്കുന്നതിനേക്കാൾ കൂടുതൽ വിശ്വാസ്യത നേടിക്കൊടുക്കുന്നു. അതിന് പകരമായി ദൈവശാസ്ത്രപരമായ ഒരു കുരുക്ക് അവർ ആ രാഷ്ട്രതലവന്മാരുടെ കഴുത്തിൽ സമ്മാനിക്കുകയും ചെയ്യുന്നു.

തീവ്രവാദികൾ മുസ്ലിമിന് കൂടുതൽ സങ്കുചിതവും വിഭാഗീയവുമായ നിർവ്വചനങ്ങൾ നൽകുമ്പോൾ അത് രാഷ്ട്രീയമായും മതപരമായും അധികാരികളെ ചോദ്യം ചെയ്യാൻ തീവ്രവാദികൾക്ക് കൂടുതൽ അധികാരവും അവകാശം നൽകപ്പെടുകയാണ് ചെയ്യുന്നത്. അവർ സ്വയം തന്നെ മിതവാദികളായ മുസ്ലിം കളുമായുള്ള ബന്ധം വിഛേദിക്കുന്നു. അവരെ സംബന്ധിച്ചേടത്തോളം ഇസ്ലാമിനെ വ്യാഖ്യാനിക്കാനുള്ള അധികാരം വിശ്വാസികളുടെ യഥാർത്ഥ നേതാവിനു (അമീറുൽ മുഅ്മിനീൻ) മാത്രമേ ഉള്ളു. അവരുടെ നിർവ്വചനപ്രകാരം ബഹുഭൂരിപക്ഷം മുസ്ലിംകളും യഥാർത്ഥത്തിലുള്ള മുസ് ലിംകളല്ല. ഭൗതികകാര്യങ്ങളിലാകട്ടെ ആത്മീയ കാര്യങ്ങളിലാകട്ടെ അവരിൽപ്പെട്ടവർ ഒരു നേതാവിന്റെ സ്ഥാനം വഹിക്കാൻ അർഹരല്ല. തീവ്രവാദികൾ വ്യക്തിപ്രഭാവമുള്ള ചില ആളുകളിൽ സമാരാധ്യനായ അവരുടെ നേതാവിനെ കണ്ടെത്തുന്നു. അയാളാവട്ടെ ഇസ്ലാമിന്റെ സംഹാരാത്മകമായ ആദർശത്തിൽ അനുരക്തനായ വ്യക്തിയായിരിക്കും. അയാൾ അവർക്ക് വിമോചനവും, സ്വർഗ്ഗവും, രാഷ്ട്രീയ ഉട്ടോപ്യയും വാഗ്ദാനം ചെയ്യുന്നു. അവർ ഇസ്ലാമികലോകത്തെ നിരവധി ഗ്രൂപ്പുകളുമായി ആദർശങ്ങൾ പങ്കുവെച്ചും സഹക

*(ശേഷം 15 -ാം പേജിൽ)*

# ഇമാം മഹ്ദിയുടെ വ്യക്തിത്വം: സങ്കല്പവും യാഥാർത്ഥ്യവും

## 1995 ഒക്ടോബറിൽ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) (ഖലീഫത്തുൽ മസീഹ് - IV) അറബികളുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്

**ചോദ്യം:** താൻ ഇമാം മഹ്ദിയും വാഗ്ദത്ത മസീഹുമാണെന്ന ഹദ്രത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ)യുടെ വാദത്തിന്റെ സത്യത വിശുദ്ധ ഖുർആൻ സൂക്തങ്ങളുടെയും നബി തിരുമേനി(സ)യുടെ വചനങ്ങളുടെയും അടിസ്ഥാനത്തിൽ എങ്ങനെ തെളിയിക്കാനാവും?

**ഉത്തരം :** ആദ്യമായി, വിശുദ്ധ ഖുർആനിൽ ഇമാം മഹ്ദി എന്ന പദം എവിടെയാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളതെന്ന് കണ്ടെത്തുകയാണ് വളരെ പ്രധാനമായ കാര്യം. വാസ്തവത്തിൽ വിശുദ്ധ ഖുർആനിൽ 'ഇമാം മഹ്ദി' എന്ന പദം വളരെ വ്യക്തമായി പ്രസ്താവിക്കപ്പെട്ടതായി കണ്ടെത്താൻ കഴിയും. എന്നാൽ ജനങ്ങൾ അത് മനസ്സിലാക്കുന്നില്ല. ഉദാഹരണമായി, 21ാം അദ്ധ്യായത്തിൽ വിശുദ്ധ ഖുർആൻ ഇബ്രാഹിം നബി(അ)യെയും അദ്ദേഹത്തിന്റെ അനുയായികളെയും കുറിച്ചു പറയുന്നു. പിന്നെ പ്രവാചകന്മാരുടെ പേർ വിവരം പറഞ്ഞശേഷം ഇപ്രകാരം ഉപസംഹരിക്കുന്നു:

وَجَعَلْنٰهُمْ اَئِمَّةً يَّهْدُوْنَ بِاَمْرِنَا

നാം അവരെ നമ്മുടെ കല്പനയനുസരിച്ച് (ജനങ്ങളെ) നയിക്കുന്ന നേതാക്കന്മാരാക്കുകയും ചെയ്തു (21:74). അതായത്, ഇവർ അഥവാ എല്ലാ പ്രവാചകന്മാരും അയിമ്മ ('ഇമാം' എന്നതിന്റെ ബഹുവചനം) ആയിരുന്നു. യദ്ഹൂന ബി അംറിനാ (നമ്മുടെ കല്പനയനുസരിച്ച് മറ്റുള്ളവരെ നയിക്കുന്ന ആൾ) അൽമഹ്ദിയാണ്. ഇവിടെയാണ് അൽ-ഹാദിയും അൽമഹ്ദിയും തമ്മിലുള്ള വ്യത്യാസം. യദ്ഹൂന (നയിക്കുന്ന ആൾ) മാത്രമാണ് അൽ-ഹാദി. എന്നാൽ 'യദ്ഹൂന ബി അംറിനാ' എന്നു പറഞ്ഞാൽ അത് അൽ-മഹ്ദിയായിത്തീരുന്നു. അല്ലാഹുവിൽ നിന്ന് മാർഗ്ഗദർശനം ലഭിച്ച് നയിക്കുന്ന ആളാണ് മഹ്ദി. ഇത് വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഞാൻ മുഴുവൻ സൂക്തവും ഉദ്ധരിക്കാം.

(അവരദ്ദേഹത്തെ ചുട്ടെരിക്കാൻ ഒരുങ്ങിയപ്പോൾ) നാം പറഞ്ഞു: 'ഏ അഗ്നീ, നീ ഇബ്രാഹിമിന് വേണ്ടി തണുത്തതും രക്ഷയ്ക്കു(കാരണവു)മാകുക'.

അവർ അദ്ദേഹത്തെ ഉപദ്രവിക്കുവാൻ ഉദ്ദേശിച്ചു. അപ്പോൾ നാം അവരെ അങ്ങേയറ്റം പരാജിതരാക്കി.

നാം അദ്ദേഹത്തെയും ലൂത്തിനെയും ലോകജനങ്ങൾക്കായി നാം അനുഗ്രഹിച്ചിട്ടുള്ള ഭൂമിയിലേക്ക് രക്ഷപ്പെടുത്തിക്കൊണ്ടുപോയി.

'നാം അദ്ദേഹത്തിന് (ഇബ്രാഹിമിന്) ഇസ്ഹാഖിനെ അനുഗ്രഹിച്ചു നൽകി. പൗത്രനായ യഅ്ഖൂബിനെയും നൽകി. അവരെയെല്ലാവരെയും നാം സുകൃതവാന്മാരാക്കിയിരിക്കുന്നു.

നാം അവരെ നമ്മുടെ കല്പനയനുസരിച്ച് (ജനങ്ങളെ) നയിക്കുന്ന നേതാക്കന്മാരാക്കുകയും ചെയ്തു. സൽക്കർമ്മങ്ങൾ ചെയ്യുകയും നമസ്കാരം നിലനിറുത്തുകുയം സകാത്ത് കൊടുക്കുകയും ചെയ്യണമെന്ന് നാം അവർക്ക് ദിവ്യസന്ദേശം നൽകുകയും ചെയ്തു. അവർ നമ്മെ (മാത്രം) ആരാധിക്കുന്നവരായിരുന്നു.' (21:70-74).

ഇതേ സന്ദേശം തന്നെയാണ് 32-ാം അദ്ധ്യായത്തിലും നൽകപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

'സത്യമായും നാം മൂസാക്ക് ഗ്രന്ഥം നൽകിയിട്ടുണ്ട്. അതിനാൽ അദ്ദേഹത്തെ കണ്ടുമുട്ടുന്നതിനെ സംബന്ധിച്ച് നീ സംശയത്തിലാകരുത്. നാം അതിനെ (ആ ഗ്രന്ഥത്തെ) ഇസ്രായീൽ സന്തതികൾക്ക് മാർഗ്ഗദർശകമാക്കിയിരിക്കുന്നു.

അവർ സ്ഥിരചിത്തരായി പ്രവർത്തിച്ചപ്പോൾ നമ്മുടെ കല്പനപ്രകാരം ജനങ്ങളെ നയിക്കുന്ന ആത്മീയ നേതാക്കളെ അവരിൽ നിന്നും നാം നിയോഗിച്ചു. അവർ നമ്മുടെ ദൃഷ്ടാ

ദൈവദൂതരാണെന്ന് വാദം പുറപ്പെടുവിക്കുന്നതിന് മുമ്പ് താന്താങ്ങളുടെ ജനത്തിന്റെ ദൃഷ്ടിയിൽ നിഷ്കളങ്കരും അവരുടെ ആശാകേന്ദ്രവുമായിരുന്നു. അവർ സമൂഹത്തിന്റെ ഉദിച്ചുയർന്ന നക്ഷത്രങ്ങളാണ്. അവരുടെ സ്വഭാവത്തിൽ ഒരു കളങ്കവും ഇല്ലാത്തവരാണ്. അവർ ആദരണീയരും അവരുടെ സ്വഭാവമാഹാത്മ്യം സർവ്വലോകാംഗീകൃതവുമാണ്. ഇതെല്ലാം അവർ ദൈവത്തിന്റെ പ്രവാചകന്മാരാണെന്ന് അവകാശപ്പെടുന്നതിനുമുമ്പാണ്.

വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ട എല്ലാ പ്രവാചകന്മാരുടെയും ചരിത്രത്തെ സംബന്ധിച്ചേടത്തോളം ഇത് സാർവ്വലൗകികമായി എല്ലാ പ്രവാചകന്മാർക്കും ബാധകമാണ്. നൂഹി(അ)ന് എതിരിൽ പറയപ്പെട്ടതെല്ലാം തന്നെ അദ്ദേഹം ദൈവത്തിന്റെ പ്രവാചകനായിരുന്നെന്ന വാദമുന്നയിച്ചശേഷമാണ്. സാലിഹി(അ)ന്നും ഇബ്രാഹിമി(അ)ന്നും എന്നുവേണ്ട മറ്റെല്ലാ പ്രവാചകന്മാർക്കെതിരിലും ഉന്നയിക്കപ്പെട്ട എല്ലാ ആക്ഷേപങ്ങളും അവർ പ്രവാചകന്മാരാണെന്ന വാദമുന്നയിച്ചതിന് ശേഷമായിരുന്നു, മുമ്പായിരുന്നില്ല. തങ്ങൾ ദൈവത്തിന്റെ പ്രവാചകന്മാരാണെന്നു വാദമുന്നയിക്കുന്ന നിമിഷം മുതൽ അവരുടെ സമൂഹത്തിന്റെ മനഃസ്ഥിയിൽ വിസ്മയാവഹമായ ഒരു പരിവർത്തനം കാണുമാറാകുന്നു. താൻ ദൈവത്തി ങ്കൽ നിന്നുള്ളവനാണെന്ന് ഒരു പ്രവാചകൻ വാദമുന്നയിക്കുമ്പോൾ സമൂഹത്തിന്റെ മനഃസ്ഥിതി പെട്ടെന്നു മാറുന്നു. സമൂഹം ഏറ്റവും ആദരിച്ചിരുന്ന അതേ വ്യക്തി, ഒരു കളങ്കവുമില്ലാത്ത വ്യക്തി പെട്ടെന്ന് സമൂഹത്തിലെ ഏറ്റവും മോശപ്പെട്ട ആളായി ചിത്രീകരിക്കപ്പെടുന്നു. ഒരു ചെറിയ വ്യാജം പോലും പറഞ്ഞതായി ആരോപിക്കപ്പെട്ടിട്ടില്ലാത്ത വ്യക്തിയിൽ എല്ലാ വിധത്തിലുള്ള വ്യാജങ്ങളും ആരോപിക്കപ്പെടുന്നു. ദൈവത്തിനെതിരിൽ പോലും കെട്ടുകെട്ടു പറയുന്നതായി ആരോപണമുയരുന്നു.

ഇതാണ് അടിസ്ഥാനപരമായി തെളിവിന്റെ സ്വഭാവം. പ്രവാചകന്റെ മാണെന്ന ഹദ്റത്ത് മിർസാ ഗുലാം അഹ്മദി (അ)ന്റെ അവകാശവാദത്തിന്റെ സത്യത വിശുദ്ധ ഖുർആനിൽ നിന്നും നിരവധി രൂപേണ സ്ഥാപിക്കാൻ സാധിക്കുന്നതാണ്. പ്രവാചകന്മാരുടെ, (അവർ ഉന്നതന്മാരായാലും അത്രതന്നെ ഉന്നതരല്ലെങ്കിലും) സത്യതക്കുള്ള എല്ലാ ദൃഷ്ടാന്തങ്ങളും അടിസ്ഥാനപരമായി ഒരേ വിഭാഗത്തിൽപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം. എന്തെന്നാൽ പ്രവാചകന്മാർക്കിടയിൽ വ്യത്യാസം കല്പിക്കരുത് എന്ന ഖുർആനിക കല്പനയിൽ ഇത് സൂചിപ്പിക്കുന്നു.

അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കല്പിക്കുന്നില്ല (2:286).

വിശ്വാസികൾ നടത്തിയ ഒരു പ്രഖ്യാപനത്തിനിടയിലാണ് ഈ പദങ്ങൾ വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടതെങ്കിലും, ദൈവം തന്നെ വ്യത്യാസം കല്പിച്ചിരുന്നെങ്കിൽ, വ്യത്യസ്ത പ്രവാചകന്മാർ വ്യത്യസ്ത സ്വഭാവത്തോടുകൂടിയ തെളിവുകളുമായാണ് ആഗതരായിരുന്നതെങ്കിൽ, അവരിൽ വിശ്വസിച്ചവർക്ക് "ഞങ്ങൾ അവന്റെ ദൂതന്മാരിൽ ആർക്കിടയിലും വ്യത്യാസം കല്പിക്കുന്നില്ല" എന്ന് പറയാൻ കഴിയുമായിരുന്നില്ല. തെളിവുകളുടെ സ്വഭാവത്തിൽ വ്യത്യാസമുണ്ടായിരുന്നെങ്കിൽ ഈ പ്രശ്നത്തിൽ നിരവധി വിഭജനങ്ങൾ ഉണ്ടാകുമായിരുന്നു. തെളിവുകളുടെ നിരവധി വ്യത്യസ്ത വിഭാഗങ്ങൾ ഉണ്ടാകുകയും 'പ്രവാചകന്മാർക്കിടയിൽ ഞങ്ങൾ വ്യത്യാസം കല്പിക്കുന്നില്ല' എന്ന് വിശ്വാസികൾക്ക് അവകാശപ്പെടാൻ സാധിക്കാതെ വരികയും ചെയ്യുമായിരുന്നു. എന്നാൽ ഈ അവകാശവാദമാവട്ടെ, നബി തിരുമേനി(സ)യും സഹാബാക്കളും നടത്തിയതായാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

എല്ലാ പ്രവാചകന്മാരുടെയും ജീവിതത്തിന്റെ സവിശേഷതകൾ വിവേചിച്ചറിയാനുള്ള സാർവ്വത്രികമായ കാര്യങ്ങൾ ഞാൻ പറയാം. ദൈവത്തിന്റെ എല്ലാ പ്രവാചകന്മാരും അവർ ന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുന്നവരായിരുന്നു.' (32:24, 25).

ആരാണ് അയിമ്മ, നേതാക്കന്മാർ, എന്ന ചോദ്യമുത്ഭവിച്ചേക്കാം. അവർ പ്രവാചകന്മാരെല്ലാവരുമല്ലാതെ മറ്റാരുമല്ല. മുകളിലെ സൂക്തങ്ങളിൽ പ്രവാചകന്മാരുടെ മാത്രം പേരുകളുള്ള ഒരു പട്ടികയാണുള്ളത്. വിശുദ്ധ ഖുർആനിൽ മൂന്നു വ്യത്യസ്ത സ്ഥലങ്ങളിൽ ഇങ്ങനെയുണ്ട്. ഓരോയിടത്തും പ്രവാചകന്മാരുടെ നീണ്ടതോ ചെറിയതോ ആയ പട്ടികയാണ്. അതിനാൽ ഇമാം മഹ്ദി എന്ന പദം നബിയുല്ലായുടെ പര്യായമാണ്. അതായത് ദൈവത്തിന്റെ പ്രവാചകൻ എന്നർത്ഥം. ഈസ അഥവാ യേശു (അ) അവരിൽ ഉൾപ്പെടുന്നു. മസീഹ് നബിയുല്ലാ ആണെങ്കിൽ അദ്ദേഹം ഇമാം മഹ്ദിയായിട്ടാണ് ആഗതനാകുന്നത്. മറ്റാരുമായല്ല. അതുകൊണ്ടാണ് ഇബ്നുമാജ ഈ വീക്ഷണത്തെ അനുകൂലിക്കുന്നത്. അദ്ദേഹം ലാ മഹ്ദി ഇല്ലാ ഈസാ, 'ഈസയല്ലാതെ മഹ്ദിയില്ല' എന്ന ഹദീസ് ഉദ്ധരിക്കുന്നത് അത്പ്രകാരം തന്നെയാണ്. കാരണം ഈസാ, യേശു (അ) മുമ്പേ തന്നെ ഇമാം മഹ്ദിയാണ്. അതുകൊണ്ടാണ് നബി(സ) തിരുമേനി പുനരവതരിക്കുന്ന മസീഹിനെക്കുറിച്ച് നബിയുല്ലാ എന്നുപറഞ്ഞിരിക്കുന്നത്. ഈ ഹദീസിൽ നബിതിരുമേനി(സ) 'നബിയുല്ലാഹ്' എന്ന പദം നാലുപ്രാവശ്യം ആവർത്തിച്ചതായി മുസ്ലിം നിവേദനം ചെയ്തിരിക്കുന്നു.

ഈ തർക്കപരിഹാരം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണ്. അദ്ദേഹത്തെ ഇമാം മഹ്ദി എന്നു വിളിച്ചാലും മസീഹ് എന്നു വിളിച്ചാലും അദ്ദേഹം 'നബിയുല്ലാഹ്', ദൈവത്തിന്റെ പ്രവാചകൻ ആയിരിക്കണം. വിശുദ്ധ ഖുർആന്റെ സാങ്കേതികാർത്ഥത്തിൽ ഇമാം മഹ്ദി 'നബിയുല്ലാഹ്' അല്ലാതെ മറ്റാരുമല്ല. എന്തെന്നാൽ വിശുദ്ധ ഖുർആനിൽ ഇമാം മഹ്ദി എന്ന പദം അല്ലാഹുവിന്റെ പ്രവാചകന്മാർക്കല്ലാതെ മറ്റൊരാൾക്കും വേണ്ടി ഉപയോഗിക്കപ്പെട്ടിട്ടില്ല.

വാഗ്ദത്ത മസീഹും മഹ്ദിയു

സ്വഭാവമല്ല; എല്ലാ പ്രവാചകന്മാർക്കും ഒരു പോലെ ബാധകമായ തെളിവിന്റെ സ്വഭാവം – മറ്റു തെളിവുകളുമുണ്ട്.

തങ്ങൾ ദൈവനിയുക്തരാണെന്ന വാദത്തെ തുടർന്ന് ദൈവദൂതന്മാരെ ബന്ധുജനങ്ങളടക്കമുള്ള മുഴുസമുദായവും തിരസ്കരിക്കുന്നു. സമൂഹത്തിലെ ശക്തരായ ഒരു കക്ഷിയും അവരെ തുണയ്ക്കുന്നില്ല. തങ്ങളുടെ സമൂഹത്തിലെ ഒരു വിഭാഗത്തിന്റെ പിന്തുണയോടെ അവകാശവാദം പുറപ്പെടുവിക്കുന്നവർ ഒരിക്കലും അല്ലാഹുവിന്റെ പ്രവാചകന്മാരല്ല. ഒരു വലിയ വിഭാഗം തന്നെ പിന്തുണക്കാനുണ്ടെന്ന അവകാശവാദം നടത്തുന്ന ഒരു പ്രവാചകന്റെയും ചരിത്രം നമുക്ക് കാണാൻ കഴിയില്ല. മുസൈലിമത്തുൽ കദ്ദാബിനെയോ മറ്റു ചിലരേയോ വലിയ സംഘങ്ങൾ പിന്തുണച്ചതായി നിങ്ങൾക്ക് കാണാൻ കഴിയും. എന്നാൽ പ്രവാചകന്മാരുടെ ചരിത്രത്തിൽ, സമൂഹത്തിന്റെ പിന്തുണയോടെ ഒരു പ്രവാചകനും രംഗപ്രവേശം ചെയ്തതായി കാണാൻ സാധിക്കില്ല. മറിച്ച്, പ്രവാചകനെ സ്വന്തം കുടുംബം തന്നെ തള്ളിപ്പറയുന്നു. അവിടെയും ഇവിടെയുമായി ചില അപവാദങ്ങൾ കണ്ടേക്കാം. ഇബ്രാഹിം (അ)ന്റെ കാര്യത്തിൽ അദ്ദേഹത്തിന്റെ അനന്തരവനും നബിതിരുമേനി(സ)യുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ പിതൃവ്യപുത്രൻ ഹസ്രത്ത് അലി(റ)യും. ഇത് മറ്റൊരു വിധത്തിലുള്ള തെളിവാണ്. അതായത് ജനങ്ങൾ പ്രവാചകനെ പറ്റേ തള്ളിക്കളയുന്നു. അദ്ദേഹത്തെ പിന്തുണയ്ക്കാൻ ഒരു വിഭാഗവും ഉണ്ടാവുന്നില്ല. വ്യാജവാദികളുടെ കാര്യത്തിൽ, ഇമാം മഹ്ദിയാണെന്ന് വാദിച്ച ആളുടെ കാര്യത്തിൽപ്പോലും അയാളെ പിന്തുണക്കാൻ ഒരുസംഘം ഉള്ളതായി നിങ്ങൾക്ക് കാണാൻ കഴിയും. എന്നിരുന്നാലും, അല്ലാഹു സത്യവാദികളെ കയ്യൊഴിയുന്നില്ല. മുഴുലോകവും പ്രവാചകന്മാരെ തള്ളിപ്പറയുന്നു. എന്നാൽ അല്ലാഹു അവരെ കൈവിടുന്നില്ല. എന്നാൽ പ്രവാചകന്മാർ പൂർണ്ണമായും ദുർബ്ബലാവസ്ഥയിലായിരിക്കും. സ്വർഗ്ഗത്തിൽ നിന്നും അവർക്ക് പിന്തുണ ലഭിക്കുന്നു. എല്ലാ ദുരിതങ്ങൾക്കും വിഷമങ്ങൾക്കുംമിടയിൽ അവർ പുരോഗതി പ്രാപിക്കുന്നു. എണ്ണത്തിൽ കുറയുന്നതിനുപകരം അവർ വർദ്ധിച്ചുകൊണ്ടേ പോകുന്നു. എന്നാലും വിജയം തങ്ങളുടെ പക്ഷത്താണെന്ന് ശത്രു ഉൽഘോഷിക്കുന്നു. ഞങ്ങൾക്ക് വിജയിക്കാൻ കഴിയും എന്ന് അവർ വിചാരിക്കുന്നത് എങ്ങനെയെന്ന ചോദ്യം ഇവിടെ ഉത്ഭവിക്കുന്നു. വിശുദ്ധ ഖുർആൻ നൽകുന്ന ഉത്തരമിതാ:

എന്നാൽ നാം ഭൂമിയിൽ വന്ന് അതിന്റെ നാനാഭാഗങ്ങളിൽ നിന്നും അതിനെ ചുരുക്കിക്കൊണ്ടുവരുന്നത് ഇവർ കാണുന്നില്ലേ? അപ്പോൾ ഇവരാണോ വിജയികൾ! (21:45).

ശത്രു എത്രമാത്രം വിഡ്ഢിയാണ്! തങ്ങൾ വിജയം കൈവരിക്കാൻ പോകയാണെന്ന് ശത്രു അവകാശപ്പെടുന്നു. എന്തെന്നാൽ പ്രവാചകനും (സ) അദ്ദേഹത്തിന്റെ അനുയായികളും എണ്ണത്തിൽ കുറവാണ്. ശക്തരുമല്ല. പക്ഷെ, അല്ലാഹു ചോദിക്കുന്നു, ഓരോ തവണ ഏറ്റുമുട്ടുമ്പോഴും അവരുടെ ഭൂമി ചുരുങ്ങുകയാണെന്നും പ്രവാചകന്റെയും അനുയായികളുടെയും ഭൂമി വിസ്തൃതമാവുകയാണെന്നും അവർ കാണുന്നില്ലേ എന്ന്. ഓരോ തവണ ഏറ്റുമുട്ടുമ്പോഴും ശത്രുവിന്റെ അതിരുകൾ ചെറുതായി വരുമ്പോൾ അവർ വിജയം പ്രാപിക്കുമെന്നെങ്ങനെ പറയാൻ കഴിയും? വിശുദ്ധ ഖുർആന്റെ വാദമുഖങ്ങൾ എത്ര മനോഹരമാണ്! അവ അജയ്യവും അഖണ്ഡ്യവുമാണ്. എല്ലാ ദൈവപ്രവാചകന്മാരുടെ കാര്യത്തിലും യഥാർത്ഥത്തിൽ ഇതുതന്നെയാണ് സംഭവിക്കുന്നത്. അവർ ഒന്നുമില്ലായ്മയിൽ നിന്ന് തുടങ്ങുന്നു. ഇല്ലായ്മയിൽ നിന്ന് അവർ വളരുന്നു. പിന്നെ അവരുടെ സമൂഹം വർദ്ധിച്ചുവരുന്നു. അവരുടെ മുന്നേറ്റത്തെ തടയാൻ ശത്രുവിന് സാധ്യമല്ല.

ഓരോ പ്രവാചകന്റെയും ജീവിതത്തിൽ നമുക്കു കാണാൻ കഴിയുന്ന സാർവ്വലൗകികമായ സവിശേഷതകളാണിവ. തന്നെ മസീഹിബ്നു മറിയമായി അല്ലാഹു നിയോഗിച്ചിരിക്കുന്നുവെന്നു ഹദ്രത്ത് മിർസാ ഗുലാം അഹമദുൽ ഖാദിയാനി അവകാശപ്പെട്ടപ്പോൾ താൻ ആ പ്രവചനം അതിന്റെ സത്തയിലും സ്വഭാവത്തിലും പൂർത്തീകരിക്കാക്കാനാണ് ആഗതനായിരിക്കുന്നതെന്ന് വിശദീകരിച്ചു. തന്റെ ആത്മാവും യേശുവിന്റെ (അ) ആത്മാവും വ്യത്യസ്തമാണെങ്കിലും, താൻ ഒരു വ്യത്യസ്ത വ്യക്തിയാണെങ്കിലും, ദൈവിക പ്രവചനങ്ങൾ പുലരുന്നതെങ്ങനെയാണെന്ന ദ്ദേഹം പ്രസ്താവിച്ചു. അല്ലാഹുവിന്റെ കടന്നുകഴിഞ്ഞ ഒരു പ്രവാചകൻ, താൻ മടങ്ങിവരാമെന്ന് അവകാശപ്പെട്ടതായി അറിയപ്പെടുന്നു, മറ്റുള്ളവർ അദ്ദേഹം വീണ്ടും വരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു; എന്നാൽ ഒരിക്കലും മടങ്ങിവരികയില്ല. ഇതിനൊരപവാദവും കാണാൻ സാധ്യമല്ല. മതചരിത്രത്തിന്റെ മുഴുചക്രവാളവും പരിശോധിക്കുക. ഒരാൾ വരുമെന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ മുഖം അവർ വീണ്ടും ദർശിക്കുകയില്ല. ആ പ്രവചനങ്ങൾ തെറ്റാണെന്ന് ഇതിനർത്ഥമില്ല. പ്രതീക്ഷിക്കപ്പെട്ട ആളുടെ പ്രതീകാത്മകമായ പ്രതിനിധാനമാണ് വന്ന ആൾ എന്ന് മനസ്സിലാക്കാൻ കഴിയാത്ത ആളുകൾക്ക് തെറ്റിപ്പോയി എന്നാണതിനർത്ഥം. ഒരാളും സ്തൂല രൂപത്തിൽ മടങ്ങി വരില്ല. എന്നാൽ പ്രവചന പൂർത്തീകരണമായി വേരൊരാൾ വരികയും ചെയ്യും. ഏലിയാ(അ) യായുടെ പുനരാഗമനത്തെ സംബന്ധിച്ച പ്രവചനത്തിന്റെ പൂർത്തീകരണമായി സ്നാപകമയോഹന്നാൽ വന്നു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ഇതെല്ലാം ജനങ്ങൾക്ക് വിവരിച്ചു കൊടുത്തു. അദ്ദേഹം പറഞ്ഞു: "ഇസ്രായീല്യരുടെ മസീഹായിരുന്ന അതേ മസീഹാണ് ഞാനെന്ന് അവകാശപ്പെടുന്നില്ല. ഇസ്‌ലാമിന്റെ പ്രവാചകരുടെ (സ) ഉമ്മത്തിലെ മസീഹാണ് ഞാൻ. ആദ്യത്തെ മസീഹ് മൂസാ നബി(അ) യുടെ ഉമ്മത്തിൽ ചെയ്ത അതേ പ്രവൃത്തിയാണ് ഞാൻ ഈ ഉമ്മത്തിൽ ചെയ്യുന്നത്.നബി തിരുമേനി(സ) പ്രവചിച്ച പ്രകാരം താൻ അൽ–ഇമാമുൽ മഹ്ദിയാണെന്ന് അദ്ദേഹം അവകാശവാദം പുറപ്പെടുവിച്ചപ്പോൾ അതുവരെ

പിന്തുണച്ചിരുന്ന മുസ്‌ലിം ലോകം ക്ഷുഭിതരായി. അദ്ദേഹത്തിനെതിരെ അവർ കോപം പൂണ്ടു. അദ്ദേഹം ചെയ്ത കാര്യം അവർക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അതിന്റെ ഫലമായി അക്കാലത്തെ മതപണ്ഢിതന്മാരെല്ലാം അദ്ദേഹത്തെ കാഫിറെന്ന് വിധിച്ചു. അദ്ദേഹത്തിന്റെ കുഫ്റിൽ സംശയിക്കാൻ പാടില്ലെന്ന് അവർ വിധിച്ചു. അതായത് ഒന്നാം നമ്പർ കാഫിർ. അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടു പറയുന്ന വ്യാജവാദിയാണദ്ദേഹമെന്നവർ വിധിച്ചു. കൂടാതെ അവർ അദ്ദേഹത്തിനെതിരിൽ ഫത്‌വക്ക് മേൽ ഫത്‌വ പുറപ്പെടുവിച്ചു. അദ്ദേഹം വധാർഹനാണെന്ന് വിധിച്ചു. അവരുടെ ഫത്‌വ പ്രകാരം അദ്ദേഹത്തെ വധിക്കുന്ന ആൾ ദൈവദൃഷ്ടിയിൽ കുറ്റക്കാരനല്ല. അതിനാൽ ജനങ്ങൾക്കുള്ള സന്ദേശമെന്തെന്നാൽ മുന്നോട്ടു ഗമിച്ചു, അദ്ദേഹത്തിന്റെ രക്തം ചിന്തുകയെന്നതായിരുന്നു. അത് ഏറ്റവും വലിയ സൽക്കർമ്മമായി പരിഗണിക്കപ്പെടും എന്നവർ വിധിച്ചു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) വാദം പുറപ്പെടുവിച്ച ശേഷം അദ്ദേഹത്തിനെതിരിൽ ഉണ്ടായ ശത്രുതയുടെ സ്വഭാവവും തീക്ഷ്ണതയും അതായിരുന്നു.

എല്ലാ പ്രവാചകന്മാരുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. എന്തുകൊണ്ടാണിത്? യഥാർത്ഥത്തിൽ ഇതാണ് മുഖ്യമായ ചോദ്യം. അവരുടെ സന്ദേശത്തെ ഇതെങ്ങനെ സഹായിക്കുന്നു? അവരുടെ സത്യം തെളിയിക്കാൻ ഇതെങ്ങനെ സഹായകമാവുന്നു? ഇന്നലെ വരെ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിരുന്നവർ പെട്ടെന്ന് അദ്ദേഹത്തിന്റെ ബദ്ധവൈരികളായിത്തീരുന്നു. അദ്ദേഹത്തിന്റെ സന്ദേശത്തിന്റെ ശത്രുക്കളായിത്തീരുന്നു. ഇതിൽ നിന്നും അദ്ദേഹം എന്ത് നേടുന്നു? സത്യത്തിനെന്തുനേട്ടം? ഈ ചോദ്യത്തിനുത്തരം കണ്ടെത്താം. എന്തെന്നാൽ നബിതിരുമേനി(സ)യുടെ കാര്യത്തിലും ഈ ചോദ്യത്തിന്റെ ആവശ്യമുണ്ട്. എന്തുകൊണ്ട് ദൈവം അദ്ദേഹത്തെ അങ്ങനെയുള്ള പരീക്ഷണത്തിന് വിധേയനാക്കി?

(Review of Religions, January 2000)

**വിവ: കെ.വി. ഹസ്സൻകോയ**

---

*(13 -ാം പേജിൽ നിന്ന് തുടർച്ച)*

രിച്ചും സഖ്യങ്ങളുണ്ടാക്കി തന്ത്രങ്ങൾ മിനയുന്നു. പ്രബുദ്ധരായ മിതവാദികൾ എന്ന് വിളിക്കപ്പെടുന്നവരാകട്ടെ. ഐക്യമോ വിശ്വസ്തതയോ വ്യക്തമായ ഒരു നേതൃത്വവുമോ ഇല്ലാതെ കഴിയുകയും ചെയ്യുന്നു.

ജോസഫ് കോൺ റാഡ് പറഞ്ഞത് പോലെ 'എല്ലാ തീവ്രവാദികളും ചുരുങ്ങിയപക്ഷം ആത്മാർത്ഥതയുള്ളവരാണ്' (10) അൽഖായിദായുടെ ആദർശങ്ങളിൽ വിശ്വസിക്കുന്നവർക്കിടയിലുള്ള മതപരമായ വിശ്വസ്തത അവരുടെ ലോകവീക്ഷണത്തിനും അതിന്റെ ലക്ഷ്യസാധ്യത്തിനും നിർണ്ണായകമാണ്. മതപരമായ വിശ്വസ്തതയുടെ അഭാവമുണ്ടായാൽ അൽഖായിദയുടെ സ്വാധീനം ഗണ്യമായി കുറഞ്ഞുപോകും.

ഉൽബുദ്ധരായ മിതവാദി മുസ്‌ലിംകൾ തീവ്രവാദികളുടെ വാദമുഖങ്ങളിലെ മതപരമായ തെറ്റുകൾ തുറന്നുകാട്ടി അവരുടെ മതപരമായ വിശ്വാസ്യത ഇല്ലാതാക്കേണ്ടതുണ്ട് തീവ്രവാദികൾ മുതലെടുക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളെ അവർ ഉചിതമായി അഭിമുഖീകരിക്കുകയും ചെയ്യേണ്ടതാണ്. ഇത് ചെയ്യേണമെങ്കിൽ ഐക്യം ആവശ്യമാണ്. മുസ്‌ലിമിന് ഏകകണ്ഠമായ നിർവ്വചനം നൽകിക്കൊണ്ടേ ഇത് സാധ്യമാവൂ. മതപരമായ അധികാരമുള്ള ഒരു ഏക അധികാരകേന്ദ്രം ഇതിന് വേണമെന്നില്ല. ഇസ്‌ലാമിക വിഭാഗങ്ങളുടെ യഥാർത്ഥമായ ഐക്യസഖ്യത്തിനും ചിന്താസരണിക്കും ഈ തീവ്രവാദികളുയർത്തുന്ന ഭീഷണി തടയാൻ കഴിയുന്നതാണ്.

(തുടരും)

### Reference:

1. Bernard Lewis: The political language of Islam (The University of Chicago Press: Chicago 1988) Page - 6.
2. Amin Maalouf: the Crusades Through Arab Eyes (Al Saqi. Books, London 1984 P. 263).
3. Ibid P. 264.
4. Quoted in Bernard Lewis - The Crisis of Islam (Weiden field and Nicholson, London - 2005. P. 89).
5. LAI, CH KIDWAI. A (1989) - Ideals and Realities Selected essays of Abdus Salam, World Scientific Publication Co., London P. 343-344.
6. OP. Cit Amin Maalouf Page. 39
7. Quoted, Arshad Ahmadi - Rushdi Hunted by His Unholy Ghosts (Avon Books, London 1997) P. 8
8. John Cooper: et al, Islam and Modernity - Muslim Intellectuals Respond (IB Tauris & Co. Ltd. London 1988) P. 9
9. Graham E Fuller: Islamic Fundamentalism in Pakistan, Its Character and prospects (RAND Santa Monica 1991) P. 5
10. Conra's letter to RB Cunnighame Grliame, 7th Oct. 1907, (Cambridge Cup. 1970) P. 170.

## മതം കൊണ്ട് മനുഷ്യരെ ഞെരുക്കരുത്

അനസ് (റ) ൽ നിവേദനം: തിരുമേനി (സ) അരുളി: നിങ്ങൾ മതനടപടികളിൽ ജനങ്ങൾക്ക് ആശ്വാസം കൈവരുത്തികൊടുക്കുക. അവരെ ഞെരുക്കാതിരിക്കുക. അവരെ സന്തുഷ്ടരാക്കി വെക്കുക. അവരുടെ മനസ്സ് വെറുപ്പിക്കാതിരിക്കുക.

**(ബുഖാരി)**

ലേഖനം

# ജൂതജനതയും ആധുനികകാലവും

ഏ. എം. മുഹമ്മദ് സലീം

**ചരിത്രത്തിലുടനീളം പീഡനങ്ങൾ നിഴൽപോലെ പിന്തുടർന്ന യഹൂദ ജനതയുടെ ചരിത്രം.**

അവർ എവിടെ കാണപ്പെട്ടാലും അവരുടെ മേൽ ഹീനത്വം മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. അല്ലാഹുവിൽ നിന്നോ മനുഷ്യരിൽ നിന്നോ ഉള്ള (സംരക്ഷണ) ഉടമ്പടി മുഖേനയല്ലാതെ (അവർ ഈ ഹീനത്വത്തിൽ നിന്നും സുരക്ഷിതരല്ല) അല്ലാഹുവിൽ നിന്നുള്ള കോപവും കൊണ്ട് അവർ തിരിച്ചിരിക്കുന്നു. പരാധീനത അവരുടെ മേൽ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിക്കുകയും പ്രവാചകന്മാരെ അന്യായമായ നിലയിൽ കൊല്ലുവാൻ ശ്രമിക്കുകയും ചെയ്യുന്നവരായിരുന്നുവെന്നതാണ്. അതിന് കാരണം. ഇത് അവർ ധിക്കരിക്കുകയും അതിക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തതുകൊണ്ടാകുന്നു. (3:115). തീർച്ചയായും പുനരുത്ഥാന നാൾ വരേക്കും അവരുടെ മേൽ കഠിനമർദ്ദനങ്ങൾ ഏല്പിക്കുന്നവരെ ഞാൻ എഴുന്നേൽപ്പിക്കുന്നതാണെന്ന് നിന്റെ നാഥൻ പ്രഖ്യാപിച്ച സന്ദർഭം.... നാം അവരെ ഭൂമിയിൽ വിവിധ ജനങ്ങളായി പിരിച്ച് വ്യാപിപ്പിച്ചു. അവരിൽ സൽക്കർമ്മകാരികളുണ്ട് അതല്ലാത്തവരുമുണ്ട്. (7: 168-169).

ലോകത്തിലെ ഏറ്റവും പുരാതനമായൊരു ജനവർഗ്ഗമാണ് യഹൂദ ജനത. പ്രവാചകകേന്ദ്രിതവും സംഭവബഹുലമായ അവരുടെ ചരിത്രം വിശുദ്ധ ഖുർആൻ സുദീർഘമായി പ്രതിപാദിക്കുന്നു. ആധുനിക കാലത്തെ യഹൂദികളുടെ രാഷ്ട്രീയ ചരിത്രത്തിന്റെ ഗതിവിഗതികളെക്കുറിച്ചും ഖുർആനിൽ സൂചന കളുണ്ട്. നൂറ്റാണ്ടുകളായി വമ്പിച്ച പീഡനങ്ങൾക്കും മർദ്ദനങ്ങൾക്കും ഉന്മൂലനങ്ങൾക്കും വിധേയമായ യഹൂദജനതയുടെ ചരിത്രം ചരിത്രനിയമങ്ങൾക്ക് വിശദീകരണമില്ലാത്ത ഒരു പ്രഹേളികയാണ്. അവരുടെ ചരിത്രഭാഗധേയം അവർ അനുവർത്തിച്ച ധർമ്മവിലോപങ്ങളുടെ തിരിച്ചടിയാണെന്നാണ് ഖുർആന്റെ വിശദീകരണം. പ്രവാചകന്മാരോടും, സഹജീവികളോടും വ്യവസ്ഥാപിതമായ നിയമങ്ങളോടും അവർ കാണിച്ച കടുത്ത ധിക്കാരങ്ങളെയും ലംഘനങ്ങളെയുംക്കുറിച്ചു ഖുർആൻ വിവരിക്കുന്നു. തങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രവരജനവിഭാഗമാണെന്ന മിഥ്യാഭിമാനവും ഗൂഢാലോചനകളും അവരുടെ ഗോത്രീയ ജീവിതത്തിന്റെ ഭാഗമായിരുന്നുവെന്ന് വേദഗ്രന്ഥങ്ങളും ചരിത്രവും ഒരുപോലെ സാക്ഷ്യം വഹിക്കുന്നു. പുരാതനകാലത്തും മദ്ധ്യകാലഘട്ടത്തിലും ആധുനിക കാലഘട്ടത്തിലും ചരിത്രത്തിലുടനീളം കാണപ്പെട്ട അവർണ്ണനീയമായ യഹൂദപീഡനങ്ങൾ ഖുർആന്റെ ധാർമ്മികബദ്ധമായ ചരിത്രനിയമത്തിന്റെ സാധൂകരണമാണ്.

യേശുവിന്റെ കാലഘട്ടത്തിനു ശേഷം ആധുനിക കാലത്തെ യൂറോപ്യൻ നവോത്ഥാനം, ഫ്രഞ്ച് വിപ്ലവം, രാഷ്ട്രീയ സയണിസത്തിന്റെ ആവിർഭാവം ഇസ്രയേൽ രൂപീകരണം ഗൾഫ് യുദ്ധം എന്നീ സംഭവങ്ങൾ യഹൂദചരിത്രത്തിലെ ഗതിവ്യതിയാനങ്ങളെ സൂചിപ്പിക്കുന്നു. യഹൂദചരിത്രത്തിലെ സമീപകാലത്തെ ഈ ദിശാമാറ്റങ്ങളെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ സൂചനകളുണ്ട്. യേശുവിന്റെ കാലം മുതൽക്കുള്ള പ്രത്യേകിച്ച് യൂറോപ്പിൽ കുടിയേറിയ യഹൂദന്മാരുടെ ചരിത്രത്തിന്റെ ഒരു രേഖാചിത്രം ഇവിടെ അവതരിപ്പിക്കുകയാണ്.

യഹൂദന്മാർ ക്രിസ്തുവിന് മുമ്പ് തന്നെ യൂറോപ്പിൽ കുടിയേറിപ്പാർത്തിരുന്നു. പുരാതന റോമിന്റെ കോളനിയായിരുന്നു ഫലസ്തീൻ. റോമുമായുള്ള ഈ ബന്ധം കാരണമായിരുന്നു യഹൂദികൾ റോമിൽ എത്തിച്ചേർന്നത്. കച്ചവടവും പലിശ വ്യാപാരവും ചെയ്തുവന്ന ജൂതന്മാർ കുടിയേറ്റ പ്രവണതയുള്ളവരുമായിരുന്നു. റോമാസാമ്രാജ്യത്തിൽ 150 സ്ഥലങ്ങളിൽ യഹൂദികൾ പാർപ്പുറപ്പിച്ചിരുന്നതായി ചരിത്രകാരന്മാർ പറയുന്നു.

## യേശുവിന്റെ കാലത്തെ യഹൂദികൾ

റോമിന്റെ കോളനിയായിരുന്നു ഫലസ്തീനിൽ യേശു ജനിക്കുമ്പോൾ റോം ഭരിച്ചിരുന്നത്. അഗസ്റ്റസ് സീസർ എന്ന പേരിലറിയപ്പെട്ട ഒക്ടേവിയൻ ആയിരുന്നു (ബി.സി. 29 മുതൽ ഏ.ഡി. 14

വരെ). അഗസ്റ്റസ് സീസറിനുശേഷം ടൈബിരിയാസ് (ഏ.ഡി. 14-37) റോം ഭരിച്ചു. ബൈബിളിലെ ഗലീലി കടലിന് തിബെര്യാസ് തടാകം എന്ന പേര് വന്നത് ഈ റോമൻ ചക്രവർത്തിയോടുള്ള ആദരസൂചകമായിട്ടാണ്. ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു യേശുവിന്റെ കുരിശു സംഭവം. പിലാത്തോസിനെ യഹൂദ്യയിലെ പ്രൊകുറേറ്ററായി നിശ്ചയിച്ചതും തിബര്യാസ് ചക്രവർത്തിയായിരുന്നു. പിന്നീടു കയൂസ് (ഏ.ഡി. 37-41) ഭരിച്ചു. കലിഗുള എന്ന പേരിൽ അറിയപ്പെട്ട ഈ രാജാവ് ഈജിപ്തിലെ ഫറവോമാരുടെ ആരാധനകനായിരുന്നു. താൻ അതുപോലെ ആരാധിക്കപ്പെടണമെന്ന മോഹത്താൽ ഫലസ്തീനിൽ തന്റെ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കാൻ അദ്ദേഹം പ്രത്യേകം താല്പര്യമെടുത്തു. ഇതിനെതിരെ യഹൂദികൾ കലാപത്തിനൊരുങ്ങിയപ്പോൾ കൂട്ടക്കൊല അരങ്ങേറുകയുണ്ടായി. ഫലസ്തീനിൽ പ്രൊക്യുറേറ്റർ ഭരണം അവസാനിപ്പിച്ച് കലിഗുള ഹെറോദ രാജാവിന്റെ പൗത്രനായ അഗ്രിപ്പയെ രാജാവാക്കി വാഴിച്ചു. അഗ്രിപ്പയാണ് ഒരു രാജ്യമായി ഫലസ്തീനെ ഏകീകരിച്ചത്. കലിഗുളക്ക് ശേഷം റോമിൽ രാജാവായത് ക്ലോഡിയസ് (ഏ.ഡി. 41 -54) ആയിരുന്നു. ഇദ്ദേഹത്തെ സ്വന്തം ഭാര്യ വിഷം കൊടുത്തു കൊല്ലുകയാണുണ്ടായത്. അതിനുശേഷം വന്ന രാജാവാണ് നീറോ (54-65) ക്രൂരനും ചിത്തരോഗിയുമായിരുന്നു നീറോ. നീറോ ഭരിക്കുമ്പോഴാണ് പൗലോസ് റോമിലെത്തിയത്. ജൂതമതത്തിന്റെ ഒരു അവാന്തര വിഭാഗമായിട്ടായിരുന്നു ആദിമ ക്രിസ്ത്യാനികൾ അറിയപ്പെട്ടിരുന്നത്. റോമിൽ ക്രിസ്ത്യാനികളെ വമ്പിച്ച തോതിൽ പീഡിപ്പിച്ച നീറോ അവസാനം റോമാനഗരത്തിൽ തീവെച്ച് ആത്മഹത്യ ചെയ്തു. ഈ നാല് റോമൻ രാജാക്കന്മാരും അഗസ്തസ് സീസറുടെ ബന്ധുക്കളും യഹൂദന്മാരുടേയും ക്രിസ്ത്യാനികളുടേയും പീഡകരുമായിരുന്നു. ജൂദിയായിലെ റോമൻ പ്രൊക്യുറേറ്റർ മാരും. രാജാക്കന്മാരും റോമൻചക്രവർത്തിമാരുടെ ഹിതാനുവർത്തികളായിരുന്നു. സ്വയം ആരാധിക്കപ്പെടാൻ ആഗ്രഹിച്ചിരുന്ന അവരുടെ ഇംഗിതങ്ങൾ പലസ്തീനിലെ യഹൂദ ജനതക്ക് അത്യധികം അസഹനീയമായിരുന്നു.

യഹൂദികൾ അന്ന് പലസ്തീനിൽ പരീശർ, സെദുക്യർ, എസ്സീനികൾ എന്നീ മൂന്ന് വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നത് തനത് പാരമ്പര്യത്തിലും സംസ്കാരത്തിലും അഹംങ്കരിച്ചിരുന്ന യഹൂദികൾക്ക് റോമൻ സംസ്കാരത്തിന്റെ അടിമത്തവും മതപരമായ കടന്നുകയറ്റവും ഏറ്റവും അരോചകമായിരുന്നു. ദുർവ്വഹമായ നികുതിയായിരുന്നു റോമൻ ഭരണാധികാരികൾ ചുമത്തിയിരുന്നത്. കൂടാതെ സോളമൻ ക്ഷേത്രത്തിലേക്കുള്ള മതപരമായ ഐഛിക നികുതിയും യഹൂദികൾ കൊടുക്കേണ്ടതുണ്ടായിരുന്നു. ദാവീദിന്റെ പാരമ്പര്യത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് വന്ന് തങ്ങൾക്ക് സ്വന്തമായ ഒരു ഭരണം സമ്മാനിക്കുമെന്ന് മധുരപ്രതീക്ഷകൾ ഹൃദയത്തിൽ താലോലിക്കുമ്പോൾ തന്നെ സ്വന്തം നാട്ടിൽ അടിമകളായി കഴിയേണ്ടി വന്നത് യഹൂദികളുടെ സാമൂഹ്യമനസ്സിനെ അത്യന്തം പ്രക്ഷുബ്ധമാക്കി. ഭരണസ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ മതമൗലികവാദികളുടെ നേതൃത്വത്തിൽ ഇടക്കിടെയുണ്ടാകുന്ന യഹൂദ കലാപങ്ങൾ പലസ്തീനിൽ സാധാരണയായിരുന്നു. ഭരണകൂടത്തിലധിഷ്ഠിതമായ മതമൗലിക വാദത്തിനും വിപ്ലവങ്ങൾക്കും തികച്ചും വിരുദ്ധമായ അദ്ധ്യാപനങ്ങളാണ് യേശു നൽകിയത്. 'വാളെടുത്തവൻ വാളാൽ നശിക്കും' (മത്താ: 26:52) എന്നും' സീസറിനു ഉള്ളത് സീസറിനും ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കുക (മത്താ: 22:22). 'എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നുവെങ്കിൽ യഹൂദർക്ക് എന്നെ ഏല്പിച്ചുകൊടുക്കാതിരിക്കാൻ എന്റെ ഭൃത്യർ പോരാടുമായിരുന്നു.' (യോഹ. 18:36) എന്നുമുള്ള ഉപദേശങ്ങളും പ്രസ്താവനകളും ഉപമാരൂപത്തിലുള്ള നിരവധി വിവരണങ്ങളും യഹൂദികളുടെ കലാപകലുഷിതമായ അധികാരധുരക്ക് യേശു എതിരായിരുന്നു എന്ന് തെളിയിക്കുന്നു. ദൈവനിയുക്തനും അങ്ങേയറ്റം സമാധാനവാദിയുമായിരുന്ന യേശുവിന്റെ ഈ രാഷ്ട്രീയ വിമുഖതയായിരുന്നു അദ്ദേഹം നിരാകരിക്കപ്പെടാനുള്ള മുഖ്യ കാരണം.

യേശു ജനിക്കുന്നതിന് ഒന്നരനൂറ്റാണ്ടു മുമ്പ് ഗ്രീക്കുകാരുടെ അടിമത്തത്തിലായിരുന്നപ്പോൾ പലസ്തീനിലെ യഹൂദർ കടുത്ത യവനവത്കരണത്തിന് വിധേയരായി നിർബന്ധിത മതപരിവർത്തനങ്ങളും യവനദേവന്മാർക്ക് ബലിയർപ്പിക്കലും അവർക്ക് സഹിക്കവയ്യാതായി. അലക്സാണ്ടർ ചക്രവർത്തിക്കു ശേഷം സെലുക്കസ് രാജാവായ അന്തിയോക്കസ് എപ്പിഫനാസ് ഏറ്റവും കിരാതമായ രീതിയിലായിരുന്നു ജൂതന്മാരെ പീഡിപ്പിച്ചത്. ഇതിനെതിരെ യൂദാസ് മക്കാബി എന്ന പുരോഹിതപുത്രന്റെ നേതൃത്വത്തിൽ ബി.സി. 165 നടത്തിയ വിപ്ലവം വിജയിക്കുകയും റോമൻ ആധിപത്യകാലം വരെ ജൂതഭരണം യഹൂദ്യയിൽ സ്ഥാപിതമാവുകയും ചെയ്തിരുന്നു. ബൈബിളിൽ 'മക്കബായർ' എന്ന അദ്ധ്യായം ഈ ചരിത്രം വിവരിക്കുന്നു. മക്കാബിയൻ വിപ്ലവത്തിന്റെ സ്മരണകളും യേശുവിന്റെ കാലത്തെ യഹൂദ യുവാക്കളിൽ മതമൗലികവാദചിന്ത ആളിക്കത്തിച്ചിരുന്നു.

യേശു വരുന്ന കാലത്ത് യഹൂദികളിൽ ദാവീദിന്റെ ഭരണസംവിധാനം പുനസ്ഥാപിക്കാനുള്ള ചിന്ത രൂഢമൂലമായിരുന്നു. അതിന്നായി അവർ മസീഹിനെ പ്രതീക്ഷിച്ചിരുന്നു. റോമാക്കാരുടെ ദുർവ്വഹനികുതിയും, അടിച്ചമർത്തൽ നയവും .യഹൂദികളിലെ വിപ്ലവചിന്തക്ക് ആക്കം കൂട്ടി. അപ്പോസ്തലനായ പോൾ തന്നെയും അദ്ദേഹത്തിന്റെ റോമൻ പ്രീണനനയത്തിനു മുമ്പ് ഒരു വിപ്ലവകാരിയായിരുന്നു. ഒന്നാം നൂറ്റാണ്ടിലെ യഹൂദചരിത്രകാരനായ ജോസഫസ് ഇത്തരം നിരവധി കലാപങ്ങളെപ്പറ്റി സൂചിപ്പിക്കുന്നു.

അതിനിടെ നീറോയുടെ ഭരണകാലത്ത് ഹെറോദോ അഗ്രിപ്പാ രണ്ടാമൻ രാജാവിന്റെ അഗമ്യഗമനങ്ങളുടെ പേരിൽ ഒരു പുതിയ കലാപം ഉയർന്നു വന്നു. നീറോ നിലവിലുള്ള ഗവർണറെ മാറ്റി അൽബിനുസിനെ ഗവർണറാക്കി.

(ഏ.ഡി. 62) കലാപം രൂക്ഷമായി. അൽബിന്നൂസ് കലാപം അമർച്ച ചെയ്തു. ആയിരക്കണക്കിന് യഹൂദികൾ കൊല്ലപ്പെട്ടു. നീറോചക്രവർത്തി യഹൂദ്യയിലെ ജൂതന്മാരല്ലാത്തവർക്ക് അത്യുന്നതമായ സിവിൽ അധികാരങ്ങൾ നൽകുകയായിരുന്നു. ഈ അധികാരമുപയോഗിച്ച് അവർ സിനഗോഗുകൾക്ക് മുമ്പിൽ കച്ചവടസ്ഥാപനങ്ങൾ നിർമ്മിച്ചു. ഭരണാധികാരികളും ഇതിൽ സഹായം ചെയ്തുകൊടുത്തു. ഇത് സംഘർഷങ്ങൾ പൊട്ടിപ്പുറപ്പെടാൻ കാരണമായി. ഈ യഹൂദലഹളകളെ ഫ്ളോറസ് എന്ന പട്ടാളനായകൻ നിഷ്കരുണം അടിച്ചമർത്തി. മുഖ്യ യഹൂദ പുരോഹിതനും പരീശികളും മതമൗലികവാദികളായ വിപ്ലവകാരികളും കൂടി യോഗം ചേർന്നു നയപരമായി പ്രശ്നം തീർക്കാൻ ശ്രമിച്ചെങ്കിലും വിപ്ലവകാരികൾ വഴങ്ങിയില്ല. അഗ്രിപ്പാ രാജാവ് 2000 പേരടങ്ങുന്ന സൈന്യത്തെ അയച്ച് കലാപം അടിച്ചമർത്തി വിപ്ലവകാരികളെ തുരത്തി. യഹൂദവിപ്ലവകാരികൾ സർക്കാരിന്റെ പ്രധാനപ്പെട്ട ഓഫീസുകളും നികുതി കാര്യാലയങ്ങളും ചുട്ടുചാമ്പലാക്കി. ഇങ്ങിനെ, കലാപങ്ങളും വിപ്ലവങ്ങളും യഹൂദർക്കിടയിൽ വർദ്ധിച്ചുവന്നു.

ഏ.ഡി. 68-ൽ ജെറുസലേമിൽ ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടു. റോമൻ പട്ടാള കമാണ്ടറായി പലസ്തീനിൽ വന്ന വെസ്പേഷ്യൻ യഹൂദ സങ്കേതങ്ങളിൽ കടന്നുചെല്ലുകയും ശമറിയ, ജെറീക്കോ, പെരിയ, മെക്കാറൂഡ്, കുമ്റാൻ എന്നീ പട്ടണങ്ങൾ പിടിച്ചടക്കുകയും ചെയ്തു. ഇതിനിടെ നീറോ ചക്രവർത്തിയുടെ ആത്മഹത്യക്ക് ശേഷം റോമിൽ അരക്ഷിതാവസ്ഥ സംജാതമായി. വെസ്പേഷ്യൻ റോമിലേക്ക് മടങ്ങി. നാലു സൈനിക മേധാവികളായിരുന്നു പിന്നീട് റോമിന്റെ ഭരണാധികാരികൾ. അതിൽ ഒരാളായിരുന്നു വെസ്പേഷ്യൻ. അസാമാന്യമായ നിശ്ചയദാർഢ്യവും ശക്തനുമായ വെസ്പേഷ്യൻ റോമൻ സിംഹാസനത്തിന് വേണ്ടി മത്സരിച്ച നാലുപേരിൽ ഒടുവിൽ ജേതാവായി, റോമൻ സിംഹാസനത്തിന്റെ ഭരണാധികാരിയായി. ജെറുസലേമിൽ യഹൂദവിപ്ലവം അടിച്ചമർത്താൻ തുടങ്ങുമ്പോഴായിരുന്നു അദ്ദേഹം റോമിന്റെ വിളിക്കുത്തരം നൽകിയത്. താൻ തുടങ്ങിവെച്ച ദൗത്യം പൂർത്തിയാക്കാൻ ഈജിപ്തിൽ സൈനിക സേവനം അനുഷ്ഠിച്ചിരുന്ന തന്റെ മകൻ ടൈറ്റസിനെ വിളിച്ചുവരുത്തി ഫലസ്തീനിലേക്കയച്ചു. ഏ.ഡി. 70ൽ ടൈറ്റസിന്റെ നേതൃത്വത്തിൽ വെട്ടുകിളികളെപ്പോലെ റോമൻ പട്ടാളം ജെറുസലേമിലേക്ക് ഇരമ്പിക്കയറി. യേശുവിന്റെ താക്കീതുകൾക്ക് ചോര കൊണ്ടുള്ള സാക്ഷാൽ ക്കാരമായിരുന്നു ടൈറ്റസിന്റെ ആക്രമണം. എൺപതിനായിരം പട്ടാളക്കാരുമായാണ് ടൈറ്റസ് ജെറുസലേം വളഞ്ഞത്. 3 ദിവസത്തെ പട്ടാളഘോഷയാത്രകൾക്ക് ശേഷം രണ്ടാഴ്ചയോളം മൺഭിത്തി കൊണ്ട് ചുറ്റുമതിലുള്ള ജെറുസലേം നഗരം ഉപരോധിച്ചു. ഓരോ ദിവസവും അഞ്ഞൂറോളം യഹൂദികളെ കൊന്ന് മൃതദേഹം മൺഭിത്തിക്ക് മീതെ അകത്തുള്ളവർ കാണുമാറ് എറിയുമായിരുന്നു. ടൈറ്റസിന്റെ സേനയെ പ്രതിരോധിക്കാൻ 23,400 യഹൂദപോരാളികൾ മാത്രമാണുണ്ടായിരുന്നത്. ആറുലക്ഷം യഹൂദികൾ ആ റോമൻ ആക്രമണത്തിൽ കശാപ്പ് ചെയ്യപ്പെട്ടു. സോളമൻ ക്ഷേത്രം അഗ്നിക്കിരയാക്കി. ആ അഗ്നിയിലേക്ക് യഹൂദകുഞ്ഞുങ്ങളെ വലിച്ചെറിഞ്ഞു. സ്ത്രീ കളെ ബലാത്സംഗം ചെയ്തുകൊന്നൊടുക്കി. പുരോഹിതന്മാർ കൂട്ടത്തോടെ വധിക്കപ്പെട്ടു. ജെറുസലേം ജനശൂന്യമായി പോയി. പിടിക്കപ്പെട്ട യഹൂദന്മാരെ റോമിലെ വിജയഘോഷയാത്രയിൽ പ്രദർശിപ്പിക്കാൻ അടിമകളാക്കി കൊണ്ടുപോയി. 'റോമൻ ഭരണാധികാരികൾ വമ്പിച്ച പ്രാധാന്യം നൽകിയ ഈ യുദ്ധത്തിന്റെ സ്മരണക്കായി 'ദ ആർക്ക് ഓഫ് ടൈറ്റസ്' എന്ന പേരിൽ ഒരു കമാനം വിജയസ്തംഭമായി പണിയുകയുണ്ടായി. റോമിൽ അത് ഇന്നും കാണാം. യുദ്ധസ്മരണക്കായി പ്രത്യേ കം നാണയങ്ങളും അടിച്ചിറക്കി.' (2)

യേശുവിന് ശേഷം റോമാസാമ്രാജ്യം യഹൂദികളോടും ക്രിസ്ത്യാനികളോടും ഒരുപോലെ മർദ്ദന നയമായിരുന്നു പാലിച്ചിരുന്നതെങ്കിലും അവർ തമ്മിൽ റോമൻ മർദ്ദകർക്കെതിരെ ഒരിക്കലും ഐക്യമുണ്ടായിരുന്നില്ല. ജെറുസലേമിൽ അവശേഷിച്ച യഹൂദികളുടെ അടുത്ത തലമുറ എ.ഡി. 132ൽ സൈമൺ ബെൻകോസേബ എന്ന അശ്വാരൂഢനായ സൈനികന്റെ നേതൃത്വത്തിൽ താനാണ് യഹൂദികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ദാവീദിന്റെ സന്താനപരമ്പരയിൽപ്പെട്ട മസീഹ് എന്ന് പറഞ്ഞു രംഗപ്രവേശം ചെയ്തു. ബാർ കൊച്ച്ബ (Bar Kochba - നക്ഷത്രപുത്രൻ) എന്ന പേരിൽ അറിയപ്പെട്ട ഈ സൈനിക മസീഹിനെ പിന്തുണക്കാൻ മഹാപണ്ഡിതനായ യഹൂദ മുഖ്യപുരോഹിതൻ റബ്ബി അകിബ ഉണ്ടായിരുന്നു. യഹൂദികളുടെ പ്രഭാവം നശിച്ച ജെറുസലേമിൽ ക്രിസ്ത്യാനികളും റോമൻ ഭരണാധികാരികളാൽ പീഢിതരായിരുന്നു. ബാർ കൊച്ച്ബയുടെ നേതൃത്വത്തിൽ റോമൻ ഭരണത്തിനെതിരെ കലാപം സംഘടിപ്പിച്ച യഹൂദികളുമായി കൂട്ടുചേരാൻ മർദ്ദിതരായ ക്രിസ്ത്യാനികൾ തയ്യാറായില്ല. സത്യമസീഹിനെ സ്വീകരിച്ച ക്രിസ്ത്യാനികൾ യഹൂദികളുടെ വ്യാജസൈനികമസീഹായ ബാർ കൊച്ച്ബയോടു അടുക്കാൻ പോലും ഇഷ്ടപ്പെട്ടില്ല. റോമൻ ചക്രവർത്തിയായിരുന്ന ഹർദിയാൻ, സെവറിയൂസ് എന്ന പട്ടാളമേധാവിയെ അയച്ച് യഹൂദകലാപത്തെ മൂടും നശിപ്പിച്ച് ജൂതന്മാരെ ഉന്മൂലനാശം വരുത്തുകയും അവരുടെ വ്യാജമസീഹിനെ വധിക്കുകയും ചെയ്തു.(3)

യഹൂദന്മാർക്ക് പിന്നീട് ഏ.ഡി. 212 -ൽ റോമിൽ പൗരത്വം നൽകപ്പെടുകയുണ്ടായി. ക്രിസ്തുവിന് തൊട്ടടുത്ത നൂറ്റാണ്ടുകളിൽ വമ്പിച്ച ത്യാഗം സഹിച്ചാണ് ക്രിസ്ത്യാനികൾ റോമാസാമ്രാജ്യത്തിൽ ജീവിച്ചത്. അവികലമായ യേശുവിന്റെ അധ്യാപനങ്ങൾ ജീവിതത്തിൽ പാലിക്കാൻ ആദിമക്രിസ്ത്യാനികൾ സഹിച്ച ത്യാഗം നിസ്തുലമാണ്. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ക്രിസ്തുമതസ്വീകരണത്തോടെയാണ് ക്രിസ്തീയ പീഡനങ്ങൾക്ക് ശമനമുണ്ടായത്. മൂന്ന് നൂറ്റാണ്ടുകൾക്കുശേഷം റോമിൽ ക്രിസ്ത്യാനികൾക്ക് മേൽകൈ

ലഭിച്ചപ്പോൾ അവർ ചരിത്രം കണ്ട തിൽവെച്ചേറ്റവും വലിയ യഹൂദപീഡ കരായി മാറുകയായിരുന്നു. പിന്നീടുള്ള യഹൂദികളുടെ ചരിത്രം നിർദയമായ ക്രിസ്തീയരാൽ പീഡിപ്പിക്കപ്പെട്ടതിന്റെ ചരിത്രംകൂടിയാണ്.

## മതപരമായ കാരണങ്ങൾ

**'ക്രിസ്ത്യാനികൾക്ക് യാതൊരു പ്രമാണവുമില്ലെന്ന് യഹൂദികൾ പറയുന്നു. യഹൂദികൾക്ക് യാതൊരു പ്രമാണവുമില്ലെന്നു ക്രിസ്ത്യാനികളും പറയുന്നു'. (വി. ഖുർആൻ: 2:114).**

യൂറോപ്പിൽ നടന്ന യഹൂദ വേട്ടകളുടെ മതപരമായ കാരണമെന്താണെന്ന് നമുക്ക് നോക്കാം. 'ആന്റിസെമിറ്റിസം, പോഗ്രാം, ഇൻക്വിസിഷൻ എന്നീ പേരുകളിൽ ചരിത്രത്തെ യഹൂദ രക്തം കൊണ്ട് ശോണിമമാക്കിയ ക്രിസ്ത്യാനികൾ യഹൂദരുടെ എക്കാലത്തേയും വലിയ മർദ്ദകരായിരുന്നു. യഹൂദികൾക്ക് അവരുടെ ന്യായപ്രമാണം നിവർത്തിപ്പാൻ വേണ്ടി വന്ന, വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ ആയിരുന്നു യേശു. പക്ഷേ അദ്ദേഹത്തെ യഹൂദികൾ സ്വീകരിച്ചില്ലെന്ന് മാത്രമല്ല അതിക്രൂരമായി കുരിശിലേറ്റുകയുമാണ് ചെയ്തത്. ഇതിന്റെ വർണ്ണനകൾ നാലു സുവിശേഷങ്ങളിലും കാണാം. യേശുവിന്റെ മുഖ്യപീഡകർ യഹൂദപുരോഹിതന്മാരായിരുന്നു. അവർക്കെതിരെയുള്ള യേശുവിന്റെ ഭത്സനങ്ങൾ സുവിശേഷങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. യഹൂദ മതനേതാക്കന്മാരും കപടനാട്യക്കാരുമായ പരീശരേയും ശാസ്ത്രിമാരേയും യേശു ശകാരിക്കുന്നത് നോക്കു. 'വേദജ്ഞരും ഫിസേയരും മൊശേയുടെ പീഠത്തിൽ ഇരിക്കുന്നു.... അവർ ചെയ്യുന്നത് നിങ്ങൾ പ്രമാണമാക്കരുത് കാരണം അവർ പ്രസംഗിക്കുന്നത് അവർ ചെയ്യുന്നില്ല. അവർ ദുർവ്വഹമായ ചുമടുകൾ കെട്ടുന്നു. അവ മനുഷ്യരുടെ ചുമലിൽ വെക്കുന്നു. എന്നാൽ തങ്ങളുടെ വിരൽ കൊണ്ട് സഹായിക്കാൻ പോലും അവർ ഒരുക്കമില്ല. അവർ ചെയ്യുന്നതെല്ലാം മനുഷ്യരെ കാണിക്കാൻ വേണ്ടിയാണ്. അവർ തിരുവചനങ്ങൾ എഴുതിയ നെറ്റിപ്പട്ടങ്ങൾക്ക് വീതിക്കൂട്ടുന്നു. മേലങ്കിയിലെ തൊങ്ങലുകൾക്ക് നീളം കൂട്ടുന്നു; അവർ വിരുന്നുകളിൽ മുഖ്യസ്ഥാനവും സുനഗോഗുകളിൽ ഏറ്റവും മികച്ച ഇരിപ്പിടവും ചന്തസ്ഥലങ്ങളിൽ അഭിവാദനവും മനുഷ്യരിൽ നിന്ന് 'ഗുരോ' എന്ന സംബോധനയും മോഹിക്കുന്നു. (മത്തായി: 23:27). യേശു ഒരിക്കൽ പറഞ്ഞു. 'ഞാൻ ദൈവത്തിൽ നിന്ന് വന്നവനാണ് സ്വമേധയാ വന്നവനല്ല. അവൻ എന്നെ അയച്ചതാണ്. എന്തുകൊണ്ടാണ് ഞാൻ പറയുന്നതു നിങ്ങൾ മനസ്സിലാക്കാത്തത്. എന്റെ വാക്കു കേൾക്കാൻ നിങ്ങൾക്ക് കഴിയാത്തതുകൊണ്ടുതന്നെ നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവരാണ്. നിങ്ങൾ നിങ്ങളുടെ പിതാവിന്റെ ആഗ്രഹങ്ങൾ നിറവേറ്റാനാണ് നിങ്ങൾ ഇച്ഛിക്കുന്നത് അവൻ ആദി മുതൽക്കു തന്നെ കൊലയാളിയായിരുന്നു. അവന് സത്യവുമായി ബന്ധവും ഇല്ല. കാരണം അവനിൽ സത്യം ഇല്ല നുണ പറയുമ്പോൾ അവൻ സ്വന്തം പ്രകൃതിയനുസരിച്ചു സംസാരിക്കുന്നു. അവൻ നുണയും നുണയുടെ പിതാവുമാണ് (യോഹാ: 42-45). ബൈബിൾ സുവിശേഷങ്ങളിൽ ജൂതന്മാരെ പറ്റി യേശുവിന്റെ രൂക്ഷമായ പരാമർശങ്ങൾ യോഹന്നാനിലാണ് ഉള്ളത്. അതുകൊണ്ട് സുവിശേഷകാരനായ യോഹന്നാനെ ക്രിസ്ത്യാനികളുടെ യഹൂദവിരോധത്തിന്റെ (ആന്റി സെമിറ്റിസത്തിന്റെ) ആചാര്യനായി ചിലർ വിശേഷിപ്പിക്കുന്നുണ്ട്. (4)

അപ്പോസ്തലനായ സെന്റ്പോളിന്റെ നിലപാടുകളും യഹൂദവിരോധത്തിന് കാരണമായിതീർന്നു. യേശു ന്യായപ്രമാണം പാലിക്കുകുയം പാലിക്കണമെന്ന് പറയുകയുമാണ് ചെയ്തത്. (മത്താ: 5:17-20, 19:16-19). എന്നാൽ സ്വന്തം യഹൂദപാരമ്പര്യം നിഷേധിച്ചു കൊണ്ട് പൗലൂസ് എന്ന റോമൻ പേരും പൗരത്വവും സ്വീകരിച്ച ശൗൽ യഹൂദരുടെ ന്യായപ്രമാണത്തെത്തന്നെ തള്ളിപ്പറയുകയാണുണ്ടായത്. യഹൂദപാരമ്പര്യത്തിൽ നിന്നും ക്രിസ്തുമതത്തെ യഹൂദവിരോധത്തിന്റെ പന്തിയിലേക്ക് നയിച്ചതിൽ പോളിന്റെ പങ്കും ചെറുതല്ല. സുവിശേഷ പ്രചാരണത്തിനിറങ്ങിയ പൗലോസിനെ കൊല്ലുമെന്ന് 40 യഹൂദികൾ ശപഥം ചെയ്തതായി ബൈബിൾ പറയുന്നു. ആ സന്ദർഭത്തിൽ ഈ റോമൻ പൗരത്വമാണ് അദ്ദേഹത്തെ തൽക്കാലം തുണച്ചതെന്ന് ബൈബിൾ സാക്ഷിക്കുന്നു.

യേശുവിനെ ക്രൂശിച്ചു കൊല്ലണമെന്ന് മുറവിളി കൂട്ടിയ യഹൂദജനതയുടെ മുമ്പിൽവെച്ച് 'ഈ പാപത്തിൽ തനിക്ക് പങ്കില്ലെന്ന് വരുത്തുവാൻ പീലാത്തോസ് കൈകഴുകിയപ്പോൾ യഹൂദികൾ വിളിച്ചുപറഞ്ഞ വചനങ്ങൾ ഏതൊരു ക്രിസ്ത്യാനിയുടെ ഹൃദയത്തിലും യഹൂദികളോടു തീരാപക സൃഷ്ടിക്കാൻ പോന്നതായിരുന്നു. 'അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്താനങ്ങളുടേ മേലും ആയിരിക്കട്ടെ' (മത്താ: 27:25) എന്നായിരുന്നു യഹൂദികൾ പീലാത്തോസിനോട് വിളിച്ചു പറഞ്ഞത്. മഹാനായ യേശുവിനെ ക്രൂശിച്ചതിൽ പുണ്യം ആഘോഷിക്കുന്ന ബൈബിളിൽ നിന്നുള്ള ഈ ക്രൂരമായ നിന്ദാവചനം ചർച്ചകളിൽ മുഴങ്ങുമ്പോൾ ആക്രമാസക്തരായി യഹൂദവേട്ടക്കിറങ്ങുന്ന ക്രിസ്തീയ കലാപകാരികളുടെ വേലിയേറ്റങ്ങൾ മദ്ധ്യകാലയൂറോപ്പിലെ സ്ഥിരം പ്രതിഭാസമായിരുന്നു.

യഹൂദവിരോധത്തിന് മതപരമായ കാരണം ബൈബിൾ പരാമർശങ്ങൾ മാത്രമല്ല - യഹൂദികളുടെ മതസാഹിത്യങ്ങളിൽ മിശിഹായായ ക്രിസ്തുവിനെതിരെ എഴുതിയ അങ്ങേയറ്റം ജുഗുപ്സാവഹമായ നിന്ദാവചനങ്ങൾ കൂടിയാണ്. പിതൃരഹിതനായ യേശു. ജാര സന്താനം(നഊദുബില്ലാ - ദൈവത്തിൽ ശരണം) എന്നാണ് യഹൂദികൾ വിശ്വസിക്കുന്നത്. Christianity A Journey from Facts to Fiction എന്ന പുസ്തകത്തിൽ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) യഹൂദികളുടെ ഇത്തരം അധമസാഹിത്യത്തെപ്പറ്റി ഒരു വിവരണം നൽകുന്നത് കാണുക.

'യഹൂദജനതയുടെ മതപരമായ സകലജ്ഞാനങ്ങളും വിശ്വാസങ്ങളും

വ്യാഖാനിക്കുന്ന ഒരു സൈദ്ധാന്തിക പുസ്തകമാണ് 'തൽമൂദ്'. അതിന്റെ അദ്ധ്യാപന പ്രകാരാരം യേശുവിന്റെ ജനനം ജാര മാർഗ്ഗത്തിലൂള്ളതാണ് എന്ന് മാത്രമല്ല. യേശുവിന്റെ മാതാവ് ഋതുമതിയായിരുന്നപ്പോൾ പിശാചുമായുണ്ടായ വേഴ്ചയിലാണ് അദ്ദേഹം ജന്മം കൊണ്ടത് എന്നു എഴുതുന്നു. വീണ്ടും തൽമൂദ് അക്കാര്യം വിശദീകരിക്കുന്നണ്ട്. യേശുവിന്ന് ഈസാവു (Esau) വിന്റെ ആത്മാവാണുണ്ടായിരുന്നത്. അയാൾ ഒരു വിഡ്ഢിയായിരുന്നു. ഒരു ആഭിജാരകൻ, ലൈംഗികമായി വഴി പിഴപ്പിക്കുന്നവനുമായിരുന്നു അയാൾ. അതുകൊണ്ട് അയാളെ ക്രൂശിച്ചു നരകത്തിൽ തള്ളി. അനുയായികളാൽ അയാൾ എക്കാലത്തേക്കും ഒരു ബിംബമായി. താഴെ കാണുന്ന ഉദ്ധരണി റവ: ഐ.ബി.പ്രാനൈറ്റിഡ് എഴുതിയ The Thalmud Unmasked (തൽമൂദ് മുഖം മൂടിയില്ലാതെ) എന്ന പുസ്തകത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

താഴെ കൊടുത്തത് 'കല്ലാഹ്' (Kallah) (18b) എന്ന ലഘുലേഖയിൽ വിവരിച്ചതാണ്.

"ഒരിക്കൽ മുതിർന്നവർ പടിവാതിൽക്കൽ ഇരിക്കുകയായിരുന്നു. രണ്ട് യുവാക്കൾ കടന്നുപോയി. ഒരാളുടെ തലമറച്ചിരുന്നു. മറ്റയാൾ തലമറച്ചിരുന്നില്ല. റബ്ബി ഏലീസർ രേഖപ്പെടുത്തുന്നു, തല മറക്കാത്തവൻ ജാരനായിരുന്നു. അതായത് ഒരു മംമ്സർ (Mumzer). റബ്ബി ജോഷ്വാ പറയുന്നു: അവനെ ഗർഭം ധരിച്ചത് ആർത്തവ സമയത്തായിരുന്നു അതായത് 'ബൻനിദ്ദാഹ്' (Benniddah) ആയിരുന്നു. റബ്ബി അകിബാഹ് പറയുന്നു: അയാൾ ഇത് രണ്ടുമായിരുന്നു'. ഇത് പറഞ്ഞ ഉടനെ റബ്ബി അകിബാഹ്നോട് മറ്റുള്ളവർ ചോദിച്ചു. 'താങ്കൾ എന്തു കൊണ്ട് മറ്റുള്ളവരിൽ നിന്നും വിഭിന്നമായി ഇത് പറയുന്നു? അദ്ദേഹം മറുപടി പറഞ്ഞു: 'ഞാൻ പറയുന്നത് എന്താണെന്ന് എനിക്ക് തെളിയിക്കാൻ സാധിക്കും'. ചന്തയിൽ പച്ചക്കറി വിറ്റുകൊണ്ടിരുന്ന ആ ചെക്കന്റെ അമ്മയുടെ അടുത്ത് ഞാൻപോയിരുന്നു. ഞാനവളോട് പറഞ്ഞു : 'എന്റെ മകളേ, ഞാൻ ചോദിക്കുന്നതിന് നീ സത്യസന്ധമായി ഉത്തരം പറഞ്ഞാൽ പരലോകത്ത് നീ രക്ഷിക്കപ്പെടും.' വാഗ്ദാനം പാലിക്കണമെന്ന് അദ്ദേഹത്തോടു അവൾ ആവശ്യപ്പെട്ടു, റബ്ബി അകിബാഹ് അപ്രകാരം സമ്മതിച്ചു. പക്ഷേ, അയാളുടെ ചുണ്ടുകൾ മാത്രമായിരുന്നു അത് പറഞ്ഞത്. അയാളുടെ ഹൃദയം ആ വാഗ്ദാനം നിഷേധിച്ചിരുന്നു അതിന്ശേഷം അവളോട് ചോദിച്ചു. 'ഇനി പറയൂ, ഏത് തരത്തിലുള്ള പുത്രനാണ് ഇവൻ'. അതിന് അവൾ ഉത്തരം പറഞ്ഞു: 'ഞാൻ വിവാഹം കഴിച്ച ദിവസം ആർത്തവകാരിയായിരുന്നു. ഇത് കാരണം എന്റെ ഭർത്താവ് എന്നെ വിട്ടകന്നിരുന്നു. പക്ഷെ ഒരു പിശാച് എന്റെ അരികിൽ വരികയും എന്നോടൊപ്പം ശയിക്കുകയും ചെയ്തു. ഈ വേഴ്ചയിലാണ് എനിക്ക് ഇവൻ ജനിച്ചത്' അങ്ങനെയാണ് ഈ യുവാവ് ജാരനാണെന്ന് മാത്രമല്ല ആർത്തവകാരിയായിരിക്കുമ്പോൾ മാതാവിന് ജനിച്ചവനാണ് എന്ന് തെളിഞ്ഞത്. റബ്ബിയോട് ചോദ്യം ചോദിച്ച ആളുകൾ ഇത് കേട്ടപ്പോൾ ഒന്നടങ്കം പ്രഖ്യാപിച്ചു. "റബ്ബി അകിബാഹ് മഹാനാണ്, അദ്ദേഹം തന്റെ പൂർവ്വികരെ സത്യപ്പെടുത്തിയിരിക്കുന്നു'. അവർ ആശ്ചര്യപ്പെട്ടു. 'ജോസഫിന്റെ മകനെ പറ്റി സത്യം വെളിപ്പെടുത്തിയ ഇസ്രായേലിന്റെ ദൈവത്തിന് സ്തുതിയായിരിക്കട്ടെ!"

'യഹൂദർ യേശുവിനെപ്പറ്റിയും അദ്ദേഹത്തിന്റെ മാതാവ് മറിയയെപ്പറ്റിയും മനസ്സിലാക്കിയ കഥ അവരുടെ തൊൽദാത്ത് ജേഷ്വാ (Toldath Jescha = യേശുവിന്റെ തലമുറ)' എന്ന പുസ്തകത്തിലും ഇതേ വാക്കുകളിൽ തന്നെ നമ്മുടെ രക്ഷകന്റെ ജനനകഥ വിവരിച്ചിരിക്കുന്നു).'The Thalmud Unmasked' by Rev. I. B. J Pranaitis, Chap. I, P.30.

മഹാനായ യേശുവിന്റെ വിശുദ്ധ നാമത്തിനും പ്രതിഛായക്കും മേൽ കൊടുംപകയുള്ള അദ്ദേഹത്തിന്റെ ശത്രുക്കൾ വാരിയെറിഞ്ഞ കെട്ടുനാറുന്ന മാലിന്യങ്ങൾക്കെതിരെ മനുഷ്യനിലുള്ള മാന്യത പ്രതിഷേധിക്കാതിരിക്കില്ല. തീർച്ചയായും യേശുവിനെ ഗർഭം ധരിച്ചത് ചാരിത്രവതിയും വിശുദ്ധ കന്യകയുമായ മറിയമാണ്. നമ്മുടെ ദൈവത്തിന്റെ, പിരിധിയില്ലാത്ത സൃഷ്ടി ലീലകളല്ലാതെ മറ്റൊന്നും തന്നെ യേശുവിന്റെ ഗർഭധാരണത്തിൽ സംഭവിച്ചിട്ടില്ല. ഋതുമതിയായിരിക്കുമ്പോൾ പിശാചുമായി വേഴ്ചനടത്തി ഗർഭിണയായി എന്ന പരാമർശം കൂടുതൽ നന്നായി ച്ചേരുക പകയുടെ ഗർഭം ധരിക്കുന്ന മനസ്സുകൾക്കാണ്. കഷ്ടം! വിശുദ്ധാത്മാക്കളുടെ ധർമ്മ പത്നിമാരെക്കുറിച്ച് മാത്രമല്ല അവരുടെ വിശുദ്ധമാതാക്കൾക്കെതിരെയും മനോവൈകൃതം ബാധിച്ചവരുടെ നാവ്യം തൂലികയും വിഷവും മാലിന്യവും ചീറ്റുകയാണ്.

...... 'ഇത്തരം പൈശാചികമായ കളവുകളിൽ വിശ്വസിക്കുന്നവർ വമ്പിച്ച വെറുപ്പോ അതോ സഹതാപമോ ഏതാണ് അർഹിക്കുന്നത് എനിക്കൊന്നും പറയാൻ സാധിക്കുന്നില്ല (Thalmud Unmasked -Rev. I.B. Pranaitis) 5 (തുടരും)

**Reference:**


1. Sheila Ahmed - Awaiting The Davidic Messiah - Review of Religions (London) Sept. 1994.

2. Max. 1. Dimount - Jews God and History (Penguin) P. 109.

3. Ibid. P. 114.

4. Religious Encyclopeadia, Under the title of - Anti semitism P. 324

5. Hazrath Mirsa Thahir Ahmed - 'Christianity' a Journey From Fact to Fiction.

6. James A Michner - The source (Corgi Books) P. 450.


## പ്രാർത്ഥന

പറയുക, 'നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വിലവെക്കാനാണ്.

**(വി. ഖുർആൻ 25:78)**

# ജൂതമതം – ഒരു ലഘുപരിചയം

ഡേവിഡ് ഗ്രുൻ വെഗ്

## ഷെഫീൽഡിലെ (ഇംഗ്ലണ്ട്) ഒരു സർവ്വ മതസമ്മേളനത്തിൽ ഷെഫീൽഡ് ജൂതസമൂഹത്തിന്റെ പ്രസിഡണ്ട് ചെയ്ത പ്രഭാഷണം

ജൂതന്മാർ ലോകത്തിലെ ഏറ്റവും പുരാതനമായ ജനതകളിലൊന്നാണ്. ഞങ്ങളുടെ ചരിത്രത്തിന് 4000 വർഷത്തെ പഴക്കമുണ്ട്. ഞങ്ങൾ ഞങ്ങളുടെ പൂർവ്വപിതാക്കളായ അബ്രഹാം, ഇസ്ഹാക്ക്, യാക്കോബും അവരുടെ ഭാര്യമാരായ സാറ, റബേക്ക, റേച്ചൽ, ലേഹ എന്നിവരുടെ പിന്തുടർച്ചയിൽപ്പെട്ടവരാണ്. യഹൂദന്മാർ തങ്ങൾ ഒരു പുരാതനജനതയാണെന്ന് അഭിമാനിക്കുകയും അവരുടെ ചരിത്രത്തെ സംബന്ധിച്ച് ശക്തമായ അവബോധമുള്ളവരുമാണ്.

ജൂതമതത്തിന്റെ ഏറ്റവും അടിസ്ഥാന പ്രമാണം ഏകദൈവത്വമാണ്. കൃഷി, മഴ, രോഗം, ജനനം, മരണം മുതലായവയെല്ലാം പലവിധ ദൈവങ്ങളാണ് നിയന്ത്രിക്കപ്പെടുന്നതെന്ന് കരുതിയിരുന്ന മറ്റുള്ള ജനതയിൽ നിന്നു ജൂതന്മാരുടെ ഈ ഏകദൈവ സങ്കല്പം അവരെ വേർതിരിച്ചു നിർത്തി. ദൈവമാണ് പ്രപഞ്ചത്തിന്റെയും സകലതിന്റെയും സ്രഷ്ടാവ്. ഓമ്നിപൊട്ടന്റ് – സർവ്വശക്തൻ ഓമ്നീസിയെന്റ് – സർവ്വജ്ഞാനി ഓമ്നീ പ്രസന്റ് – സർവ്യാപി.

യഹൂദന്മാർ ദൈവം പരിശുദ്ധനാണെന്ന് വിശ്വസിക്കുന്നു. സമ്പൂർണ്ണമായ നന്മ നിറഞ്ഞവനാണെന്നും, നീതിമാനാണെന്നും വിശ്വസിക്കുന്നു. അതുപോലെ മനുഷ്യരും ആയിത്തീരണമെന്ന് ദൈവം ഇച്ഛിക്കുന്നു. സർവ്വശക്തൻ എന്ന നിലക്ക് ദൈവം മനുഷ്യന്റെ സ്വതന്ത്രേച്ഛയെ പിന്തുണക്കുകയും അത് പ്രകടിപ്പിക്കാൻ അനുവദിക്കുകയും ചെയ്യുന്നു. നന്മയും തിന്മയും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യന് നൽകിയിരിക്കുന്നു. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം നേരിട്ടുള്ളതാണ്. അതിന്നിടയിൽ യാതൊരു മദ്ധ്യവർത്തിയുമില്ല. മനുഷ്യൻ പ്രാർത്ഥനയിലൂടെ ദൈവവുമായി സംവദിക്കുന്നു. ദൈവം എല്ലായ്പ്പോഴും പ്രാർത്ഥന കേൾക്കുന്നു.

ദൈവം മനുഷ്യവംശത്തിന്റെ മുഴുവൻ ദൈവമാണ്. നോഹയുടെ നിയമത്തിലൂടെ മനുഷ്യവംശത്തിന് മുഴുവൻ മാർഗ്ഗനിർദ്ദേശം നൽകി. ആ നിയമം മനുഷ്യന്ന് ധാർമ്മികവും ആദ്ധ്യാത്മികവുമായ മാർഗ്ഗദർശനം നൽകുന്നു. നോഹയുടെ നിയമം ഏഴ് തത്വങ്ങൾ ഉൾകൊള്ളുന്നു. അത് ബിംബാരാധന, ദൈവനിന്ദ, കൊലപാതകം, കളവ്, ലൈംഗികമായ തിന്മ, മൃഗങ്ങളോടുള്ള ക്രൂരത, എന്നിവ തടയുന്നു. നീതി നടപ്പാക്കുന്ന ജനങ്ങളെ ആ നിയമം കൂട്ടായ്മയോടെ ജീവിക്കാൻ അനുവദിക്കുന്നു. ജൂത വിശ്വാസപ്രകാരം ഇതാണ് മനുഷ്യന്റെ സാംസ്കാരികജീവിതത്തിന്റെ അടിസ്ഥാനങ്ങൾ.

ജൂതന്മാർ ചിലപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ജനതയാണെന്ന് വിളിക്കപ്പെടാറുണ്ട്. ദൈവത്തിന്റെ ഇഷ്ടജനം എന്ന നിലക്ക് ഇതിനെ എടുക്കരുത്. യഹൂദ ചിന്തയനുസരിച്ച് നോഹയുടെ നിയമമനുസരിച്ച് മനുഷ്യൻ ദൈവത്തെ സേവിക്കേണ്ടതുണ്ട്. എന്നാൽ ജൂതന്മാർക്ക് കൂടുതലായി 613 കല്പനകൾ അഥവാ മിസ്വോത്ത്കളുണ്ട്. ഇത് യഹൂദജനതയും ദൈവവും തമ്മിലുള്ള ഒരു കരാറാണ്. ഈ കരാർ പരിപാലിക്കുന്നതിലൂടെ അവർ പരിശുദ്ധത ഭൂമിയിലേക്ക് കൊണ്ടുവരുന്നു. ദൈവത്തെ മനുഷ്യർക്കെല്ലാം അറിയാനായി ലോകത്തെ തയ്യാറാക്കുകയും ചെയ്യുന്നു.

613 മിസ്വോത്തിൽ 10 കല്പനകളും നോഹയുടെ 7 നിയമങ്ങളും ഉൾക്കൊള്ളുന്നു. അത് 248 സമ്മതങ്ങളും 365 നിരോധനങ്ങളും ഉൾക്കൊള്ളുന്നു. മതപരമായ എല്ലാ പ്രവർത്തനങ്ങളും, ആചാരങ്ങളും, ശാബത്തിന്റെ നിയമങ്ങളും ഉത്സവങ്ങളും അടങ്ങിയതാണവ. മാത്രമല്ല വ്യക്തിപരവും സാമൂഹ്യവുമായ ബന്ധങ്ങൾ, പരീക്ഷണങ്ങൾ, വിവാഹമോചനചട്ടങ്ങൾ, ഭക്ഷണ–ആഹാരനിയമങ്ങൾ എന്നിവയും ഉൾക്കൊള്ളുന്നു. ഈ മിസ്വോത്തുകൾ ആചരിക്കുകയെന്നാൽ അച്ചടക്കപൂർണ്ണമായ ജീവിതവും സ്വഭാവശുദ്ധിയും പാലിക്കുക എന്നാണർത്ഥം.

ജൂതന്മാർ മറ്റു ജനങ്ങളെ അവരുടെ മതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാൻ ശ്രമിക്കാറില്ല. കാരണം ദൈവത്തെ പ്രാപിക്കാൻ നിരവധി വഴികളുണ്ടെന്ന് അവർ വിശ്വസിക്കുന്നു. മിശിഹാ വരുമെന്ന് ജൂതന്മാർ വിശ്വസിക്കുന്നു. അദ്ദേഹം ജെറുസലേമിലെ ക്ഷേത്രം പുതുക്കിപ്പണിയുമെന്നും എല്ലാ ജനതയും അവിടെ ആരാധി

*(ശേഷം 23 -ാം പേജിൽ)*

# മൂസാനബി (അ)യുടെ ആത്മീയ പ്രയാണം

ഏ.പി. കുഞ്ഞാമു

**ഒരു യുവാവിനോടൊപ്പവും അതിനുശേഷം ജ്ഞാനിയായ ഒരു ദൈവദാസനോടൊത്തുമുള്ള മൂസാനബി (അ) യുടെ യാത്രയെ സംബന്ധിച്ച് സൂറ : കഹ്ഫിൽ വിവരിക്കുന്നു. ഭൗതികാർത്ഥ ത്തിൽ അവ്യാഖ്യേയമായ ആ യാത്ര മുഹമ്മദ് നബി(സ) ക്കുണ്ടായ ഇസ്റാഅ് (നിശാപ്രയാണം) പോലെ മൂസാനബി (അ) യുടെ ഒരു ആത്മീയ യാത്ര (ഇസ്റാഅ്) യായിരുന്നു.**

"മൂസ തന്റെ യുവാവായ കൂട്ടുകാരനോട് പറഞ്ഞ സന്ദർഭം (ഓർക്കുക) . രണ്ടു സമുദ്രങ്ങളുടെ സംഗമ സ്ഥാനത്ത് എത്തുകയോ അല്ലെങ്കിൽ നൂറ്റാണ്ടുകളോളം സഞ്ചരിക്കുകയോ ചെയ്യുന്നതുവരെ ഞാൻ യാത്ര തുടർന്നുകൊണ്ടിരിക്കും." (18:61)

മുമ്പു വിവരിച്ചതുപോലെ യേശുവിന്റെ അനുയായികൾ ലോകചരിത്രത്തിൽ രണ്ടുതവണ അവരുടെ വിജയഗാഥ കുറിക്കുകയുണ്ടായി. ഈ രണ്ടു കാലഘട്ടത്തെയാണ് 33ാം വചനത്തിൽ രണ്ടു തോട്ടങ്ങളായി വിവരിച്ചത്. അതിൽ ഒന്ന് കോൺസ്റ്റന്റയിൻ രാജാവിന്റെ ക്രിസ്തുമതാശ്ലേഷണം തൊട്ടു തിരുനബി(സ:അ) യുടെ കാലഘട്ടം വരെ നിലനിന്നു. അതിൽ രണ്ടാമത്തെ ഏറ്റവും പ്രധാനപ്പെട്ട ഔന്നത്യത്തിന്റെ കാലഘട്ടം നാമിന്ന് ജീവിച്ചിരിക്കുന്ന കാലഘട്ടമാണ്. ഇപ്പോഴാണ് പാശ്ചാത്യ ക്രിസ്ത്രീയ ശക്തികളുടെ ഭൗതികമായ മുന്നേറ്റങ്ങളുടെ പാരമ്യം ദർശിച്ചത്. പുരോഗമനത്തിന്റെ എല്ലാ മാർഗ്ഗവും അവരുടെ കരവലയത്തിലാണ്. മൂന്നാം ലോകം ഇന്നു അവരുടെ ആജ്ഞാനുവർത്തികളായി നിൽക്കുന്ന ഒരു കാഴ്ചയാണ് നമുക്കു കാണാൻ സാധിക്കുന്നത്. എന്നാൽ ഈ രണ്ടു തോട്ടങ്ങളുടെ ഇടയിൽ ഒരു അരുവി ഒഴുകിപ്പോകുന്നുണ്ട്. (18:34). ഈ "അരുവിയാണ്" റസൂൽ തിരുമേനി (സ:അ)യുടെ ജനനവും പ്രവാചകാവതാരവും പ്രതിനിധീകരിക്കുന്നത്. ക്രിസ്ത്യാനികളുടെ രണ്ടു പുരോഗതിയുടെ കാലഘട്ടത്തിന്റെ മദ്ധ്യേയാണ് ഈ "അരുവി" ഉള്ളത്. ഇടവേളയിൽ ഇസ്ലാമും പ്രവാചകപ്രഭുവും അദ്ദേഹത്തിന്റെ അനുയായികളും ചരിത്രത്തിൽ അവരുടെ വ്യക്തിമുദ്ര പതിപ്പിക്കുകയുണ്ടായി. ഈ ചരിത്രത്തിന് ഒരു വ്യവസ്ഥ നൽകിക്കൊണ്ടാണ് മൂസാനബി (അ)യുടെ ഇസ്രാഅ് (നിശാപ്രയാണത്തെ) ഇവിടെ അനാവരണം ചെയ്തിരിക്കുന്നത്. മൂസാ നബി(അ) തന്നെപ്പോലെയുള്ള ഒരു പ്രവാചകനെപ്പറ്റി ദീർഘ ദർശനം ചെയ്തിരുന്നു. (Deut 18:18) ഈ പ്രവചനം വിശുദ്ധ ഖുർആനും 73:16ൽ ഉദ്ധരിച്ചിട്ടുണ്ട്. ഗുഹാവാസികളുടെയും യഅ്ജൂജ് മഅ്ജുജ് ദുൽഖർനൈന്റെയും ചരിത്രത്തിനിടയിലാണ് മൂസാനബിയുടെ (അ) "ഇസ്രാഅ്" യെപറ്റി പ്രതിപാദിക്കുന്നത്. അപ്പോൾ ക്രിസ്ത്യാനികളുടെ രണ്ടുവിജയഘട്ടത്തിനിടയിൽ മൂസാനബി(അ)ന്റെ സദൃശനായി മുഹമ്മദുനബി(സ) ആവിർഭവിക്കുമെന്നാണ്. ഇങ്ങനെ വിശുദ്ധ ഖുർആൻ തന്നെ ചരിത്രത്തെ ഒരു ശൃംഖലയിൽ അവതരിപ്പിച്ചിരിക്കുകയാണ്.

ഈ "ഇസ്രാഅ്"യെക്കുറിച്ചു അത്ഭുതകരമായ പല കഥകളും ഖുർആൻ വ്യാഖ്യാതാക്കൾ മിനഞ്ഞെടുത്തിട്ടുണ്ട്. മൂസാനബി(അ) ദർശിച്ച ദൈവദാസനെ സംബന്ധിച്ചും മൂസാനബിയുടെ കൂടെ പോയ യുവാവിനെ സംബന്ധിച്ചും ദൈവദാസന്റെ കൂടെയുള്ള യാത്രാവിവരണത്തെപ്പറ്റിയും ഇതൊക്കെ ജഢികമായി നടന്നതായിട്ടാണ് അധിക വ്യാഖ്യാതാക്കളും വിലയിരുത്തിയത്. ഇതിന്റെ ആത്മീയമായ വ്യാഖ്യാനം അവർക്ക് അന്യമായിരുന്നു. അവർ നൽകിയ വ്യാഖ്യാനങ്ങളെല്ലാം വളരെയധികം തെറ്റിദ്ധാരണാജനകവും യുക്തിഹീനവുമാണ്.

മൂസാനബി(അ)യുടെ "ഇസ്രാ"യും റസൂൽ തിരുമേനി (സ:അ) യുടെ "ഇസ്രാ"യും രണ്ടും ആത്മീയ ദർശനങ്ങളായിരുന്നു, ജഢികമായിരുന്നില്ല എന്ന ഈ അഭിപ്രായത്തോട് വിശുദ്ധ ഖുർആനും, ബൈബിളും യോജിക്കുന്നു.

(1) മൂസാനബി(അ)യുടെ ജീവിതദർശനങ്ങളെക്കുറിച്ചു വിശ്വാസയോഗ്യമായ ചരിത്രം നമുക്ക് ബൈബിളിൽ നിന്നു

ലഭ്യമാണ്. എന്നാൽ ബൈബിളിൽ “ഇസ്രാഅ്” സംബന്ധമായ അതായത് മൂസാനബി(അ) ഇങ്ങനെയൊരു യാത്ര നടത്തിയതിനെപ്പറ്റി ഒരു പരാമർശവും കാണാൻ സാദ്ധ്യമല്ല. മൂസാനബി(അ) പ്രവാചകവാദത്തിന് മുമ്പായി (Midian) മിഡിയൻ എന്ന സ്ഥലത്തേക്ക് ഒരു യാത്ര പോയതായി ഖുർആനും ബൈബിളും പറയുന്നുണ്ട്. വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലായി ഈ യാത്ര പരാമർശിക്കുന്നുണ്ട്. ഈ യാത്ര മൂസനബി(അ) തനിച്ചായിരുന്നു നടത്തിയത് എന്നും രണ്ട് ഗ്രന്ഥങ്ങളും പറയുന്നുണ്ട്. എന്നാൽ ഈ സൂറായിൽ മൂസാനബി(അ) ഒരു യുവാവുമൊന്നിച്ചാണ് യാത്ര ചെയ്തതായി കാണുന്നത്. മൂസാനബിക്ക് (അ) നുബുവ്വത്ത് ലഭിച്ചശേഷം ഇങ്ങനെ ഒരു യാത്രയെക്കുറിച്ചു ബൈബിൾ ഒന്നും തന്നെ പറയുന്നില്ല. മൂസാനബി(അ)യുടെ ചരിത്രം വളരെ വിശദമായി ബൈബിളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. മൂസാനബി(അ) തൂർ പർവ്വതത്തിലേക്ക് കുറച്ചുദിവസത്തേക്ക് ഒരു യാത്ര പോയപ്പോൾ അദ്ദേഹത്തിന്റെ അനുയായികൾ ഒരു പശുക്കുട്ടിയെ ആരാധിച്ചു. വെറും 40 ദിവസത്തെ ഒരു യാത്രയായിരുന്നു അത്. അപ്പോഴേക്കും അവരിൽ ഉണ്ടായ ആത്മീയാധഃപതനം നാം കണ്ടു. അതാണെങ്കിൽ ബൈബിൾ വളരെ വിശദീകരിച്ചുപറയുന്നുണ്ട്. എന്നാൽ “ഇസ്രാ” യിൽ പ്രതിപാദിച്ച യാത്ര അതിലും കൂടുതൽ സമയം എടുക്കുന്ന ഒരു യാത്രയാണ്. അങ്ങനെ വരുമ്പോൾ ദൈർഘ്യമുള്ള ഈ യാത്രയിൽ അവരിലെ ബലഹീനരായ വിശ്വാസക്കാരിൽ ഉണ്ടായേക്കാവുന്ന ആത്മീയ അധഃപതനം ഊഹിക്കാവുന്നതാണ്. എന്നിട്ടും ബൈബിൾ അതു സംബന്ധിച്ചും ഒന്നും തന്നെ പറയുന്നില്ല. മൂസാനബി(അ)യുടെ “തൂർ” മലയിലെ യാത്രാവേളയിൽ അദ്ദേഹത്തിന്റെ സഹോദരൻ ഹാറൂൻ നബി (അ)യെ തന്റെ പ്രതിനിധിയായി നിശ്ചയിച്ചിരുന്നു. അതിനുശേഷം എപ്പോഴെങ്കിലും മൂസാനബി(അ) തന്റെ അഭാവത്തിൽ ഒരാളെ തന്റെ പ്രതിനിധിയായി നിർത്തിയതായി ചരിത്രത്തിൽ ദർശിക്കാൻ സാദ്ധ്യമല്ല. എന്നാൽ ഈ ദൈർഘ്യ മുള്ള ഒരു യാത്ര ഉണ്ടായിട്ടും മൂസാനബി(അ) ഒരു ഖലീഫയെ തനിക്ക് പകരമായി അവരോധിച്ചില്ല എന്ന കാര്യം ചിന്തനീയമാണ്. പ്രവാചകന്മാരുടെ നടപടിക്രമങ്ങളിൽ അവരുടെ ജനതയിൽ നിന്ന് ദീർഘകാലം വിട്ടുനിൽക്കുന്ന അവസ്ഥ ഉണ്ടാകാറില്ല. ചിലപ്പോൾ ചില പ്രവാചകന്മാർ പ്രേഷിത പ്രവർ ത്തനത്തിനായി ചില യാത്രകൾ ചെയ്തിരിക്കാം. അതും അവർ നിയോഗിതരായ ജനത്തിന് വേണ്ടി തന്നെയായിരിക്കും. ചിലർ മുൻകൂട്ടി തീരുമാനിച്ച ചില പരിപാടികൾ അനുസരിച്ചുള്ള യാത്രകൾ ചെയ്യും. അതും അവരുടെ ജനങ്ങളുമായി ബന്ധപ്പെട്ട നിലയിലായിരിക്കും. യേശു (ഈസാനബി) (അ) വിന്റെ ജീവിതത്തിൽ ആദ്യം പലസ്തീനിൽ തന്റെ ജനതക്ക് പ്രബോധനം ചെയ്തു: പിന്നീട് കുരിശ് സംഭവത്തിനുശേഷം പ്രവാസികളായി വിദൂര ദിക്കുകളിൽ കഴിഞ്ഞിരുന്ന തന്റെ ജനങ്ങൾക്ക് ദൈവികസന്ദേശമെത്തിക്കാൻ ദീർഘയാത്ര നടത്തുകയുണ്ടായി. അതിന്റെ ഭാഗമായിട്ടാണ് അദ്ദേഹം കാശ്മീരിലുമെത്തിയത്. എന്നാൽ ഈ സൂറഃയിൽ വിവരിച്ച മൂസാ നബി(അ) യാത്ര ഏതെങ്കിലും മിഷനറിപ്രവർത്തത്തിനോ ഏതെങ്കിലും തരത്തിൽ തന്റെ ജനതക്ക് വേണ്ടിയോ ആയിരുന്നില്ല. തന്നേക്കാൾ ജ്ഞാനിയായ ഒരാളെ തേടിക്കൊണ്ടുള്ളതായിരുന്നു അദ്ദേഹത്തിന്റെ യാത്ര. ‘മജ്മ ഉൽ ബഹ്റൈൻ’ എന്നു പേരുള്ള ഒരുസ്ഥലം തന്നെ ലോകത്ത് എവിടെയും ഇല്ല. അതു തന്നെ പ്രസ്തുത സംഭവം ഒരു ആത്മീയ ദർശനമാണെന്നു സൂചിപ്പിക്കുന്നു. ഈജിപ്ത് വിട്ടശേഷം മൂസാനബി(അ) താമസിച്ച രാജ്യത്തോടു സമീപത്തുള്ള രണ്ടു ബഹറുകൾ യോജിക്കുന്ന സ്ഥലം ബാബൽ മൻഡൽ ആണ് (Babal - Mandal) ഇത് ചെങ്കടലിനേയും ഇന്ത്യൻ സമുദ്രത്തെയും യോജിപ്പിക്കുന്ന സ്ഥലമാണ്. പിന്നെയുള്ളത്. ദർദീനൽ കടലിടുക്കാണ് അത് മെഡിറ്ററേനിയൻ കടലും മറമോറ കടലും സംഗമിക്കുന്ന സ്ഥലമാണ്. പിന്നെയുള്ളത് അൽ ബഹ്റൈൻ. അത് പേർഷ്യൻ ഗൾഫിലെ ജലവും ഇന്ത്യൻ സമുദ്രവും സംഗമിക്കുന്ന സ്ഥലമാണ്. ഇതിൽ ഏതെങ്കിലും ഒരു സ്ഥലത്തേക്കായിരിക്കണം അദ്ദേഹം പോകേണ്ടത്. Babal - Mandal പോകേണ്ട വഴിയിലാണ് കനാൻ. ഇവിടെയാണ് അദ്ദേഹത്തിന്റെ പ്രാപ്യസ്ഥാനം. പക്ഷെ അവിടെ പോകാൻ അദ്ദേഹത്തിന്റെ ജീവിതകാലത്ത് സാധിച്ചിട്ടില്ല. മേൽ കാണിച്ച മൂന്ന് സ്ഥലവും മൂസാനബി(അ) ജീവിക്കുന്ന സ്ഥലത്ത് നിന്ന് ആയിരം മൈൽ അകലെയാണ്. ശരിയായ വാർത്താവിനിമയവും യാത്രാസൗകര്യവുമില്ലാതെ ആയിരം മൈൽ താണ്ടണമെങ്കിൽ ഒരു കൊല്ലമെങ്കിലും യാത്ര ചെയ്യണം. അത്രയും നാൾ തന്റെ ജനങ്ങളിൽ നിന്നുവിട്ടുനിൽക്കുക എന്നത് അദ്ദേഹത്തിന്റെ ജനങ്ങളുടെ ആദ്ധ്യാത്മികാവസ്ഥ പരിഗണിക്കുമ്പോൾ അസാദ്ധ്യമാണ്. മാത്രമല്ല ഇത്രയും ദൈർഘ്യമേറിയ ഒരു യാത്രയെപ്പറ്റി ബൈബിൾ നിശ്ശബ്ദമാവുകയും ചെയ്യുക എന്നതും അചിന്തനീയമാണ്. അതുകൊണ്ടു തന്നെ ഇതൊരു ആത്മീയയാത്രയായി ഗണിക്കേണ്ടതാണ്. ഇതുകൂടാതെ വിശുദ്ധ ഖുർആന്റെ വിവരണങ്ങളിലേക്ക് നാം പ്രവേശിച്ചാൽ ഇതൊരു ജഢികമായ പ്രവർത്തനമല്ല പ്രത്യുത ഇതൊരു ആദ്ധ്യാത്മികമായ അനുഭവമാണെന്ന് മനസ്സിലാകും.

ഈ ഇസ്രാഅ് ഭാവിയിൽ മുസ്ലിംകൾക്ക് വരാനുള്ള വിജയത്തെയാണ് സൂചിപ്പിക്കുന്നത്. അതേപോലെ തിരുമേനി(സ.അ)ക്ക് ഉണ്ടായ “ഇസ്റാഅ്” ഇസ് ലാമിന്ന് ഭാവിയിൽ വരാൻ പോകുന്ന വിജയത്തെയാണ് കുറിക്കുന്നത്. കൂടാതെ ഈ വിജയത്തിനുമുമ്പായി യഹൂദരിൽ നിന്നും ക്രിസ്തീയരിൽ നിന്നും വളരെയധികം പരീക്ഷണങ്ങളും അപകടങ്ങളും പീഡനങ്ങളും മുസ്ലിംകൾക്ക് ഏൽക്കേണ്ടി വരുമെന്ന താക്കീതുകൂടി നൽകിയിരിക്കുകയാണ്. രാഷ്ട്രീയമായി വളരെയധികം പ്രയാസങ്ങൾ ക്രിസ്തീയ രാഷ്ട്രങ്ങളിൽ നിന്നും മുസ്ലിം രാഷ്ട്രങ്ങൾക്ക് ഏൽക്കേണ്ടി വരും. ചുരുക്കത്തിൽ മൂസാനബി(അ)ക്കുണ്ടായ

“ഇസ്രാഅ്” ഒരാത്മീയമായ യാത്രയായിരുന്നു. അദ്ദേഹത്തിന്റെ ജഢിക ശരീരത്തോടുകൂടിയുള്ള യാത്രയായിരുന്നില്ല. റസൂൽ തിരുമേനി(സ)ക്കുണ്ടായതും ഇതേ രൂപത്തിലുള്ള “ഇസ്രാഅ്” തന്നെയായിരുന്നു.

മേൽ വിവരിച്ച തെളിവുകൾക്കു പുറമെ വിശുദ്ധ ഖുർആനിലെ മൂസാനബി(അ)യും ജ്ഞാനിയായ മനുഷ്യനുമായി ചേർന്നുള്ള യാത്രയുടെ യാത്രാവിവരണം പരിശോധിച്ചാലും പ്രസ്തുത സംഭവങ്ങൾ ഒരാത്മീയ ദർശനമായേ കരുതാൻ ഒക്കുകയുള്ളൂ. ഒരു പരാക്രമിയായ രാജാവ് ഒരു ബോട്ട് ബലമായി പിടിച്ചെടുക്കും എന്നുപറഞ്ഞു കൊണ്ട് ആ ബോട്ടിന് വലിയ ദ്വാരമുണ്ടാക്കി. ഈ ദ്വാരം ഉണ്ടാക്കിയത് ഈ ബോട്ട് പിടിക്കപ്പെടാതിരിക്കാനാണ്. എന്നാൽ ഒരു സഞ്ചരിക്കുന്ന ബോട്ടിന് ദ്വാരമുണ്ടാക്കിയാൽ പിന്നെ അതെങ്ങനെ സഞ്ചരിക്കാനാണ്? അതു വെള്ളം കയറി താണുപോവുകയില്ലേ? എന്നിട്ടും ആ ബോട്ട് എങ്ങനെ അക്രമിയായ രാജാവിൽ നിന്നു രക്ഷപ്പെട്ടു? അതെന്തുകൊണ്ട് താഴ്ന്നുപോയില്ല? മരം കൊണ്ടു നിർമ്മിക്കപ്പെട്ട ഒരു ബോട്ടിൽ വലിയൊരു ദ്വാരമുണ്ടാക്കിയാൽ അത് മുങ്ങിപ്പോവും. എന്നാൽ ആത്മീയ ദർശനങ്ങളിൽ ഇതുപോലെ സംഭവിക്കാം. അതേപോലെ ഒരു ബാലകനെ യാതൊരു കാരണവും കൂടാതെ ഒരു ജ്ഞാനി യായ മനുഷ്യൻ കൊന്നുകളയുക എന്നത് അസംഭവ്യമായ കാര്യമാണ്. പക്ഷെ ഒരു ആത്മീയദർശനത്തിൽ അതു സംഭവിക്കാം. അതേപോലെ ആ അനാഥബാലന്മാരുടെ നിധി സംരക്ഷിക്കാൻ അവരിൽ നിന്നു യാതൊരു പ്രതിഫലവും വാങ്ങാതെ ഈ ജ്ഞാനിയായ മനുഷ്യൻ ചെയ്ത നല്ലൊരു കാര്യ ത്തോട് വിശാലമനസ്കനും, ഒരു മഹൽഗ്രന്ഥം കൊണ്ടുവന്ന ഉയർന്ന അവസ്ഥയിമുള്ള മൂസാനബി(അ)യെ പോലെയുള്ള ഒരു പ്രവാചകൻ എങ്ങനെ മോശമായി പ്രതികരിച്ചു? അതും അചിന്തനീയമാണ്. ഒരു പ്രദേശത്തെ ജനങ്ങൾ ഇവർക്ക് വേണ്ട ഭക്ഷണപാനീയങ്ങൾ നൽകാത്തതുകൊണ്ടു അതിനുള്ള പ്രതികാരം ആ അനാഥ ബാലന്മാരോട് കാണിക്കണമെന്ന ശാഠ്യം ഒരു ഗ്രന്ഥവാഹകനായ പ്രവാചകനിൽ നിന്നു യാതൊരു പ്രകാരത്തിലും ഉണ്ടാവാൻ സാധ്യമല്ല. എന്നാൽ ഒരു ആത്മീയ ദർശനത്തിൽ അതു സാദ്ധ്യമാണ്. കൂടാതെ ഇബ്നു അബ്ബാസ് പറഞ്ഞതായ ഒരു ഹദീസ് ശരീഫിൽ ‘കൻസ്’ എന്ന പദത്തിന് ‘’ജ്ഞാനനിധി” യെന്ന് വ്യാഖ്യാനിച്ചുപറഞ്ഞിരിക്കുന്നു. അപ്പോൾ ഇതിൽ നിന്ന് മനസ്സിലാകുന്നത് ‘’നിധി“ തന്നെയും ആലങ്കാരികമായ ഒരു പ്രയോഗമാണെന്നാണ്. അപ്പോൾ ഈ യാത്രയിൽ പറയപ്പെട്ട എല്ലാ സംഭവങ്ങളും വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു. കാരണം ഇതൊന്നും ഭൗതികലോകത്ത് നടന്ന സംഭവങ്ങളല്ല. ആത്മീയമായ സംഭവങ്ങളാണ്. മതിലുകൾ കെട്ടിക്കൊടുത്തതും അതേപോ ലെ മര്യാദകൾ കാണിക്കാൻ ആവശ്യപ്പെട്ടതുമെല്ലാം തന്നെ ജഢികമായതല്ല മറിച്ചു ആ യാത്ര ഒരു ആത്മീയ അനുഭവങ്ങമായിരുന്നു. മറ്റൊരു കാര്യം കൂടി നാം കണക്കിലെടുക്കേണ്ടിയിരിക്കുന്നു. മൂസാനബി(അ)വിന്റെ ആത്മീയൗന്നത്യത്തിൽ എത്തിയ ഒരു പ്രവാചകൻ ദൈവജ്ഞാനിയായ ഒരു മനുഷ്യനെ തേടിപ്പോവുക എന്നത് അസംഭവ്യമായ കാര്യമാണ്. അദ്ദേഹം ഗ്രന്ഥം നൽകപ്പെട്ട ഒരു പ്രവാചകൻ ആണെന്ന് കൂടി നാം വിലയിരുത്തുക. അങ്ങനെയുള്ള ഒരു പ്രവാചകന്ന് മറ്റുള്ളവരിൽ നിന്നു എന്തു പഠിക്കാനാണുണ്ടാവുക? ഇനി ആ ജ്ഞാനിയിൽ നിന്നു പഠിച്ചതോ ഒരു ബോട്ടിന് വലിയ ദ്വാരമുണ്ടാക്കിയതും ഒരു ബാലകനെ കൊല്ലുന്നതും ഒരു മതിൽ പുനർനിർമ്മിക്കുന്നതും അതിന് കൂലിയൊന്നും വാങ്ങാതെ ചെയ്തുകൊടുത്തതും. ഇതെല്ലാം അജ്ഞാനിയായ മനുഷ്യനിൽ നിന്നുപോലും പ്രതീക്ഷിക്കാത്ത നിരർത്ഥകമായ പ്രവൃത്തിയാണ്. അത് പഠിക്കാൻ ഒരു സമുന്നതനായ പ്രവാചകൻ ഒരാളെ പിന്തുടരുന്ന കാര്യം ലജ്ജാകരമാണ്. അപ്പോൾ ഇതെല്ലാം തന്നെ വളരെയേറെ അർത്ഥധ്വനികളുള്ളതും ജ്ഞാനം ഉൾക്കൊള്ളുന്നതുമായ വ്യാഖ്യാനാർഹമായ ആത്മീയ ദർശനങ്ങളാണ്. ഒരവസരത്തിൽ ഇതു സംബന്ധിച്ചു റസൂൽ തിരുമേനി (സ:അ) ഇപ്രകാരം അരുളി ‘’പ്രസ്തുത ഘട്ടത്തിൽ മൂസാനബി(അ) ക്ഷമയോടുകൂടി ഒന്നും പറയാതെ ആ ജ്ഞാനി പറയുന്നത് കേട്ടിരുന്നെങ്കിൽ ഭാവിയെക്കുറിച്ചുള്ള ഒരുപാട് രഹസ്യങ്ങൾ അല്ലാഹു വെളി പ്പെടുത്തുമായിരുന്നു’’ (ബുഖാരി, കിത്താബുൽ തഫ്സീർ). ഇതിൽ നിന്നു മനസ്സിലാകുന്നത് അല്ലാഹു മൂസാനബി (അ)ക്ക് കാണിച്ചുകൊടുത്ത ഈ ദൃശ്യങ്ങൾ ഭാവിയെക്കുറിച്ചുള്ള ഒരുപാട് രഹസ്യങ്ങളായിരുന്നുവെന്നാണ്. അതുകൊണ്ടു തന്നെ ഈ ദർശനങ്ങൾ ആലങ്കാരികമാണെന്നും വിശദീകരണം ആവശ്യമാണെന്നു പറയാം. മവാർദിയുടെ അഭിപ്രായപ്രകാരം ഇതിൽ പറയപ്പെട്ട ജ്ഞാനി ഒരുമലക്കായിരുന്നുവെന്നാണ്. (ഖാതിർ).

മേൽ പ്രസ്താവിച്ച എല്ലാ തെളിവുകളുടെയും വെളിച്ചത്തിൽ ചുരുക്കി പറഞ്ഞാൽ വളരെയധികം വ്യാഖ്യാനങ്ങൾ അർഹിക്കുന്നു. മൂസാനബി (അ)ക്ക് ഉണ്ടായ ഒരു ആത്മീയ ദർശനമാണിത്.

ഇതിൽ പറയപ്പെട്ട മൂസാനബിയോടൊപ്പം സഞ്ചരിച്ച യുവാവ് ഈസാനബി(അ) ആകാനാണ് സാദ്ധ്യത. ഈസാനബി(അ) മൂസാനബി(അ) യുടെ ഉമ്മത്തിലെ അവസാനത്തെ പ്രവാചകനാണ്. അദ്ദേഹം വന്നതാകട്ടെ ‘’പ്രവാചകന്മാരെയും ഗ്രന്ഥത്തേയും നീക്കുവാനല്ല നിവർത്തിപ്പാനത്രെ.” (മത്തായി 5:17). ഞാൻ ‘’മജ്മഉൽ ബഹ്റൈനിൽ’’ എത്തുന്നതുവരെ യാത്ര തുടരുമെന്ന് മൂസാനബി(അ) പറയുന്നു. അതുമനസ്സിലാക്കിത്തരുന്നത് ഏതാണ്ടു മൂസാനബിയുടെ യാത്രയുടെ അന്ത്യത്തിലാണ് ഈ യുവാവ് അദ്ദേഹത്തോടൊപ്പം പങ്കാളിയാകുന്നത് എന്നാണ്. ഈ യുവാവ് യാത്രയുടെ ആരംഭത്തിൽ ഇല്ല എന്നാണ് ഖുർആൻ വചനങ്ങളിൽ നിന്നും മനസ്സിലാകുന്നത്.

‘’മജ്മഉൽ ബഹ്റൈൻ” രണ്ടു കടലുകളുടെ സംഗമം എന്നതിന്റെ

“ഞാൻ ദീർഘകാലം യാത്രചെയ്തുകൊണ്ടിരിക്കും” എന്ന വചനം മനസ്സിലാക്കിത്തരുന്നത്, മൂസാനബി(അ) യുടെ വ്യവസ്ഥ ദീർഘകാലം നിലനിൽക്കുമെന്നാണ്. മൂസാനബി (അ) വ്യവസ്ഥ രണ്ടായിരം കൊല്ലം നിലനിൽക്കുകയുണ്ടായി

നീതിമാനും ദയാലുവും ശക്തനുമായ രാജാവ് എന്ന് ‘താതിറുൽ അനാം” എന്ന സ്വപ്നശാസ്ത്ര ഗ്രന്ഥത്തിൽ കാണുന്നു. ഇതുകൂടാതെ ''രണ്ടു കടലുകളുടെ സംഗമം” എന്നതിന് രണ്ടുമതങ്ങളുടെ സംഗമം അതായത് മൂസാനബിയുടെ വ്യവസ്ഥയും ഇസ്ലാമിന്റെ വ്യവസ്ഥയും സംഗമിക്കുന്ന സംക്രമണ സ്ഥാനം എന്നർത്ഥം.

വിവക്ഷ മൂസാനബിയുടെ കാലഘട്ടം അവസാനിക്കുകയും റസൂൽ തിരുമേനിയുടെ കാലഘട്ടത്തിന്റെ ആരംഭവും സമ്മേളിക്കുന്ന ഘട്ടം. അതായത് മൂസാനബി(അ)യുടെ ശരീഅത്തിന്റെ അവസാനവും റസൂൽ തിരുമേനി(സ)യുടെ ശരീഅത്തിന്റെ ആരംഭത്തേയുമാണ് അതു കാണിക്കുന്നത്. “ബഹ്ർ” (കടൽ) ഒരു ദർശനത്തിൽ കണ്ടാൽ അത്

(തുടരും) ■

---

*(4 -ാം പേജിൽ നിന്ന് തുടർച്ച)*

(മസീഹ് ഹിന്ദുസ്ഥാൻ മേ 1908)

## ഇസ്ലാം ഭീകരന്മാരെപ്പോലെ ആയുധം എടുക്കാൻ അനുവദിക്കുന്നില്ല

നമുക്കുനേരെ ആദ്യമായി ആയുധമെടുക്കുന്നവരെ എതിർക്കാനല്ലാതെ ആർക്കും നേരെയും ആയുധമെടുക്കാൻ ഇസ്ലാം അനുവദിക്കുന്നില്ല. കൊല ആദ്യമായി നടത്തുന്നവർക്കെതിരെയല്ലാതെ കൊല നടത്തുവാൻ ഇസ്ലാം അനുവദിക്കുന്നില്ല. മുസ്ലിംകളോടു നീതിപൂർവ്വം പ്രവർത്തിക്കുന്ന ഒരു അമുസ്ലിം ഭരണാധികാരിക്കു കീഴിൽ നിലകൊള്ളുന്ന മുസ്ലിം പ്രജകൾ, അമുസ്ലിം ഭരണാധികാരിക്കെതിരായി ഭീകരനെന്നോണം ആയുധമെടുത്തു പോരാടാൻ തീരേ പാടില്ലെന്ന് ഇസ്ലാം പറയുന്നു.

വിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചതുപ്രകാരം ഇത്തരം ഭീകരത ക്രൂരമാണ് നീതിയല്ല. (അഞ്ചാമെ ആഥം 1897)

## വാഗ്ദത്ത മസീഹ് യുദ്ധം അവസാനിപ്പിക്കാൻ വെന്നതാണ്

മൗലവിമാരെന്നു വിളിക്കപ്പെടുന്ന ഇക്കാലത്തെ മുസ്ലിം പുരോഹിതന്മാർ പറഞ്ഞു നടക്കുന്നതുപോലെയുള്ള ജിഹാദ് തീർത്തും തെറ്റായതാണ്. അവരുടെ ശക്തിമത്തായ കുപ്രചരണം മൂലം അവർ സാധാരണക്കാരോട് ക്രൂരമൃഗങ്ങളെന്നോണം പെരുമാറുന്നു, മാനുഷികഗുണങ്ങൾ ഒന്നുമില്ലാത്തവരായിത്തീരുന്നു, അത്രമാത്രമേ അതുകൊണ്ടു അവർക്കു നേട്ടമുണ്ടാകുന്നുള്ളൂ. അത്തരം പ്രചരണം മൂലം അജ്ഞതയാൽ കൊല നടത്തിക്കളയുന്നവരുടെ പാപഭാരം ഇസ്ലാമിന്റെ പ്രാക്തനകാലത്തു യുദ്ധം ചെയ്യേണ്ടി വന്നതുപോലെ തന്നെയാണെന്നു കുപ്രചരണം നടത്തുന്ന ഈ മൗലവിമാരുടെ കഴുത്തിൽ തന്നെ തൂങ്ങിക്കിടക്കുകയാണ്.

വാഗ്ദത്ത മസീഹ് പ്രത്യക്ഷമായാൽ ആയുധമേന്തിയ ജിഹാദും, മതപരമായ എല്ലാത്തരം യുദ്ധങ്ങളും അവസാനിക്കും. കാരണം അദ്ദേഹം വാളോ മറ്റേതുതരം ഭൗതികആയുധങ്ങളോ എടുക്കുകയോ ഇല്ല. അദ്ദേഹത്തിന്റെ പ്രചാരണത്തിലെ സവിനയമായ അപേക്ഷകൾ മാത്രമാണ്, ഉറച്ച തീരുമാനം ഒന്നുമാത്രമാണ് അദ്ദേഹത്തിന്റെ ഏക ആയുധം. അദ്ദേഹം സമാധാനത്തിന്നു വഴിമരുന്നിടും. ആടിനേയും സിംഹത്തേയും ഒരുമിച്ചു ചേർത്തു നയിക്കും. അദ്ദേഹത്തിന്റെ കാലം സമാധാനത്തിന്റെയും ദയയുടേയും മനുഷ്യരോടുള്ള കൃപയുടെയും യുഗമായിരിക്കും. പതിമൂന്നു നൂറ്റാണ്ടുകൾക്കു മുമ്പ് പരിശുദ്ധ പ്രവാചകൻ വാഗ്ദത്ത മസീഹിനെക്കുറിച്ചു പറഞ്ഞ വാക്കുകൾ എന്തുകൊണ്ട് ഇവർ ശ്രദ്ധിക്കുന്നില്ല? അദ്ദേഹം യുദ്ധം അവസാനിപ്പിക്കും എന്നതാണത്. (ഗവർമെണ്ട്, അങ്ക്റേസി ഔർ ജിഹാദ് 1900)

– സുഹൃത്തുക്കളെ, ‘ജിഹാദ്’ യുദ്ധത്തെക്കുറിച്ചുള്ള ചിന്ത ഇപ്പോൾ അവസാനിപ്പിക്കുക. നിങ്ങളുടെ മതവിശ്വാസകാര്യത്തിൽ യുദ്ധത്തിന്നിറങ്ങുന്നതിനെ തടഞ്ഞിരിക്കുന്നു. മതനേതാവായ മസീഹ് വന്നിരിക്കുന്നു. ഇതു വിശ്വാസകാര്യങ്ങൾക്കായുള്ള എല്ലാ ആക്രമണങ്ങളുടേയും അന്ത്യമാണ്. ദിവ്യവെളിപാട് ഇപ്പോൾ ഉപരിലോകത്തിൽ നിന്ന് ഇറങ്ങുകയാണ്. യുദ്ധത്തിനും ഏറ്റുമുട്ടലിന്നും ഇപ്പോൾ ഒരു കുറിപ്പടി നൽകുന്നത് വൃഥാവിലാണ്. പ്രവാചകൻ മുഹമ്മദ് (സ) വ്യക്തമായും പ്രഖ്യാപിച്ചുകഴിഞ്ഞതാണിത്. യേശുവിന്റെ രണ്ടാം വരവ് സംഭവിക്കുമ്പോൾ അദ്ദേഹം യുദ്ധം അവസാനിപ്പിക്കും. (തുഹ്ഫയെ ഗോൾദവിയ്യ 1902) എന്റെ പ്രിയമുള്ളവരെ, മതവിശ്വാസത്തെ അനുസരിക്കാനുള്ള മാർഗ്ഗം തികച്ചും വേറെയാണ്. വല്ലൊരാളും നിങ്ങളോടു യോജിക്കാതിരുന്നാൽ നിങ്ങൾ വാൾ ഓങ്ങരുത്. നിങ്ങളുടെ മതവിശ്വാസം സ്വീകരിപ്പിക്കാൻ നിങ്ങൾ എന്തിന്നു വാൾ ഓങ്ങുന്നു. രക്തമൊഴുകുന്നതുമൂലം നിലവിൽ വരുന്നത് മതവിശ്വാസമല്ല.

(തിര്യാക്കുൽ ഖുലൂബ് 1902)

**വിവ: കെ. എ. സാലിഹ്, ഉദുമ** ■

---

*(19 -ാം പേജിൽ നിന്ന് തുടർച്ച)*

ക്കാൻ പോകുമെന്നും എല്ലാ ജനതയും സമാധാനത്തിൽ വർത്തിക്കുമെന്നും ദൈവത്തിന്റെ സാന്നിദ്ധ്യം എല്ലാവരും അനുഭവിക്കുമെന്നും യഹൂദികൾ വിശ്വസിക്കുന്നു. ലോകത്തിലുടനീളമുള്ള യാഥാസ്ഥിതിക ജൂതന്മാർ മേൽപറഞ്ഞ നിയമങ്ങൾ അക്ഷരാർത്ഥത്തിൽ പാലിക്കുന്നവരാണ്. ആധുനികകാലത്ത് മറ്റു ചില യഹൂദ പ്രസ്ഥാനങ്ങൾ എല്ലാ പാരമ്പര്യങ്ങളും ആചാരങ്ങളും പാലിക്കാറില്ല. യാഥാസ്ഥിതികരുടെ ആചാരങ്ങൾക്ക് പുറമേ ചില ഉദാരമായ പരിഷ്കാരങ്ങളും മറ്റും അവർ ആചരിക്കുന്നു.

ലേഖനം

# 'വസിയ്യത്ത്' വ്യവസ്ഥിതിയും നമ്മുടെ ഉത്തരവാദിത്വങ്ങളും

**മൗലവി ജലാലുദ്ദീൻ സാഹിബ്, ഖാദിയാൻ**

നാസിർ, ബൈത്തുൽ മാൽ, ഭാരത്

**'നവലോകക്രമത്തിനായി വാഗ്ദത്ത മസീഹ്(അ) സമർപ്പിച്ച വസിയത്ത് വ്യവസ്ഥയിൽ അംഗമാകണമെന്ന് ഖലീഫത്തുൽ മസീഹ് ആഹ്വാനം ചെയ്യുന്നു'**

അല്ലാഹുത്തആല ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) മുഖേന അഹ്മദിയ്യാ ജമാഅത്തിൽ വസിയ്യത്ത് വ്യവസ്ഥിതി സ്ഥാപിക്കുകയും ഈ വ്യവസ്ഥിതി മുഖേന അഹ്മദിയ്യാ പ്രസ്ഥാനത്തിൽ ചേർന്നിരിക്കുന്നവരിൽ നിന്നും ഇസ്ലാമികാദ്ധ്യാപനങ്ങളനുസരിച്ച് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ അതീവശ്രദ്ധയോടെ നിർവഹിക്കുകയും അതുവഴി തങ്ങൾക്കും ഇതർക്കുമിടയിൽ ഒരന്തരം ഉണ്ടാക്കുകയും ചെയ്യുന്ന ഒരു കൂട്ടരെ വാർത്തെടുക്കുകയും ചെയ്തു.

ഹദ്റത്ത് മഹ്ദീ മസീഹ് (അ) ദൈവിക വെളിപാടനുസരിച്ച് ജമാഅത്തിന്നകത്ത് ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ജനങ്ങൾക്കായി തങ്ങളുടെ കർമ്മങ്ങളും ത്യാഗങ്ങളും അനുസരിച്ച് സ്വർഗ്ഗസ്ഥരായവർക്കുവേണ്ടി ഒരു ശ്മശാനത്തിന്നു അസ്തിവാരമിടുകയും അതിന്നു ബഹശ്ത്തി മഖ്ബറ എന്നു നാമകരണം ചെയ്യുകയും ഉണ്ടായി.

ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരം അരുൾ ചെയ്യുന്നു.

''അല്ലാഹു ഇതിൽ അനുഗ്രഹം നൽകട്ടെയെന്നും അതിനെ സ്വർഗ്ഗീയ ശ്മശാനം (ബഹശ്ത്തീ മഖ്ബറ) ആക്കിത്തീർക്കുമാറാകട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുന്നു. ഇത് ഈ ജമാഅത്തിലെ പരിശുദ്ധ ഹൃദയമുള്ളവരും ദീനിന്ന് ദുൻയാവിനേക്കാൾ പ്രാധാന്യം നൽകുകയും ഭൗതികമായ സ്നേഹം ഉപേക്ഷിക്കുകയും അല്ലാഹുവിന്നു വേണ്ടി മാത്രം ആയിത്തീരുകയും തങ്ങളിൽ പരിശുദ്ധമായ പരിവർത്തനം സംജാതമാക്കുകയും ഹസ്റത്ത് റസൂൽ കരീം(സ)യുടെ സഹാബാക്കളെപ്പോലെ വിശ്വസ്തതയുടെയും സത്യസന്ധതയുടെയും മാതൃക കാണിച്ചുകൊടുക്കുകയും ചെയ്തവരുമായ ജനങ്ങളുടെ അന്ത്യവിശ്രമഗേഹമായിത്തീർക്കുമാറാകട്ടെ. ആമീൻ റബ്ബുൽ ആലമീൻ."

വസിയ്യത്ത് വ്യവസ്ഥിതി പത്തിൽ ഒരുഭാഗം ധനത്യാഗം ചെയ്യുന്നതിന്റെ മാത്രം പേരല്ല, മറിച്ച് ഈ വ്യവസ്ഥിതി വസിയ്യത്ത് ചെയ്യുന്ന ആളെ ഭൂമിയുടെ ആഴങ്ങളിൽ നിന്നും എഴുന്നേല്പിച്ചു ആകാശങ്ങളുടെ ഔന്നത്യങ്ങളിലേക്ക് എത്തിക്കുന്ന ഒന്നാകുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) തന്റെ 'അൽ വസിയത്ത്' എന്ന പുസ്തകത്തിൽ അഹ്മദി സഹോദരന്മാരെ അഭിസംബോധനചെയ്തുകൊണ്ട് അരുൾ ചെയ്യുന്നു:

"നിങ്ങൾ പരിശുദ്ധ ഹൃദയത്തോടുകൂടി അവനിലേക്ക് (അല്ലാഹുവിങ്കലേക്ക്) വരികയാണെങ്കിൽ എല്ലാ മാർഗ്ഗങ്ങളിലും അവൻ നിങ്ങളെ സഹായിക്കുന്നതാണ്. നിങ്ങൾക്ക് ഒരു നഷ്ടവും വരുത്തുവാൻ ഒരു ശത്രുവിന്നും സാധിക്കുന്നതല്ല. നിങ്ങളുടെ സ്വേച്ഛകളെയും നിങ്ങളുടെ ഭൗതികാസക്തികളെയും നിങ്ങളുടെ അന്തസ്സിനെയും നിങ്ങളുടെ ജീവനെപ്പോലും ഉപേക്ഷിച്ച് കൊണ്ട് മരണത്തിന്റെ ദൃശ്യം നിങ്ങളുടെ മുമ്പാകെ പ്രകടമാകുംവണ്ണം അവന്റെ പാതയിൽ കയ്പേറിയ ജീവിതം നയിക്കുന്നത് മുഖേനയല്ലാതെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാൻ സാധിക്കുന്നതല്ല"

വീണ്ടും അരുൾ ചെയ്യുന്നു:

യഥാർത്ഥത്തിൽ നിങ്ങൾ നിങ്ങളുടെ സ്വേച്ഛയിൽ നിന്നും മരണം വരിക്കുകയാണെങ്കിൽ നിങ്ങൾ അല്ലാഹുവിൽ വെളിപ്പെടുകയും അല്ലാഹു നിങ്ങളോടൊപ്പമുണ്ടാവുകയും ചെയ്യുന്നതാണ്. നിങ്ങൾ വസിക്കുന്ന ഭവനം അനുഗൃഹീതമായതായിരിക്കും. നിങ്ങളുടെ ഭവനത്തിന്റെ ചുവരുകൾക്ക് മേൽ അല്ലാഹുവിന്റെ കാരുണ്യം ഇറങ്ങുന്നതാണ്".

ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നമ്മോട് ആഹ്വാനം ചെയ്തിരിക്കയാണ്. തങ്ങളുടെയും സന്തതികളുടെയും ജീവിതം പരിശുദ്ധമാക്കുക്കുന്നതിന്നായി വസിയ്യത്ത് എന്ന ആത്മീയ വ്യവസ്ഥിതിയിൽ പങ്കുചേരേണമെന്ന് അദ്ദേഹം അരുൾ ചെയ്യുന്നു.

ഹുസൂർ തിരുമനസ്സ് ഇക്കഴിഞ്ഞ യു.കെ. വാർഷിക സമ്മേളനത്തിന്റെ സമാപനയോഗത്തിൽ അതായത് 2004 ആഗ്സ്ത് ഒന്നാം തിയതി ചെയ്ത പ്രഭാഷണത്തിൽ പറയുന്നു: "അടുത്ത ഒരു വർഷത്തിന്നകം കുറഞ്ഞപക്ഷം 15,000 അഹ്മദികൾ വസിയ്യത്ത് വ്യവസ്ഥിതിയിൽ ചേരേണ്ടതാണ്. എന്തുകൊണ്ടെന്നാൽ 2005ൽ ഈ ദൈവികവ്യവസ്ഥിതി സമാരംഭമായി ഒരു ശതാബ്ദം പൂർത്തിയാവുകയാണ്. അഹ്മദിയ്യാ ഖിലാഫത്ത് സ്ഥാപിക്കപ്പെട്ടു നൂറു വർഷം തികയുന്ന 2008ന്നകം വരുമാനമുള്ള അഹ്മദികളിൽ 50 ശതമാനം ഈ അനുഗൃഹീത വ്യവസ്ഥിതിയിൽ പങ്കുചേരേണ്ടതാണ്.

തുടർന്ന് ഹുസൂർ തിരുമനസ്സു അരുൾ ചെയ്യുന്നു:

"ഇപ്പോൾ ഈ വ്യവസ്ഥിയിൽ ചേരുന്നതിന്നായി തങ്ങളുടെ നിലവാരം ഉയർന്നിട്ടില്ലെന്ന് ചിലർ പറയുന്നു. എന്നാൽ ഓർത്തുകൊള്ളുക. ഈ വ്യവസ്ഥിതിയിൽ ചേരുന്നത് കൊണ്ടുള്ള ദൈവികാനുഗ്രഹം നിമിത്തം പല വർഷങ്ങളിൽ തരണം ചെയ്യപ്പെടേണ്ട ദൂരം ദിവസങ്ങളിലും മണിക്കൂറുകളിലും തരണം ചെയ്യപ്പെടുന്നതാണ്. അതുകൊണ്ടു തങ്ങളുടെ ആത്മീയ സംസ്കരണത്തിന്നായി ഈ പദ്ധതിയിൽ അഹ്മദികൾ ചേരേണ്ടതാണ്. അതിന്റെ ഫലമായി ഈ വ്യവസ്ഥിതിയിൽ ചേരുന്നവർക്കായി ഹദ്റത്ത് മഹ്ദി മസീഹ് (അ) ചെയ്ത ദുആകൾക്കും നാമും പാത്രീഭൂതരായിത്തീരേണ്ടതാണ്. അദ്ദേഹം തുടർന്നു പറയുന്നു:

"ഈ അൽവസിയ്യത്ത് വ്യവസ്ഥിതി സ്ഥാപിതമായി 2005ൽ നൂറുവർഷം പൂർത്തിയാകുന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ വ്യവസ്ഥി

അദ്ദേഹം അരുൾ ചെയ്യുന്നു:

"ഈ ആധുനിക കാലഘട്ടത്തിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ ഇന്നത്തെ ഭൗതികമായ പദ്ധതികളിൽ കാണപ്പെടുന്ന ഒരു ന്യൂനതയും ഉണ്ടാകാതിരിക്കുവാൻ ശ്രമിക്കേണ്ടതാണ്. ആധുനിക കാലത്തിന്റെ ആവശ്യങ്ങളനുസരിച്ച് സമത്വവും സദ്ഭാവനയും സ്ഥാപിക്കുന്നതിന്ന് എല്ലാവരുടെ ആവശ്യങ്ങളും പൂർത്തീകരിക്കുന്നതിന്നും ആവശ്യമായ പണം ലഭിക്കേണ്ടതുണ്ട്.

"ഖലീഫമാർ താന്താങ്ങളുടെ കാലത്തിന്റെ ആവശ്യമനുസരിച്ച് ഇസ്‌ലാമിന്റെ കല്പനകൾക്ക് വിശദീകരണം നൽകിക്കൊണ്ടിരുന്നു. എന്നാൽ ആധുനിക കാലത്തെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിന്നായി മറ്റൊരു വ്യവസ്ഥിതിയുടെ ആവശ്യമുണ്ട്. ഈ വ്യവസ്ഥിതി സ്ഥാപിതമാകുകയും എല്ലാ ദുഃഖങ്ങളും വേദനകളും അകറ്റി ഭൗതികമല്ലാത്ത ഒരാത്മീയമായ വ്യവസ്ഥിതി ആവിഷ്കരിക്കുകയും ദരിദ്രരും പാവപ്പെട്ടവരുമായ ജനങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പൂർത്തീകരിക്കുകയും അങ്ങനെ ലോകത്ത് നിന്ന് അവശതയും പരിഭ്രാന്തിയും അവസാനിപ്പിക്കുകയും ചെയ്യുന്ന ഒരു സംവിധാനം സമർപ്പിക്കുകയും ചെയ്യുന്നതിന്നായി ഒരാൾ അല്ലാഹുവിൽ നിന്ന് ആഗതരാവേണ്ട ആവശ്യമുണ്ട്. ഈയൊരു മഹത്തായ ദൈവികമായ പദ്ധതിയാണ് ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് തന്റെ അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ സമർപ്പിച്ചിരിക്കുന്നത്. ഇതിന്റെ അസ്തിവാരം 1905ൽ ആണ് വെക്കപ്പെട്ടത്. അല്ലാഹുത്തആല ഈ കാലത്ത് യഥാർത്ഥ സ്വർഗ്ഗം കരസ്ഥമാക്കുന്നതിന്നായാഗ്രഹിക്കുന്നവർക്കായി ഒരു സംവിധാനം ആവിഷ്ക്കരിച്ചു. അതായത് അവർ സ്വമേധയാ തങ്ങളുടെ ധനത്തിൽ നിന്നും കുറഞ്ഞത് പത്തിൽ ഒരു ഭാഗം അധികരിച്ചാൽ മൂന്നിൽ ഒരു ഭാഗം വസിയ്യത്ത് ചെയ്യേണ്ടതാണ്.

ഈ മഹത്തായ ആത്മീയവ്യവസ്ഥിതിയിലേക്ക് നമ്മുടെ പ്രിയങ്കരനായ

ഹദ്റത്ത് മസീഹ് മൗഊദ് (അ) വസിയ്യത്ത് വ്യവസ്ഥിതിയെപ്പറ്റിയും ബഹശ്ത്തി മഖ്ബറയുടെ മഹത്വത്തെപ്പറ്റിയും വിശദീകരിച്ചുകൊണ്ടു അരുൾ ചെയ്യുന്നു:

"അറിവില്ലാത്ത ഒരാളും തന്നെ ഈ ശ്മശാനത്തെയും അതിന്റെ വ്യവസ്ഥയെയും ബിദ്അത്തിൽ ഉൾപ്പെടുന്നതായി കരുതരുത്. കാരണം ഈ വ്യവസ്ഥിതി ദൈവിക വെളിപാടനുസരിച്ചുള്ളതാണ്. ഇതിൽ മനുഷ്യന്റെ ഒരു വിധത്തിലുള്ള കൈകടത്തിലും ഇല്ല തന്നെ. ഈ ശ്മശാനത്തിൽ അടക്കം ചെയ്യുന്നതുകൊണ്ടുമാത്രം ഒരാൾ എങ്ങനെ സ്വർഗ്ഗസ്ഥനായിത്തീരും എന്നു ആരും കരുതിപ്പോകരുത്. കാരണം ഈ ഭൂമി ആരെയെങ്കിലും സ്വർഗ്ഗസ്ഥനാക്കുന്നുവെന്നു ഇതിന്നർത്ഥമില്ല. മറിച്ചു സ്വർഗ്ഗീയരാവയവർ മാത്രമെ ഇതിൽ അടക്കം ചെയ്യപ്പെടുകയുള്ളു എന്നതാണ് ദൈവവചനത്തിന്റെ ഉദ്ദേശ്യം. (അൽവസിയത്ത് ഭാഗം 22 അടിക്കുറിപ്പ്)

"ദൈവികമായ ഈ സംവിധാനത്തെക്കുറിച്ച് അറിഞ്ഞതിന്നുശേഷം തങ്ങളുടെ സ്വത്തിന്റെ പത്തിലൊരംശമോ അതിലധികമോ അല്ലാഹുവിന്റെ വഴിയിൽ താമസംവിനാ നൽകുവാനുദ്ദേശിക്കുന്നവർ തങ്ങളുടെ വിശ്വാസത്തിൽ മുദ്ര കുത്തുകയാണു ചെയ്യുന്നത്" (അൽ വസിയത്ത് പേജ് 29).

"ഒരു സ്വത്തും ഇല്ലാത്ത സഹോദരന്മാർ അവർക്ക് വരുമാനത്തിന്റെ വല്ല വഴിയും ഉണ്ടെങ്കിൽ തങ്ങളുടെ വരുമാനത്തിന്റെ പത്തിൽ ഒരു ഭാഗം അഞ്ചുമനെ ഏല്പിക്കേണ്ടതാണ്.... എന്നാൽ തങ്ങളുടെ മരണത്തിന്നുശേഷം ഉപേക്ഷിക്കപ്പെട്ട സ്വത്തിന്റെ പത്തിൽ ഒരു ഭാഗത്തിന്നുള്ള ഉടമസ്ഥാവകാശം അഞ്ചുമന്നായിരിക്കും. (അൽവസിയ്യത്ത് - പേജ് 35).

ഹദ്റത്ത് മുസ്‌ലിഹ് മൗഊദു ഖലീഫത്തുൽ മസീഹ് തന്റെ 'നവീനലോകക്രമം' എന്ന ഗ്രന്ഥത്തിൽ ലോകത്തിന്റെ നവീന വ്യവസ്ഥിതി അൽവസിയ്യത്ത് വ്യവസ്ഥിതിയിലാണുള്ളതെന്ന് വ്യക്തമാക്കിയിരിക്കുന്നു.

യിയിൽ ചേരുന്നവരോടു ചെയ്ത ഉപദേശമനുസരിച്ച് എത്ര വേഗത്തിൽ പങ്കുചേരേണമായിരുന്നുവോ ആ വേഗത ഉണ്ടാകുന്നില്ല. എത്ര മന്ദഗതിയിലാണ് കഴിഞ്ഞ നൂറുവർഷക്കാലത്ത് അഹ്മദികൾ ഈ പദ്ധതിയിൽ ചേർന്നിരിക്കുന്നതെന്നു കണക്കു വെക്കുകയാണെങ്കിൽ നിങ്ങൾക്കു മനഃപ്രയാസമുണ്ടാകുന്നതാണ്. തൊണ്ണൂറ്റൊമ്പത് വർഷങ്ങൾ പൂർത്തിയായതിന്നുശേഷം, അതായത് 1905 മുതൽ ഇത് വരെ 35,000 അഹ്മദികൾ മാത്രമെ വസിയ്യത്ത് ചെയ്യുകയുണ്ടായുള്ളൂ. അടുത്ത വർഷം ഈ വ്യവസ്ഥിതി ആരംഭിച്ചു 100 വർഷം തികയുകയാണ് (ഇൻശാ അല്ലാഹ്). എന്റെ അതിയായ ആഗ്രഹം, നിങ്ങൾ ഈ ആത്മീയ പദ്ധതിയിൽ തങ്ങളുടെ ജീവിതപരിശുദ്ധിക്കായി ചേരുകയും അടുത്ത ഒരു വർഷത്തിന്നകം പതിനഞ്ചായിരം ആളുകൾ വസിയ്യത്ത് ചെയ്യുകയും ചെയ്യേണമെന്നാണ്. എന്നാൽ മാത്രമേ ഒരു നൂറ്റാണ്ടിൽ അമ്പതിനായിരം വസിയ്യത്ത് നടന്നിരിക്കുന്നുവെന്ന് നമുക്കു പറയുവാൻ സാധിക്കുകയുള്ളൂ. എന്റെ മറ്റൊരാഗ്രഹം 2008ൽ ഖിലാഫത്ത് വ്യവസ്ഥിതിക്ക് നൂറുവർഷം തികയുകയാണ്. ആ അവസരത്തിൽ ജമാഅത്ത്, ഖിലാഫത്ത് ജൂബിലി ശതവാർഷികം ആഘോഷിക്കേണ്ടതാണ്. എന്റെ ആഗ്രഹം 2008ൽ ഖിലാഫത്ത് സ്ഥാപിതമായി ഒരു ശതാബ്ദം തികയുന്ന അവസരത്തിൽ ലോകത്തുള്ള ഓരോ നാട്ടിലും ഓരോ ജമാഅത്തിലും വരുമാനമുള്ള അഹ്മദികളിൽ നിന്നും കുറഞ്ഞപക്ഷം 50 ശതമാനം ആളുകൾ ഹദ്റത്ത് മസീഹ് മൗഊദിന്റെ ഈ പരിശുദ്ധ വ്യവസ്ഥിതിയിൽ പങ്കുചേർന്നിട്ടുണ്ടായിരിക്കണം എന്നതാണ്. ഇതും ജമാത്തിന്റെ ഭാഗത്തുനിന്നു ഖിലാഫത്ത് സ്ഥാപിതമായി നൂറുവർഷം തികയുന്ന അവസരത്തിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപ്പിക്കുന്ന ഒരു എളിയ കാണിക്കയായിരിക്കും. അതുകൊണ്ട് ഖുദ്ദാമുൽ അഹ്മദിയ്യയും അൻസാറുല്ലായുടെ രണ്ടാമത്തെ അണി യും (സഫ്ഫെ ദൂവം) ലജ്നാഇമായില്ലായും ഇതിൽ അധികമായി പങ്കുചേരേണ്ടതാണ്. കാരണം 70, 75 വയസ്സിൽ മനുഷ്യൻ കബറിന്റെ സമീപമായിരിക്കുന്ന അവസരത്തിൽ ഒന്നുംതന്നെ ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലായിരിക്കും. സ്ത്രീകളോടു എനിക്ക് പ്രത്യേകിച്ച് പറയുവാനുള്ളത് അവർ സ്വയം വസിയ്യത്ത് ചെയ്യുന്നതോടൊപ്പം തങ്ങളുടെ ഭർത്താക്കന്മാരെയും കുട്ടികളെയും ഈ പരിശുദ്ധ വ്യവസ്ഥിയിൽ ചേർക്കേണമെന്നാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹി Vന്റെ ഈ ആഹ്വാനം ലോകത്തെങ്ങുമുള്ള അഹ്മദിയ്യാ ജമാഅത്തുകൾക്കായുള്ളതാണ്. എന്നാൽ ഇന്ത്യയിൽ വെച്ചാണ് ഈ ദൈവികവ്യവസ്ഥിതിയുടെ പ്രാരംഭം 1905ൽ കുറിച്ചത്. അതുകൊണ്ടു ഇന്ത്യയിലെ ജമാഅത്തുകളിൽ ഇത് വരെ ചേർന്നിട്ടില്ലാത്തവരും വരുമാനമുള്ളവരുമായ ഓരോ സ്ത്രീപുരുഷനും അധികമധികം ഈ പദ്ധതിയിൽ ചേരേണ്ടതാണ്.

ഭൗതികതലത്തിൽ നോക്കുക്കയാണെങ്കിലും ഈ വ്യവസ്ഥിതിയുടെ പ്രാധാന്യത്തെ കുറിച്ചനുമാനിക്കാവുന്നതാണെന്നും ഹുസൂർ അരുൾ ചെയ്യുന്നു. ഏകദേശം അറുപത് വർഷങ്ങൾക്ക് മുമ്പ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) നവലോകക്രമം (The New World order) എന്ന ശീർഷകത്തിൽ ചെയ്ത പ്രഭാഷണത്തിൽ ലോകപ്രസ്ഥാനങ്ങളുടെ പൊള്ളത്തരം എടുത്തുകാണിച്ചുകൊണ്ട് യഥാർത്ഥത്തിലുള്ള വ്യവസ്ഥിതി വസിയ്യത്ത് സംവിധാനമാണെന്ന് സ്ഥാപിക്കുകയുണ്ടായി.

അദ്ദേഹം തന്റെ പ്രഭാഷണത്തിൽ പറയുന്നു: 'വസിയ്യത്ത് വ്യവസ്ഥിതി പരിപൂർണ്ണത പ്രാപിക്കുകയാണെങ്കിൽ അത് മൂലം തബ്ലീഗ് പ്രവർത്തനങ്ങൾ മാത്രമല്ല, ഇസ്‌ലാമികാദ്ധ്യാപനമനുസരിച്ച് ഓരോ വ്യക്തിയുടെ ആവശ്യവും പൂർത്തിയാകുവാനും ദുഃഖവും ഞെരുക്കവും ഈ ലോകത്ത് നിന്നു മായ്ച്ചുകളയുവാനും സാധിക്കുന്നതാണ്. ഇൻശാ അല്ലാഹ് അനാഥർക്ക് ഭിക്ഷയെടുക്കേണ്ടിവരില്ല. വിധവകൾക്ക് ജനങ്ങളുടെ മുമ്പാകെ കൈനീട്ടേണ്ടിവരില്ല. അവർക്ക് നിരാശ്രയരായി പരവശപ്പെടേണ്ടി വരില്ല. കാരണം വസിയ്യത്ത് വ്യവ സ്ഥിതി കുട്ടികളുടെ മാതാവും, യുവാക്കളുടെ പിതാവും സ്ത്രീകളുടെ സൗമംഗല്യവും ആയിരിക്കും. ഒരു ബലാൽക്കാരവും ഇല്ലാതെ സ്നേഹത്തോടും ആത്മാർത്ഥമായ സൗഹൃദത്തോടും ഇത് മൂലം ഒരു സഹോദരൻ മറ്റൊരു സഹോദരനെ സഹായിക്കുകയായിരിക്കും. പ്രതിഫലം ലഭിക്കാത്തവരായിട്ടാരും തന്നെ ഉണ്ടായിരിക്കുന്നതല്ല. മാത്രമല്ല, കൊടുക്കുന്ന ഓരോ ആൾക്കും ദൈവത്തിൽ നിന്നും നല്ല പ്രതിഫലം നൽകപ്പെടുന്നതായിരിക്കും. ഒരു ദരിദ്രന്നും ധനികന്നും ഒരു നഷ്ടവും ഉണ്ടാകുന്നതല്ല. രാഷ്ട്രം രാഷ്ട്രത്തോടു പോരാടുന്നതല്ല. മറിച്ച് അവന്റെ ഔദാര്യം സർവ്വലോകത്തും വ്യാപിക്കുന്നതായിരിക്കും. (ഭാഗം 170)

ചുരുക്കത്തിൽ ഈ വസിയ്യത്ത് വ്യവസ്ഥിതി ദേശീയമായ എല്ലാ വ്യവസ്ഥിതികളെക്കാളും സാർവ്വലൗകികമായ നവലോകക്രമമാണ്. ഇത് സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അരുൾ ചെയ്യുന്നു.

"അടുത്തു തന്നെ ആ സുദിനം വന്നുചേരുന്നതാണ്. അപ്പോൾ തങ്ങൾക്ക് ഒരു നവീന ലോകക്രമത്തിന്റെ ആവശ്യമുണ്ട് എന്ന ലോകം ഉച്ചൈസ്തരം വിളിച്ചുപറയും. അപ്പോൾ നാനാഭാഗങ്ങളിൽ നിന്നും 'വരൂ! ഞങ്ങൾ നിങ്ങൾക്കു പുതിയൊരു വ്യവസ്ഥിതി പ്രദാനം ചെയ്യുന്നതാണ് എന്ന ശബ്ദങ്ങൾ വരും. റഷ്യയും ഇന്ത്യയും ജർമ്മനിയും ഇറ്റലിയും അമേരിക്കയും ഞങ്ങളിതാ നിങ്ങൾക്ക് പുതിയൊരു ലോകക്രമം തരുന്നു എന്ന് ആഹ്വാനം ചെയ്യും. അപ്പോൾ എന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ഖാദിയാനിൽ നിന്നു ഒരു ശബ്ദം ഉയരും. നവീനലോകക്രമം അൽവസിയ്യത്തിലുണ്ടെന്നും ലോകം വിജയത്തിന്റെയും ക്ഷേമത്തിന്റെയും വഴിയിൽ ചരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിന്നുള്ള ഏകവഴി അൽവസിയ്യത്തിൽ പ്രസ്താവിച്ചിട്ടുള്ള വ്യവസ്ഥിതി

*(ശേഷം 33 -ാം പേജിൽ)*

# യേശുക്രിസ്തു പ്രവാചക ശ്രേഷ്ഠനോ?

മൗലാനാ ഗുലാം റസൂൽ സാഹിബ് രാജ്കീ (റ)

**സയ്യിദുനാ ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ സഹാബാക്കളിൽ പ്രമുഖനം സൂഫി വര്യനും മഹാപണ്ഡിതനും അല്ലാഹുവിൽ നിന്നു ദിവ്യവെളിപ്പാടുകളും ആത്മീയ ദർശനങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്ന മഹാനുമായിരുന്നു ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജ്കീ (റ). തന്റെ ജീവിതത്തിൽ ഉണ്ടായിരുന്നതും ഹദ്റത്ത് മഹ്ദീ മസീഹിന്റെ സത്യസാക്ഷ്യവുമായി ബന്ധപ്പെട്ടതുമായ പല അത്ഭുതസംഭവങ്ങളും ക്രോഡീകരിച്ചുകൊണ്ട് 'ഹയാത്തെ ഖുദുസി' എന്ന പേരിൽ അഞ്ചുവാല്യങ്ങൾ അടങ്ങിയ ഒരു മഹൽഗ്രന്ഥം രചിക്കുകയുണ്ടായി. അതിൽ പ്രതിപാദിക്കപ്പെട്ട ഒരു സംഭവം ചുവടെ ചേർക്കുന്നു. പരി: മുഹമ്മദ് ഉമർ.**

**1909**ൽ ഈ വിനീതൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് I (റ)ന്റെ നിർദ്ദേശപ്രകാരം ലാഹോറിൽ മുബല്ലിഗായി നിയോഗിക്കപ്പെട്ടിരുന്നു. ആ കാലത്ത് ലാഹോറിൽ വിവിധ മതവിഭാഗങ്ങളുടെ വകയായി പല സമ്മേളനങ്ങളും സംവാദങ്ങളും നടക്കാറുണ്ടായിരുന്നു. ഓരോ വിഭാഗവും തങ്ങളുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഇതര മതവിഭാഗങ്ങളെ ക്ഷണിക്കാറുണ്ടെങ്കിലും പൊതുവിൽ മുസ്ലിം ഉലമാക്കൾ ഈ വിഷയത്തിൽ അധികം ശ്രദ്ധ ചെലുത്താറില്ലായിരുന്നു. എന്നാൽ ക്രൈസ്തവ ആര്യ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിന്നായി ലഭിക്കുന്ന ക്ഷണം അഹ്മദീപണ്ഡിതന്മാർ സ്വീകരിക്കുകയും അവരുടെ യോഗങ്ങളിലും സംവാദങ്ങളിലും പങ്കെടുക്കുകയും ചെയ്യാറുണ്ടായിരുന്നു.

1909–ൽ ലാഹോറിൽ ഞാൻ പുതുതായി നിയമിക്കപ്പെട്ട അവസരത്തിൽ ക്രിസ്ത്യാനികളുടെ ഭാഗത്ത് നിന്ന് ഒരു വലിയ പോസ്റ്റർ പട്ടണത്തിൽ പല ഭാഗങ്ങളിലും പതിച്ചതായി കാണപ്പെട്ടു. ഗുലാം മുഹമ്മദ് എന്നു പേരുള്ള ഒരു മുസ്ലിം പണ്ഡിതൻ ക്രിസ്തുമതം സ്വീകരിച്ചു ഗുലാം മസീഹ് എന്ന നാമം സ്വീകരിച്ചുകൊണ്ട് മുസ്ലിം പണ്ഡിതന്മാരെ വെല്ലുവിളിച്ചുകൊണ്ടുള്ളതായിരുന്നു ആ വിളംബരം. അതിൽ താൻ വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ യേശു മസീഹാക്ക് ഇതര എല്ലാ പ്രവാചകന്മാരുടെ മേലും ശ്രേഷ്ഠതയും പ്രാധാന്യവും ഉണ്ടെന്ന് സമർത്ഥിക്കുന്നതാണെന്നു പ്രഖ്യാപിച്ചിരുന്നു. ലാഹോറിലെ ഒരു സുപ്രസിദ്ധ ഹാളിലായിരുന്നു സമ്മേളനത്തിന്നുള്ള ഏർപ്പാടു ചെയ്യപ്പെട്ടിരുന്നത്. ഇതിൽ പങ്കെടുക്കാൻ പതിവിന്നു വിപരീതമായി ധാരാളം മുസ്ലിംകളും അവരുടെ പണ്ഡിതന്മാരും സന്നിഹിതരായിരുന്നു. ഈ വിനീതനും ചില അഹ്മദി സഹോദരന്മാരോടൊപ്പം സ്റ്റേജിനടുത്തുതന്നെ സ്ഥലം പിടിച്ചിരുന്നു. സമ്മേളനാദ്ധ്യക്ഷൻ ലാഹോറിലെ ആർച്ച് ബിഷപ്പായിരുന്നു. ധാരാളം ആംഗ്ലേയ പാതിരിമാരും അടുത്തുതന്നെ ഉപവിഷ്ടരായിരുന്നു.

ആദ്യമായി അദ്ധ്യക്ഷൻ തന്റെ ഉപക്രമപ്രസംഗത്തിൽ പാതിരി ഗുലാം മസീഹ് "എല്ലാ പ്രവാചകന്മാരുടെ

മേലും യേശുക്രിസ്തുവിന്റെ ശ്രേഷ്ഠത വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ" എന്ന ശീർഷകത്തിൽ പ്രസംഗിക്കുന്ന താണെന്നും തദ്വിഷയകമായി ആർക്കെ ങ്കിലും പ്രസംഗിക്കാനുണ്ടെങ്കിൽ അവ രിൽ ഓരോ ആൾക്കും പത്ത് മിനുട്ടു വീതം സമയം നൽകപ്പെടുന്നതാ ണെന്നും അറിയിക്കുകയുണ്ടായി.

## പാതിരി ഗുലാം മസീഹിന്റെ പ്രസംഗത്തിന്റെ സംക്ഷിപ്ത രൂപം

പാതിരി തന്റെ പ്രസംഗത്തിൽ, താൻ എല്ലാ പ്രവാചകന്മാരുടെ മേലും യേശുക്രിസ്തുവിന്നുള്ള ശ്രേഷ്ഠത വിശുദ്ധ ഖുർആൻ മൂലം തെളിയിക്കു ന്നതാണെന്നും തന്റെ പ്രസംഗത്തിന്നു മറുപടി പറയുവാൻ തയ്യാറുള്ള മുസ്ലിം പണ്ഡിതന്മാർ ഖുർആനിൽ നിന്നുതന്നെ മറുപടി പറയേണമെന്നും ഇതര മതഗ്രന്ഥങ്ങളിൽ നിന്നുള്ള തെളി വുകൾ സ്വീകാര്യമാകുന്നതല്ല എന്നും ആമുഖമായിപ്പറഞ്ഞുകൊണ്ട് തന്റെ പ്രസംഗം തുടർന്നു.

(1) മസീഹിന്റെ പിതാവില്ലാതെയുള്ള ജനനം ഖുർആന്റെ വെളിച്ചത്തിൽ മറ്റൊരു പ്രവാചകന്നും ഇല്ലാതിരുന്ന ശ്രേഷ്ഠതയാണ്. ആദമിന്റെ ജനനം മാതാവും പിതാവും ഇല്ലാതെ കണ്ടു ള്ളതാണെങ്കിലും അസാ ആദമു റബ്ബ ഹുഫഗവാ (20:122) "ആദം തന്റെ നാഥ നോടു അനുസരണക്കേടു കാണിച്ചു നേർമാർഗ്ഗത്തിൽ നിന്നു വ്യതിചലിച്ചു പോയി" എന്നു ഖുർആൻ പറയുന്നു. അതുകൊണ്ടു അദ്ദേഹം (നഊദുബി ല്ല) ഒരു പാപിയായിരുന്നു.

നിരപരാധിയും പാപരഹിതനുമായ മസീഹെവിടെ? പാപിയും വഴിപിഴച്ചവ നുമായ ആദം എവിടെ?

(2) മസീഹിനെക്കുറിച്ചു വിശുദ്ധ ഖുർ ആനിൽ വഅയ്യദ്നാഹു ബിറൂഹിൽ ഖുദ്സി, പരിശുദ്ധാത്മാവിനെക്കൊണ്ടു നാം അദ്ദേഹത്തെ ബലപ്പെടുത്തി (2:88) എന്നരുൾ ചെയ്യുന്നു. ഈ പ്രത്യേകതയും ഒരു പ്രവാചകനും ലഭി ച്ചിരുന്നില്ല.

(3) മസീഹിനെക്കുറിച്ച് ഖുർആൻ ഗുലാമൻ സക്കിയ്യാ (19:20) പരിശുദ്ധ നായ പുത്രൻ എന്നു വർണ്ണിച്ചിരിക്കു ന്നു. ഈ മാഹാത്മ്യം മറ്റൊരു പ്രവാച കന്നും ലഭ്യമല്ല.

(4) മസീഹിന്റെ മാതാവായ മറിയമിന്റെ നാമം ഖുർആനിലുണ്ട്. മറ്റൊരു പ്രവാ ചകന്റെയും മാതാവിന്റെ നാമം ഖുർആ നിലില്ല.

(5) മസീഹിന്ന് തൌറാത്ത്, ഇഞ്ചീൽ, കിതാബ്, ഹിക്മത്ത് എന്നിവ പഠിപ്പിക്ക പ്പെട്ടിരിക്കുന്നുവെന്ന് ഖുർആൻ പറയു ന്നു. അതായത് ഞാൻ നിനക്ക് കിതാബും ഹിക്മത്തും തൌറാത്തും ഇഞ്ചീലും പഠിപ്പിച്ചു. (5:111) അത് മറ്റൊരു പ്രവാചകനും പഠിപ്പിക്കപ്പെട്ടി ട്ടില്ല.

(6) മസീഹിനെക്കുറിച്ച് ഖുർആൻ കലി മത്തുല്ലാഹ് (4:172) ദൈവത്തിന്റെ വചനം എന്നു വിശേഷിപ്പിക്കുന്നു. മറ്റൊരു നബിക്കും ഈ സവിശേഷ ഗുണം ലഭിച്ചിരുന്നില്ല.

പാതിരി ഗുലാം മസീഹിന്റെ പ്രസംഗം അവസാനിച്ചപ്പോൾ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, മൗലവി സനാവുല്ലാഹ്, മൗലവി മുഹ മ്മദ് ഇബ്രാഹിം വക്കീൽ മുതലായ പല മഹാപണ്ഡിതന്മാരും പ്രസ്തുത പ്രസം ഗത്തിന്നു മറുപടിയായി സംസാരിച്ചു. എന്നാൽ ഇവരിൽ ആർക്കും തന്നെ പാതിരിയുടെ നിബന്ധനയനുസരിച്ച് ഖുർആനിൽ നിന്നും മറുപടി പറയു വാൻ സാധിച്ചില്ല. അവരൊക്കെ തൌറാത്തിൽ നിന്നും ഇഞ്ചീലിൽ നിന്നും ഉള്ള ഉദ്ധരണികൾ വായിച്ചു തങ്ങളുടെ സമയം വിനിയോഗിക്കുക യാണുണ്ടായത്. ഇവരിൽ ഓരോ ആളു ടെയും പ്രസംഗത്തിന്നുശേഷം പാതിരി എഴുന്നേറ്റു നിന്നു തന്റെ നിബ ന്ധനക്കനുസരിച്ചുള്ള പ്രസംഗമല്ല ഇതെന്ന് ഉൽഘോഷിച്ചുകൊണ്ടിരുന്നു. ഖുർആനിൽ നിന്നും താനുദ്ധരിച്ചിരുന്ന മസീഹിന്റെ ശ്രേഷ്ഠതയും മാഹാ ത്മ്യവും മറ്റേതെങ്കിലും പ്രവാചകനിലു ള്ളതായി ആർക്കും തന്നെ തെളിയിക്കു വാൻ സാധിച്ചില്ല എന്നും ഉണ്ടായിരു ന്നെങ്കിൽ ഈ മഹാപണ്ഡിതന്മാർ തീർച്ചയായും എടുത്തുദ്ധരിക്കുമായിരു ന്നുവെന്നും പറയുക മാത്രമല്ല തന്റെ പരിഹാസവാക്കുകളാൽ മുസ്ലിംകളെ ലജ്ജിപ്പിക്കുകയും അവരുടെ ഹൃദയ ങ്ങളെ വ്രണപ്പെടുത്തുകയുമുണ്ടായി.

ഇതിന്നുശേഷം സഭാദ്ധ്യക്ഷൻ എന്റെ പേര് വിളിച്ചു. എന്നാൽ ഞാൻ എന്റെ പേര് പ്രസംഗത്തിന്നായി കൊടു ത്തിരുന്നില്ല. ഞാൻ അത്ഭുതപ്പെട്ടു. നാലുഭാഗവും നോക്കിയപ്പോൾ ഒരഹ്മദി സഹോദരൻ താനാണ് അങ്ങ യുടെ പേര് കൊടുത്തതെന്നു പറഞ്ഞു. ഞാനെഴുന്നേറ്റു സ്റ്റേജിനടുത്തെത്തിയ പ്പോൾ അനഹ്മദി ഉലമാക്കൾ എന്നെ ചുറ്റി വളഞ്ഞു എന്റെ ധോത്തിയും നീളൻ കുപ്പായവും വേഷവിധാനവും കണ്ട് നിന്ദ്യാദൃഷ്ടിയോടെ താങ്കളെന്ത് മറുപടി പറയുവാനാണ് എന്നു ചോദി ച്ചു. ഞാനവരോടു നിങ്ങളുടെ മഹാപ ണ്ഡിതന്മാരുടെ പ്രദർശനം നിങ്ങൾ കണ്ടുവല്ലോ. ഇനി എന്തു കാണിക്കു വാനാണെന്നു ചോദിച്ചു. ഞങ്ങളുടെ പരസ്പരമുള്ള ഈ സംസാരം കേട്ട് സഭാദ്ധ്യക്ഷൻ ഈ സാധുമനുഷ്യൻ പ്രസംഗിക്കുന്നത് തങ്ങൾക്ക് കൂടുതൽ ഗുണകരമായിരിക്കുമെന്നു കരുതി വീണ്ടും എന്റെ പേർ ഉച്ചത്തിൽ വിളി ച്ചുപറഞ്ഞു. അങ്ങനെ ഞാൻ സ്റ്റേജിൽ കയറിനിന്നപ്പോൾ, ജുബ്ബായും തലപ്പാ വുമണിഞ്ഞ മഹാപണ്ഡിതന്മാർക്ക് മറു പടി പറയുവാൻ സാധിക്കാത്ത സ്ഥിതിക്ക് ഏറ്റവും ലളിതവേഷധാരി യായ ഈ സാധു മനുഷ്യൻ എന്തു മറു പടി പറയുവാനാണ് എന്നും ഇയാളുടെ പ്രസംഗത്തോടുകൂടി ഇസ്ലാമിന്റെ അവശേഷിച്ച നിലയും വിലയും വെള്ള ത്തിലായിപ്പോകുമെന്നും ഇതോടുകൂടി ധാരാളം മുസ്ലിംകൾ മൂർത്തദ്ദായിപ്പോ കുമെന്നും ബഹുഭൂരിഭാഗം മുസ്ലിം കളും കരുതി.

ഞാനാദ്യമായി ഉച്ചസ്വരത്തിൽ ശഹാദത്ത് കലിമ ഓതിയതിന്നുശേഷം പാതിരി ഗുലാം മസീഹ് ഉന്നയിച്ച പ്രശ്നങ്ങൾക്കെല്ലാം ഒന്നൊന്നായി മറു പടി പറഞ്ഞു.

അതിന്റെ സംക്ഷിപ്തരൂപം ഇതാണ്.

## ഒന്നാമത്തെ ചോദ്യത്തിന്നുള്ള ഉത്തരം

ഇതര പ്രവാചകന്മാരുടെ മേൽ മസീഹിന്നുള്ള ശ്രേഷ്ഠതയായി പാതിരി ഉന്നയിച്ച ഒരു കാര്യം അദ്ദേഹത്തിന്റെ പിതൃരഹിതമായ ജനനമാണ്. ഇതിന്നുള്ള ഒന്നാമത്തെ മറുപടി ഖുർആനിലെവിടെയും ആരുടെയെങ്കിലും പിതാവില്ലാതെ കണ്ടുള്ള ജനനം അയാളുടെ ശ്രേഷ്ഠതക്കു നിദാനമാണെന്നു പറഞ്ഞിട്ടില്ല എന്നാണ്. പാതിരിക്ക് ഖുർആനിലെ ഏതെങ്കിലും വചനത്തിൽ നിന്നും ഈ ശ്രേഷ്ഠത തെളിയിക്കുവാൻ സാധിക്കുമോ? ഇല്ലെങ്കിൽ ഈ മാനദണ്ഡം അയാളുടെ സ്വയം നിർമ്മിതമാണെന്നു പറയേണ്ടിവരും. ശ്രേഷ്ടതക്ക് നിദാനമാകുന്ന ഒരു കാര്യവും ഒരിക്കലും തന്നെ നിന്ദ്യതക്കും അവഹേളനത്തിന്നുമുള്ള നിമിത്തമായിത്തീരുവാൻ പാടില്ല. എന്നാൽ വിശുദ്ധ ഖുർആനിലെ ഒരു വചനം വ അലാമർയമ ബുഹ്താനൻ അളീമാ (4:15) മർയമിന്റെ മേൽ (യഹൂദികൾ) ഗുരുതരമായ ആരോപണം ഉന്നയിച്ചിരുന്നു എന്നത് ഇതിന്നു തെളിവാണ്. അതായത് യേശുക്രിസ്തു പിതാവില്ലാതെ ജനിച്ചത് കൊണ്ടു യഹൂദികൾ അദ്ദേഹത്തെക്കുറിച്ച് (നഊ:) വ്യഭിചാരപുത്രൻ എന്നു ആരോപിച്ചിരുന്നു. ഇന്നും ആരോപിച്ചുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ യേശുക്രിസ്തു പിതാവില്ലാതെ ജനിച്ചതുകൊണ്ട് അദ്ദേഹത്തിന്നു മാഹാത്മ്യവും ശ്രേഷ്ഠതയും ഉണ്ടാകുന്നുവെങ്കിൽ അദ്ദേഹത്തിന്നു മേൽ ഈ നിന്ദ്യയും അവഹേളനവും എങ്ങിനെ വന്നുചേർന്നു? പാതിരിയെക്കുറിച്ച് അദ്ദേഹം പിതാവില്ലാതെ ജനിച്ചയാളാണെന്ന 'ശ്രേഷ്ഠത' വകവെച്ചു കൊടുക്കുകയാണെങ്കിൽ ആ ശ്രേഷ്ഠത അദ്ദേഹത്തിന്നു സമ്മതമാകുമോ? അതല്ല തനിക്കീ ശ്രേഷ്ഠത വേണ്ടെന്നു പറഞ്ഞു നിഷേധിക്കാതിരിക്കുമോ?

(ബി) വിശുദ്ധ ഖുർആനിലെ (3:60) എന്ന ആയത്തിന്റെ അടിസ്ഥാനത്തിൽ പിതാവില്ലാതെ ജനിച്ചതുകൊണ്ട് മസീഹിന്നു ആദമുമായി സാദൃശ്യമുണ്ടെന്നു പറയുകയാണെങ്കിൽ ഈ സാദൃശ്യത്തിൽ മസീഹിനെ അപേക്ഷിച്ചു ആദമിന്നാണ് മുൻതൂക്കമുള്ളത്. കാരണം ആദം മാതാപിതാക്കളില്ലാതെ ഭൂജാതനായതുകൊണ്ട് അദ്ദേഹത്തിന്റെ മേൽ ഈ ആരോപണം ഉന്നയിക്കപ്പെട്ടിട്ടില്ല. എന്നാൽ മസീഹ് പിതാവില്ലാതെ ജനിച്ചത് കൊണ്ട് അദ്ദേഹവും അദ്ദേഹത്തിന്റെ മാതാവും ആരോപണവിധേയരായി. ചുരുക്കത്തിൽ ഇവിടെ ആദമിന്റെ ശ്രേഷ്ഠതയാണ് സ്ഥാപിതമാകുന്നത്. യേശുവിന്റെതല്ല.

(സി) പാതിരി വിശുദ്ധ ഖുർആനിലെ ഒരു വചനം ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് ആദമിനെക്കുറിച്ച് അദ്ദേഹം അല്ലാഹുവിനോടു അനുസരണക്കേടുകാണിച്ചതുകൊണ്ട് പാപിയായിത്തീർന്നു എന്നാരോപിക്കുന്നു. എന്നാൽ അദ്ദേഹത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നത് (ഫനസിയ വലം നജിദ്ദ് ലഹു അസ്മാ) (20:116) എന്നാണ്. അതായത്, ആദം (അ) മറന്നു കൊണ്ട് ചെയ്തുപോയതാണ് മനഃപൂർവ്വമല്ല. അതായത് അദ്ദേഹത്തിന്റെ നിരപരാധിത്വം അല്ലാഹുതന്നെ ഏറ്റു പറയുന്നു. എന്നാൽ ആദമിന്റെ മഹത്വത്തെക്കുറിച്ചു അല്ലാഹു അരുൾ ചെയ്യുന്നു.

'ആദമിനെ പരിപൂർണ്ണമായി അനുസരിക്കുവാൻ നാം മലക്കുകളോടു പറഞ്ഞു'. (2:35) പാതിരിയുടെ അഭിപ്രായമനുസരിച്ച് ഒരു പാപിയായ ആദമിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഖുർആൻ പറയുന്നത് മലക്കുകൾ കൂടി അദ്ദേഹത്തെ അനുസരിക്കുവാൻ നിർബ്ബന്ധിതരാണെന്നാണ്. എന്നാൽ നിരപരാധിയും പാപരഹിതനുമായ യേശുവിന്ന് ഈ ശ്രേഷ്ഠതയും മാഹാത്മ്യവും ലഭ്യമല്ല.

(ഡി) വിശുദ്ധ ഖുർആന്റെ വചനമനുസരിച്ച് യേശുവിന്റെ അവസ്ഥ ഹ:ആദമിന്ന് സദൃശമായതുകൊണ്ട് ആദം ഒരു പാപിയും അപരാധിയുമായിരുന്നെങ്കിൽ അദ്ദേഹത്തിന്നു സദൃശ്യനായ യേശുവും പാപിയും അപരാധിയുമാണെന്നു പറയേണ്ടി വരും. എന്നാൽ മസീഹ് നിരപരാധിയും പാപരഹിതനും ആയിരുന്നിട്ടുകൂടി ഇഞ്ചീൽ പറയുന്നത് സാത്താൻ അദ്ദേഹത്തെ നാല്പത് ദിവസം വരെ തുടർന്നു പരീക്ഷണങ്ങൾക്കു വിധേയനാക്കി തനിക്ക് സുജൂദു ചെയ്യുവാൻ – തന്നെ അനുസരിക്കുവാൻ – നിർബ്ബന്ധിച്ചുകൊണ്ടിരുന്നുവെന്നാണ്. പാതിരി ഒന്നു ചിന്തിച്ചുനോക്കട്ടെ. ഏതൊരു വ്യക്തിയെ മലക്കുകൾ കൂടി അനുസരിക്കുവാൻ നിർബന്ധിതരായിത്തീർന്നുവോ അദ്ദേഹമാണോ ശ്രേഷ്ഠതക്കർഹൻ അതല്ല, സാത്താൻ, തന്നെ അനുസരിക്കേണമെന്ന് പറഞ്ഞു പരീക്ഷണവിധേയനായിക്കൊണ്ടിരുന്ന യേശുവാണോ?

## രണ്ടാമത്തെ ചോദ്യത്തിന്നുള്ള ഉത്തരം

യേശു മസീഹായുടെ ശ്രേഷ്ഠത തെളിയിക്കുന്നതിന്നായി പാതിരി മുന്നോട്ടുവെച്ച ഖുർആൻ വചനം വഅയ്യദ്നാഹു ബിറൂഹിൽ ഖുദ്സി – പരിശുദ്ധാത്മാവിനെക്കൊണ്ടു നാം അദ്ദേഹത്തെ ബലപ്പെടുത്തി (2:88) എന്നതാണ്. ഇവിടെ യേശുക്രിസ്തുവിന്നല്ലാതെ മറ്റാർക്കും തന്നെ പരിശുദ്ധാത്മാവിന്റെ പിൻബലം ലഭിച്ചിരുന്നില്ലെന്നാണ് പാതിരിയുടെ വാദം. എന്നാൽ പാതിരി പറയുന്ന ഇതേ ശ്രേഷ്ഠത പ്രവാചകന്മാരുടെ അനുയായികളിൽ സ്ഥാപിതമാവുകയാണെങ്കിൽ പ്രവാചകന്മാർക്ക് അതിനേക്കാളധികം പിൻതുണ ലഭിച്ചിരിക്കേണമെന്ന കാര്യം അവിതർക്കിതമാണ്. വിശുദ്ധ ഖുർആൻ ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ അനുയായികളെക്കുറിച്ച് അരുൾ ചെയ്യുന്നു.

അല്ലാഹു അവരുടെ (പ്രവാചകന്മാരുടെ അനുയായികളുടെ) ഹൃദയങ്ങളിൽ ഈമാൻ എഴുതിവെക്കുകയും തന്റെ ആത്മാവിൽ നിന്നും അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (58:23) ഇവിടെ പ്രവാചകന്മാരല്ലാത്ത തിരുനബി(സ)യുടെ സഖാക്കൾക്ക് റുഹുൻമിനല്ലാഹി (അല്ലാഹുവിൽ നിന്നുള്ള ആത്മാവ് മുഖേന പ്രബലപ്പെടുത്തി എന്നരുൾ ചെയ്യുന്നു.

മറ്റൊരു വചനത്തിൽ പ്രവാചകന്മാർക്ക് അല്ലാഹു റുഹുൽ ഖുദ്സ് മുഖേന വചനങ്ങൾ ഇറക്കുന്നതായി

പ്രസ്താവിക്കുന്നു. ഇപ്രകാരം ഇറങ്ങിയ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ എന്ന രുൾ ചെയ്യുന്നു.

പറയുക, നിന്റെ നാഥനിൽ നിന്ന് പരിശുദ്ധാത്മാവ് സത്യമായ വിധത്തിലി റക്കിയതാണിത്. വിശ്വാസികളെ ഉറപ്പി ച്ചു നിറുത്തുന്നതിന്നു വേണ്ടിയും മുസ്ലിം കൾക്ക് മാർഗ്ഗദർശകവും സുവിശേഷവും ആയും (ഇറക്കിയിരി ക്കുന്നു) (16:103).

ചുരുക്കത്തിൽ പരിശുദ്ധാത്മാവ് മുഖേന യേശുവിന്ന് പിന്തുണ ലഭിച്ചി രുന്നത് മറ്റാർക്കും ലഭിക്കാത്ത ശ്രേഷ്ഠത യാണെങ്കിൽ ഹദ്റത്ത് മുഹമ്മദു നബി(സ)യുടെ അനുയായികൾക്ക് റുഹുൽ ഖുദ്സ് ഇറങ്ങിയത് ഹസ്റത്ത് നബി തിരുമേനിയുടെ, ഹസ്റത്ത് മസീഹിനെ ക്കാളുമുള്ള മഹത്തായ ശ്രേഷ്ഠതയല്ലേ കാണിക്കുന്നത്?

## മൂന്നാമത്തെ ചോദ്യവും ഉത്തരവും

യേശു ക്രിസ്തുവിന്നു ലഭിച്ച മഹ ത്തായ ശ്രേഷ്ഠതയായി പാതിരി കാണി ച്ചിരിക്കുന്നത് അദ്ദേഹത്തെക്കുറിച്ചു വിശുദ്ധ ഖുർആൻ ഗുലാമൻ സക്കിയ്യ (19:20) പരിശുദ്ധനായ പുത്രൻ എന്നു വർണ്ണിച്ചതാണ്. യേശുവിനെക്കുറിച്ച് പരിശുദ്ധനായ പുത്രൻ എന്ന് വർണ്ണി ച്ചിരിക്കുന്നത് അദ്ദേഹം വ്യഭിചാരപുത്ര നാണെന്ന ശത്രുക്കളായ യഹൂദികളുടെ വാദത്തെ ഖണ്ഡിക്കുവാനാണ്. ഇതു പോലുള്ള ഒരാരോപണവും ഒരു നബിക്കും നേരിടേണ്ടി വന്നിട്ടില്ല. ഈ ആരോപണത്തിൽ നിന്നും അദ്ദേ ഹത്തെ മുക്തമാക്കാനാണിവിടെ അദ്ദേ ഹം പരിശുദ്ധനായിരുന്നു വ്യഭിചാരപു ത്രനല്ല എന്നു കാണിച്ചിരിക്കുന്നത്. എല്ലാ പ്രവാചകന്മാരും ചെറുപ്രായ ത്തിൽ തന്നെ പരിശുദ്ധ ജീവിതം നയി ച്ചവരായിരുന്നു എന്നു വിശുദ്ധ ഖുർ ആൻ സൂചിപ്പിക്കുന്നു.

ഇവിടെ, മറ്റൊരു സുപ്രധാന കാര്യം വ്യക്തമാക്കാനുള്ളത് യേശുക്രി സ്തുവിനെക്കുറിച്ച് അദ്ദേഹം ഒരു പരി ശുദ്ധനാണെന്നു മാത്രമെ വിശേഷിപ്പി ക്കപ്പെട്ടിട്ടുള്ളുവെന്നാണ്. എന്നാൽ ഹസ്റത്ത് നബി കരിം (സ) തിരുമേ നിയെ അല്ലാഹു വിശേഷിപ്പിക്കുന്നത് അദ്ദേഹം സക്കീ (പരിശുദ്ധൻ) ആണെന്നു മാത്രമല്ല ഒരു മുസക്കി (മ റ്റുള്ളവരെ പരിശുദ്ധനാക്കുന്ന ആൾ എന്നു കൂടിയാണ് അതായത് വയു സക്കീഹിം (62:3) അതായത് അദ്ദേഹം ജനങ്ങളെ പരിശുദ്ധരാക്കുകയും ചെയ്യു ന്നു. ചുരുക്കത്തിൽ യേശുക്രിസ്തു വെറും ഒരു 'സക്കി' യായിയിരുന്നുവെ ങ്കിൽ ഹ:മുഹമ്മദ് മുസ്ത ഫാ (സ) സക്കി മാത്രമല്ല മുസക്കിയും കൂടിയാ ണ്. അതെ ഹ: മുഹമ്മദ് നബി(സ) ക്കുള്ള ശ്രേഷ്ഠത ഹസ്റത്ത് ഈ സാന ബിയെക്കാൾ എത്രയെത്രയോ ശ്രേഷ്ഠ തയാർജ്ജിച്ചതാണ്.

(ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് അരുൾ ചെയ്യുന്നു.)

ബർതർ വഹമൊ ഗുമാൻ സെ<br>
അഹ്മദ് കീ ശാൻ ഹൈ<br>
ജിസ്കാ ഗുലാം ദേഖോ<br>
മസീഹുസ്സമാൻ ഹൈ

ഹസ്ദറത്ത് മുഹമ്മദ് നബിക്കു ലഭിച്ചിരുന്ന മാഹാത്മ്യവും ശ്രേഷ്ഠ തയും സങ്കല്പാതീതമാണ്. അദ്ദേഹ ത്തിന്റെ ദാസനായ ഒരാൾ കാലത്തിന്റെ മസീഹായിത്തീർന്നു എന്നത് തന്നെ ഇതിന്നു തെളിവാണ്.

മറ്റൊരു സ്ഥലത്തു പറയുന്നു.

ഇബ്നു മർയം കെ ദിക്ർകോ ഛോഡോ

ഉസ്സെ ബഹ്തർ ഗുലാമെ അഹ്മദ് ഹൈ

ഇബ്നുമർയം എന്നുരുവിട്ടുകൊണ്ടിരി ക്കുന്നത് ഉപേക്ഷിച്ചുകളയുക. അദ്ദേഹ ത്തേക്കാൾ ശ്രേഷ്ഠത്വം മുഹമ്മദ് നബി യുടെ യഥാർത്ഥ ദാസന്നു ലഭ്യമാണ്. (പരി)

## നാലാമത്തെ ചോദ്യവും ഉത്തരവും

യേശുക്രിസ്തുവിന്നുള്ള നാലാ മത്തെ മാഹാത്മ്യമായി പാതിരി ഉന്നയി ച്ചിരിക്കുന്ന വാദം അദ്ദേഹത്തിന്റെ മാതാവ് മർയമിന്റെ പേരു ഖുർആനിലു ണ്ടെന്നും മറ്റൊരു പ്രവാചകന്റെ മാതാ വിന്റെ പേരും ഖുർആനിലില്ലെന്നുമാണ്. ഖുർആനിൽ ആരുടെയെങ്കിലും നാമം പ്രസ്താവിക്കപ്പെടുന്നത് അയാളുടെ ശ്രേഷ്ഠതക്കുള്ള നിദാനമാണെന്ന് ഖുർ ആനിൽ നിന്നും അദ്ദേഹത്തിന്നു തെളി യിക്കുവാൻ സാധിക്കുമോ? പാതിരി സാഹിബിന്റെ ഈ മാനദണ്ഡം സ്വീക രിക്കപ്പെടുകയാണെങ്കിൽ ഫിർഔൻ– ഹാമാൻ, ഖാറൂൻ, ശൈത്താൻ, ഇബ്ലിസ് ഖന്നാസ് എന്നിവർ ഖുർആ നിൽ അനുസ്മരിക്കപ്പെട്ടതുകൊണ്ട് അവരുടെ ശ്രേഷ്ഠത സ്വീകാര്യമാകുമെ ന്നദ്ദേഹം കരുതുന്നുണ്ടോ?

വിശുദ്ധ ഖുർആനിൽ അല്ലാഹു അരുൾ ചെയ്യുന്നു.

ഇസ്രായിൽ സന്തതികൾ ഭിന്നാഭി പ്രായങ്ങൾ പ്രകടിപ്പിക്കുന്ന കാര്യങ്ങ ളിൽ അധികവും ഈ ഖുർആൻ അവർക്കു വിവരിച്ചുകൊടുക്കുന്നു (27:77). അങ്ങനെ മർയമിനെക്കുറിച്ചും മർയമിന്റെ പുത്രനെക്കുറിച്ചും യഹൂദി കൾക്കും ക്രിസ്ത്യാനികൾക്കുമിടയി ലുള്ള ഭിന്നാഭിപ്രായങ്ങൾ നീക്കി യാഥാർത്ഥ്യം അവർക്ക് വിവരിച്ചു കൊടുക്കാനാണ് അവരുടെ നാമങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതര പ്രവാചകന്മാരുടെ മാതാക്കളുടെ പേരു കൾ വെളിപ്പെടുത്തേണ്ട കാര്യം ഇല്ലാ ത്തതുകൊണ്ട് അതിന്നുള്ള ആവശ്യം വന്നില്ലെന്നു മാത്രം. ഇതുകൊണ്ട് ആരു ടെയും ശ്രേഷ്ഠത തെളിയുന്നില്ല.

## അഞ്ചാമത്തെ ചോദ്യവും ഉത്തരവും

യേശുവിന്ന് തൌറാത്തും ഇഞ്ചീലും കിതാബും ഹിക്മത്തും പഠി പ്പിക്കപ്പെട്ടതുകൊണ്ട് അദ്ദേഹത്തിന്നു ഇതര പ്രവാചകന്മാരെ അപേക്ഷിച്ച് ശ്രേഷ്ഠതയുണ്ടെന്നു പാതിരി വാദിക്കു ന്നു. എന്നാൽ ഇവയിലുള്ള അദ്ധ്യാപ നങ്ങൾ ഒരു പ്രത്യേക സമുദായ ങ്ങൾക്കും കാലഘട്ടങ്ങൾക്കും വേണ്ടി യുള്ളതു മാത്രമാണ്. ആ ഗ്രന്ഥങ്ങൾ സ്ഥലകാലങ്ങൾക്കതീതമായ സാർവ്വ ലൗകീക സ്ഥാനമുള്ളവയല്ല. എന്നാൽ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ ക്കുറിച്ചു അല്ലാഹു റഹ്മത്തുൽ ലിൽ

ആലമീൻ (ലോകാനുഗ്രഹി) എന്നും അദ്ദേഹത്തിന്നു ലഭിച്ച ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ദിക്റുൽലിൽ ആല മിൻ - മുഴു പ്രപഞ്ചത്തിന്നുമുള്ള അദ്ധ്യാപനമാണെന്നും അതു വിശേഷി പ്പിക്കുന്നു. ഈ ശ്രേഷ്ഠത ഹ:മുഹമ്മ ദു നബി (സ.അ.) തിരുമേനിക്കു മാത്ര മുള്ളതാണ്.

കൂടാതെ ഇവിടെ പ്രത്യേകമായി പ്രതിപാദിക്കാനുള്ളത്, ഹസ്റത്ത് ഈസാനബി കിതാബും ഹിക്മത്തും പഠിപ്പിക്കപ്പെട്ടു അദ്ദേഹം പഠിച്ചിരുന്നു വെന്നാണിവിടെ പറയുന്നത്. എന്നാൽ ഹ: മുഹമ്മദ് നബി(സ)യെക്കുറിച്ചു അല്ലാഹു അരുൾ ചെയ്യുന്നത്. വയുഅ ല്ലിമുഹു മുൽകിതാബവൽ ഹിക്ക്മത്ത് അദ്ദേഹം അവർക്ക് അതായത് തന്റെ സഹാബാക്കൾക്കു കിതാബും ഹിക്ക്മത്തും പഠിപ്പിച്ചുകൊണ്ടിരുന്നു വെന്നാണ്. അതായത് സഹാബാക്കൾ അദ്ദേഹത്തിൽ നിന്നു പഠിച്ചുകൊണ്ടി രിക്കുന്നു. ഈ വിഷയത്തിൽ അതായത് കിതാബും ഹിക്ക്മത്തും പഠിച്ചിരുന്ന കാര്യത്തിൽ യേശുവിന്നും മുഹമ്മദ് നബിയുടെ സഹാബാക്കൾക്കുമുള്ള സ്ഥാനം ഒന്നുതന്നെയാണ്. കിതാബും ഹിക്മത്തും പഠിച്ചതുകൊണ്ടുമാത്രം യേശുക്രിസ്തുവിന്ന് മാഹാത്മ്യം ഉണ്ടാ കാമെങ്കിൽ അതേ മാഹാത്മ്യം മുഹ മ്മദ് നബിയുടെ ശിഷ്യന്മാർക്കും വക വെച്ചുകൊടുക്കേണ്ടതാണ്. യേശു ക്രിസ്തു ആർക്കെങ്കിലും കിതാബും ഹിക്മത്തും പഠിപ്പിച്ചുകൊടുത്തതായി ഖുർആനിൽ എവിടെയുമില്ല. ആ മാഹാത്മ്യം ഹ: മുഹമ്മദ് നബി(സ)ക്കു മാത്രമാണു ലഭിച്ചിരുന്നത്. ചുരുക്ക ത്തിൽ കിതാബും ഹിക്മത്തും പഠിച്ചു കൊണ്ടിരുന്നയാളാണോ ശ്രേഷ്ഠൻ അതല്ല പഠിപ്പിച്ചുകൊണ്ടിരുന്നയാ ളാണോ എന്ന കാര്യം പാതിരി വ്യക്ത മാക്കണം.

## ആറാമത്തെ ചോദ്യവും ഉത്തരവും

ഹസ്റത്ത് യേശുമസീഹിന്നുള്ള ആറാമത്തെ ശ്രേഷ്ഠതയായി വിശുദ്ധ ഖുർആൻ അദ്ദേഹത്തെപ്പറ്റി കലിമത്തു ല്ലാഹ് 4:172 ദൈവത്തിന്റെ വചനം എന്നു വിശേഷിപ്പിച്ചതായി പാതിരി വാദിക്കുകയുണ്ടായി. എന്നാൽ വിശുദ്ധ ഖുർആൻ മറ്റൊരിടത്തു അരുൾ ചെയ്യു ന്നു.

പറയുക എന്റെ നാഥന്റെ വചന ങ്ങൾ (രേഖപ്പെടുത്തുന്നതിന്) സമുദ്രം മഷിയായിരുന്നെങ്കിൽ എന്റെ നാഥന്റെ വചനങ്ങൾ അവസാനിക്കുന്നതിന്നുമു മ്പ് സമുദ്രം വറ്റിപ്പോകുമായിരുന്നു. അതിന്നു തുല്യമായ മറ്റൊന്നു (സമു ദ്രം) സഹായത്തിന്നുവേണ്ടി നാം കൊണ്ടുവന്നാൽ പോലും (18:110).

വിശുദ്ധ ഖുർആനിൽ ധാരാളം സ്ഥല ങ്ങളിൽ കലിമത്തുല്ലാഹ് എന്ന വചന ങ്ങൾ തെളിവുകൾ ദൃഷ്ടാന്തങ്ങൾ എന്നീ അർത്ഥങ്ങളിൽ വന്നിട്ടുണ്ട്. ചുരു ക്കത്തിൽ മസീഹിനെക്കുറിച്ചു കലിമ: എന്നു വന്നത് കൊണ്ട് അദ്ദേഹത്തിന് ശ്രേഷ്ഠത കല്പിക്കാമെങ്കിൽ പ്രപഞ്ച ത്തിലെ ഓരോ അണുവിന്നും ഈ കാര്യത്തിൽ യേശുവുമായി പങ്കു ണ്ടെന്നു പറയേണ്ടി വരും.

ഞാൻ പ്രസ്തുത സമ്മേളനത്തിൽ ചെയ്ത മറുപടി പ്രസംഗത്തിന്റെ സംക്ഷിപ്ത രൂപമായിരുന്നു ഇത്. അല്ലാ ഹുവിന്റെ അനുഗ്രഹത്താൽ ഓരോ ചോദ്യത്തിന്നുമുള്ള എന്റെ മറുപടി ശ്രവിച്ച മാത്രയിൽ സദസ്യരിൽ സന്തോ ഷപ്രകടനങ്ങൾ ഉണ്ടാവുകയും എനിക്കു മുമ്പ് പ്രസംഗിച്ച പണ്ഡിതന്മാ രുടെ പ്രസംഗങ്ങൾ മൂലമുണ്ടായനിരാ ശാബോധം അവസാനിക്കുകയും ചെയ്തു. ഞാനൊരഹ്മദിയാണെന്ന റിഞ്ഞ മുസ്ലിംകൾ, അഹ്മദികളും തങ്ങളുടെ സഹോദരന്മാരാണല്ലോ എന്നുപറഞ്ഞു. അല്പം മുമ്പ് വരെ അഹ്മദികൾ കാഫിറാണെന്നു പറഞ്ഞി രുന്നവരിൽ പെട്ടെന്നുണ്ടായ മാറ്റമായി രുന്നു ഇത്.

പാതിരി ഗുലാം മസീഹ് എന്റെ പ്രസംഗത്തെ ഖണ്ഡിക്കുകയുണ്ടായി ല്ലെങ്കിലും ഇദ്ദേഹം പുതിയൊരു രീതി യിലാണ് മറുപടി പറഞ്ഞതെന്നു മാത്രം പറഞ്ഞു ഒഴിഞ്ഞുമാറുകയുണ്ടായി. പ്രസംഗം കഴിഞ്ഞു പുറത്തുവന്നപ്പോൾ മുസ്ലിം യുവാക്കാൾ എന്നെ വളഞ്ഞു ആശംസകൾ അർപ്പിക്കുകയും ചിലർ ചുമലിലേറ്റി ജസാക്കല്ലാഹ് ജസാക്കല്ലാ എന്നു പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു.

കാസിറെ സലിബ് ഹ: വാഗ്ദത്ത് മസീഹിന്നു ലഭിച്ച വൻവിജയമായി രുന്നു ഇത്.

■

*(28 -ാം പേജിൽ നിന്ന് തുടർച്ച)*

ലോകത്ത് നടപ്പിൽ വരുത്തുകയാണ്. (പേജ് 117) ഇന്നു ആ കാലം ഇതാ വന്നുചേർന്നിരിക്കുന്നു. ലോകത്തെ വിജയത്തിന്റെയും സുഭിക്ഷതയുടെയും വഴിയിൽ നടത്തുന്നതിന്നായി പുതി യൊരു വ്യവസ്ഥിതിയുടെ ആവശ്യമു ണ്ട്. ആ വ്യവസ്ഥിതി അൽവസിയ്യ ത്തിൽ ഉണ്ടെന്നു 60 വർഷങ്ങൾക്കു മുമ്പ് ഹദ്റത്ത് മുസ്ലിംഹ് മൗഊദ്(റ) അരുൾ ചെയ്തു. ഇന്ന് ആ ദൈവിക വ്യവസ്ഥിതിയിലേക്ക് നമ്മുടെ ഇപ്പോ ഴത്തെ ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നമ്മെ വിളിക്കുകയാണ്. എപ്ര കാരം ഇതിന്നു മുമ്പുള്ള ഖലീഫമാ രുടെ ഓരോ ആഹ്വാനത്തിന്നും നാം ലബ്ബൈക്ക് പറഞ്ഞുവോ അതേപ്ര കാരം ഈ ആഹ്വാനത്തിന്നും ലബ്ബൈക്ക് പറഞ്ഞുകൊണ്ട് നമ്മുടെ ആത്മസംസ്കരണത്തിന്നായി മുന്നോട്ടു കുതിക്കേണ്ടതാണ്.

അല്ലാഹുത്തആല എല്ലാ അഹ്മദീ സഹോദരീ സഹോദരന്മാർക്കും വസി യ്യത്ത് വ്യവസ്ഥിതിയിൽ ചേർന്നു കൊണ്ട് അതിന്റെ അനുഗ്രഹങ്ങളിൽ നിന്നും പ്രയോജനമടയുവാനുള്ള സൗഭാഗ്യം തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**വിവ: മുഹമ്മദ് ഉമർ എച്ച്.എ.** ■

### നാശം

ധനം ശേഖരിക്കുകയും അത് എണ്ണിയെണ്ണി കണക്കാക്കികൊ ണ്ടിരിക്കുകയും ചെയ്തിട്ടുള്ളവന് (നാശം)

**(ഖുർആൻ 10:3)**

അനുസ്മരണം

# ഓർമ്മകളിലെ വലിയ മൗലവി സാഹിബ്

സി. ഹംസക്കോയ

**യശഃശ്ശരീരനായ മൗലവി അബ്ദുല്ലാഹ് സാഹിബ് (മർഹൂം) എച്ച്.എ.യെക്കുറിച്ച് ഒരു ഓർമ്മക്കുറിപ്പ്.**

കേരളത്തിലെ അഹ്മദിയ്യാ ചരിത്രത്തിൽ അവിസ്മരണീയനായ ഒരു മഹൽ വ്യക്തിത്വമാണ് മൗലാനാ മൗലവി അബ്ദുല്ലാഹ് സാഹിബ്. എച്.എ. എതിർ പ്പിന്റെ രോഷാഗ്നി ആളിക്കത്തിയ അഹ്മദിയ്യത്തിന്റെ ആദ്യനാളുകളിൽ നിസ്വതയും പ്രയാസങ്ങളും അരിഷ്ടതകളും അഹ്മദികളെ വലയം ചെയ്തുനിന്നിരുന്നു. അഗ്നിപരീക്ഷണങ്ങളുടെ ആ പ്രതികൂലാവസ്ഥയിൽ മൗലവി സാഹിബിന്റെ അനുഗൃഹീത വ്യക്തിത്വം അഹമ്ദികൾക്ക് നൽകിയ ആത്മവിശ്വാസവും ധൈര്യവും പറഞ്ഞറിയിക്കാൻ സാധ്യമല്ല. ഏതൊരു സത്യപ്രസ്ഥാനത്തിനും അഗ്രഗാമായി ലഭിക്കുന്ന അനുഗൃഹീത വ്യക്തികളിലൊരാളായിരുന്നു. മൗലവി അബ്ദുല്ലാഹ് സാഹിബ്. സാത്വിക വിശുദ്ധിയുടെ ആൾരൂപമായ മൗലവി സാഹിബിന്റെ മരണമില്ലാത്ത ഓർമ്മകൾ കേരളത്തിലെ അഹ്മദികളുടെ ഹൃദയത്തിൽ എന്നുമെന്നും നിലനിൽക്കും. ആ മഹനീയ വ്യക്തിത്വവുമായി എനിക്കുണ്ടായിരുന്ന വ്യക്തിപരവും എളിയതുമായ ചില ബന്ധങ്ങളും അല്പം കൊച്ചുസംഭവങ്ങളും ഇവിടെ അനുസ്മരിക്കുകയാണ്.

ലക്ഷദ്വീപിലെ ആദ്യത്തെ അഹ്മദിയായിരുന്ന എന്റെ വന്ദ്യപിതാവ് മർഹൂം അബ്ദുറഹ്മാൻ കോയ 1925–ന് മുമ്പേ കോഴിക്കോട്ടെ എം. അഹ്മദ് സാഹിബ് മുഖേന അഹ്മദിയത്ത് സ്വീകരിച്ച് അദ്ദേഹം 'പോക്കിരിപാട' എന്ന പ്രമുഖ കുടുംബത്തിലെ അംഗമായിരുന്നു. മൗലാനാ സാഹിബിന്റെ ശിഷ്യനും സുഹൃത്തും എല്ലാമായിരുന്നു എന്റെ പിതാവ്. മൗലവി സാഹിബിന്റെ പഴയങ്ങാടിയിലുള്ള വീട്ടിൽ എന്നെ പഠിക്കാൻ വേണ്ടി താമസിപ്പിച്ചു. പഴയങ്ങാടി സ്കൂളിലെ അഞ്ചാം ക്ലാസ്സിലാണ് എന്നെ ചേർത്തത്. 1945 മുതൽ 1952 വരെ അവിടെ തന്നെ ഞാൻ പഠിച്ചു. ഭൗതിക വിദ്യാഭ്യാസം സ്കൂളിലായിരുന്നുവെങ്കിലും ജീവിതപാഠങ്ങൾ മൗലവി സാഹിബിന്റെ സവിധത്തിൽ നിന്നും ഗ്രഹിക്കാൻ ഞാൻ സാകൂതം ആ മഹാനുഭാവന്റെ സവിധം നോക്കിപ്പാർത്തു നിന്നു. എന്റെ ശുഷ്ക്കമായ ബാല്യകാല സ്മരണകളിൽ നിന്ന് അത് നിരൂപിച്ചെടുക്കാൻ കഴിയുന്നില്ലെങ്കിലും എന്റെ ബാലമനസ്സിനെ മൗലവി സാഹിബ് വളരെയധികം സ്വാധീനിച്ചിട്ടുണ്ട് എന്നുറപ്പാണ്. തന്റെ വീട്ടിൽ പരദേശിയായ എന്നോട് സ്വന്തം പുത്രനെപ്പോലെയാണ് അദ്ദേഹം പെരുമാറിയത്. ഒരിക്കൽപോലും എന്നോടു പരുഷമായി സംസാരിക്കുകയോ, ശാസിക്കുകയോ ചെയ്തിട്ടില്ല. ഇരിപ്പിലും നടപ്പിലും ഓരോ അംഗചലനങ്ങളിലും ഇസ്‌ലാമിക സംസ്കാരവും പെരുമാറ്റവും സ്വായത്തമാക്കിയ മൗലവി സാഹിബ് ഒരു സത്യാന്വേഷിയെ ആകർഷിക്കുന്നു മാതൃകയായിരുന്നു. അദ്ദേഹത്തിന്റെ ജീവിതസൂക്ഷ്മതക്കൊരുദാഹരണം എന്റെ സ്മരണയിൽ വരികയാണ്. ഒരിക്കൽ അസർ നമസ്കാരം കഴിഞ്ഞ് പഴയങ്ങാടി ബസാറിലേക്ക് ഒരു ഇടവഴിയിലൂടെ മൗലവി സാഹിബ് നടന്നുപോകുകയായിരുന്നു. തന്റെ കുനിഞ്ഞ ശിരസ്സിലെ നിമ്ന ദൃഷ്ടി കൊണ്ട് പാദം ചലിക്കുന്ന പാതക്ക് മുമ്പേ മാത്രം നോക്കി മൗലവി സാഹിബ് പതിയെ നടക്കുകയായിരുന്നു. അപ്പോൾ തന്റെ അയൽവീട്ടിലെ പാറു എന്ന ഹിന്ദു സ്ത്രീ ചോദിച്ചു. 'മൊയിലാർക്ക (അങ്ങനെയാണ് ചില സ്ത്രീകൾ മൗലവി സാഹിബിനെ വിളിച്ചിരുന്നത്) എന്താണ് വീണു പോയത്'? ശബ്ദശ്രവണത്തിൽ ആളെ തിരിച്ചറിഞ്ഞ മൗലവി സാഹിബ് മറുപടി പറഞ്ഞു. 'ഒന്നുമില്ല പാറൂ' മൗലവി സാഹിബ് വീണുപോയ വല്ല സാധനവും തിരയുകയാണോ എന്നായിരുന്നു. പാറുവിന്റെ സന്ദേഹം. 'നിങ്ങളുടെ ദൃഷ്ടി താഴ്ത്തുക' എന്ന ഖുർആനിക കല്പനയായിരുന്നു ആ മഹാത്മാവിന്റെ ദൃഷ്ടിയേയും ചരണങ്ങളേയും നിയന്ത്രിച്ചിരുന്നത് എന്ന് പാറുവുണ്ടോ അറിയുന്നു?

വീട്ടിലേക്കുള്ള റേഷൻ വാങ്ങാനുള്ള ചുമതല എന്റേതായിരുന്നു. പഴയങ്ങാടിയിലെ അഹ്മദ് സാഹിബിന്റെ റേഷൻ കടയിൽ ഞാനെത്താൻ അല്പം താമസിച്ചുപോയി. എന്നെ കാത്തുനിൽക്കാതെ തലനിറയെ ജ്ഞാനം നിറഞ്ഞ ആ മഹാനുഭാവൻ ധാന്യക്കൊട്ടയും തലയിൽ കയറ്റി വരുന്ന കാഴ്ച എനിക്ക് ഇന്നും വിസ്മരിക്കാൻ സാധ്യമല്ല. ഉടനെ അപരാധ ബോധത്തോടെ ഞാനത് വാങ്ങി. 'നീ എന്തുകൊണ്ട് താമസിച്ചു' എന്ന ഒരു ചോദ്യം പോലും എന്നോടു ചോദിച്ചില്ല. ജോലിയുടെ ഉച്ചനീചത്വസങ്കല്പങ്ങളൊന്നും ആ വലിയ മനസ്സിൽ ഉണ്ടായിരുന്നില്ല.

കോഴിക്കോട്ട് മൗലവി സാഹിബ് വരുമ്പോൾ റയിൽവേസ്റ്റേഷനിൽ പോയി ഞാൻ സ്വീകരിക്കുമായിരുന്നു. കോഴിക്കോട് ദാറുസ്സലാമിൽ മൗലവി സാഹിബ് താമസിക്കുമ്പോൾ ദാറുസ്സലാമിന്റെ രൂപഭാവങ്ങൾ മാറി അതൊരു വൈജ്ഞാനിക സദസ്സും സജീവമാറിയ ചർച്ചാകേന്ദ്രവുമാകുമായിരുന്നു. വൈജ്ഞാനിക മേഖലകളിലും യുക്തിവാദങ്ങളിലും പയറ്റിത്തെളിഞ്ഞ പണ്ഡിതന്മാരും സാധാരണക്കാരും മൗലവി സാഹിബുമായി മാറ്റുരക്കാനും അവരുടെ സംശയങ്ങൾക്ക് നിവാരണം വരുത്തുവാനും ദാറുസ്സലാം സന്ദർശിക്കുമായിരുന്നു. ലൂതറൻ മിഷ്യനിലെ അമേരിക്കൻ മിഷനറി മൗലവി സാഹിബിന്റെ നിത്യസന്ദർശകനായിരുന്നു. ഹെന്റി ജെ. ഓട്ടൻ എന്നു പേരുള്ള അദ്ദേഹം പിന്നീട് Ahmadiyya Doctrine of God എന്ന പേരിൽ ഇംഗ്ലീഷിൽ ഒരു പുസ്തകവുമെഴുതിയിട്ടുണ്ട്. മൗലവി സാഹിബുമായി വളരെ സ്നേഹബന്ധം പുലർത്തിയിരുന്ന ഓട്ടൻ സായിപ്പുമായുള്ള ഒരു സംഭാഷണസന്ദർഭം ഞാനോർത്തുപോകുകയാണ്. കുറേ സംസാരിച്ചതിനുശേഷം മൗലവി സാഹിബ് അദ്ദേഹത്തോട് ചോദിച്ചു: യേശു മൂന്നുദിവസം മരിച്ചു കിടന്നപ്പോൾ ലോകത്തെ പരിപാലിച്ചത് ആരായിരുന്നു? സായിപ്പ് ഒന്നു പതുങ്ങി. അല്പം ആലോചിച്ചിട്ടു പറഞ്ഞു. 'ഇതിന്റെ മറുപടി ഞാൻ പിന്നീടു പറയാം' നമ്മുടെ സഹോദരൻ കോഴിക്കോട്ടെ കെ.എം. അഹ്മദ് കോയ സാഹിബിന്റെ പിതാവ് മൊയ്തീൻ കോയ സാഹിബ്, പിന്നീട് ബൈയ്യത്ത് ചെയ്ത പി.എസ്. മൂസക്കോയാ സാഹിബിനോടൊപ്പം ദാറുസ്സലാമിൽ വരുന്നത് ഞാനിപ്പോഴും ഓർക്കുന്നു. അതുപോലെ ലക്ഷദ്വീപിലെ ഒരു പോലീസ് ഇൻസ്പെക്ടർ വലിയ യുക്തിവാദിയായിരുന്നു. ദൈവാസ്തികൃത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ സംശയങ്ങളുമായി പല മുസ്‌ലിം പണ്ഡിതന്മാരേയും സമീപിച്ചുവെങ്കിലും അദ്ദേഹത്തിന് തൃപ്തികരമായ ഉത്തരം ലഭിച്ചത് മൗലവി സാഹിബിൽ നിന്നായിരുന്നു.

ഞാൻ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ എന്റെ വസ്ത്രധാരണത്തിൽ പോലും മൗലവി സാഹിബ് വേണ്ട ശിക്ഷണങ്ങൾ തരുമായിരുന്നു. ഒരിക്കൽ അസർ നമസ്കാരത്തിനു ശേഷം മൗലവിസാഹിബും ഞാനും കൂടി കോഴിക്കോട് ബസാറിലേക്ക് പുറപ്പെട്ടു. ഞാൻ പിന്നിൽ മുണ്ട് മടക്കിക്കുത്തിയായിരുന്നു നടന്നിരുന്നത്. ഇത് കണ്ട മൗലവി സാഹിബ് എന്നോട് തിരിഞ്ഞു ചോദിച്ചു. 'ഹംസക്കോയ വല്ലാത്ത മങ്ങല്ലേ' നാലര മണിനേരത്തെ വെയിലുള്ള സന്ദർഭമായിരുന്നു അത്. ഞാൻ മുണ്ട് മടക്കിക്കുത്തി ഉടുക്കുന്നതിലെ അനൗചിത്യം മൗലവി സാഹിബ് ഭംഗ്യന്തരേണ സൂചിപ്പിക്കുകയായിരുന്നു. കാര്യം മനസ്സിലാക്കിയ ഞാൻ ഉടനെ മുണ്ട് മടക്കിക്കുത്തിയത് താഴ്ത്തി. ഇങ്ങനെ അന്യാഖ്യാനരൂപത്തിലുള്ള സൗമ്യമായ ഉണർത്തലുകളിലൂടെയായിരുന്നു അദ്ദേഹം ആളുകൾക്ക് ശിക്ഷ നൽകിയിരുന്നത്.

ഒരിക്കൽ എന്നോട് ഒരു മുക്കാൽ (3 പൈസ) എന്തോ ആവശ്യത്തിനു അദ്ദേഹം വാങ്ങി. പിറ്റെ ദിവസം അത് മടക്കി തരാനായി മൗലവി സാഹിബ് എന്നെ വിളിച്ചു. ഞാൻ പറഞ്ഞു 'വേണ്ട'. അപ്പോൾ ആ മുഖത്ത് അല്പം ഗൗരവം പ്രത്യക്ഷപ്പെട്ടു. 'ഞാൻ നിന്നോട് കടമായി വാങ്ങിയതാണ്. ഇത് തിരിച്ചുവാങ്ങണം' ഞാൻ മനസ്സില്ലാമനസ്സോടെ ആ മുക്കാൽ വാങ്ങി. സാമ്പത്തിക ഇടപാടുകളിൽ അതീവനിഷ്ക്കർഷ പാലിച്ചിരുന്ന മൗലവി സാഹിബ് പാവങ്ങളെ സഹായിക്കാനും പണക്കാരിൽ നിന്നും പണം വാങ്ങി പാവങ്ങൾക്ക് എത്തിക്കുന്നതിലും വളരെ താല്പര്യം കാണിച്ചിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ്നെ പോലെ രസകരമായ ഗുണപാഠകഥകൾ അദ്ദേഹം ധാരാളം പറയുമായിരുന്നു. നല്ല ഫലിതപ്രിയനായിരുന്നു മൗലവി സാഹിബ്. ജമാഅത്തിന് വേണ്ടി വളരെയേറെ ത്യാഗങ്ങൾ സഹിച്ച ആ മാതൃകാ ജീവിതത്തിന്റെ സ്മരണകൾ പോലും തമ്മിൽ ആത്മീയ പ്രചോദനമുണ്ടാക്കുന്നു. അദ്ദേഹത്തിന്റെ ആഖിറത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ. (ആമീൻ)

# സ്നേഹഗാനം

## കെ. പി. ഏ. പുന്നോൽ

എല്ലാവരോടുമേ സ്നേഹം പാരിൽ
ഇല്ലയാരോടും വിരോധം
എല്ലാവരും ചേർന്നു പാടൂ ലോക-
ത്തെല്ലാവരും കേട്ടിടട്ടെ.
ശത്രുത വിട്ടിട വേണം ഹൃത്തിൽ
മിത്രത ഏറി വരേണം
ജീവകാരുണ്യം വളർത്തി നമ്മൾ
ജീവിതം ധന്യമാക്കേണം.

ലേഖനം

# മുസ്‌ലിം ലോകവും ശാസ്ത്രത്തോടുള്ള സമീപനവും


പ്രൊഫ. അബ്ദുസ്സലാം
(നോബൽ സമ്മാന ജേതാവ്)


## 'അറേബ്യൻ ഗൾഫ് യൂണിവേഴ്‌സിറ്റിയുടെ ഭാവി' - എന്ന വിഷയത്തെ അധികരിച്ച് 1983 മെയ് മാസം ബഹ്റൈനിൽ വെച്ച് നടത്തിയ പ്രഭാഷണം

മദ്ധ്യകാല നൂറ്റാണ്ടുകളിൽ മുസ്‌ലിംകൾ ശാസ്ത്രരംഗത്ത് കുതിച്ചുകയറാനുണ്ടായ കാരണമെന്താണ്? മുഖ്യമായും മൂന്നെണ്ണമാണത്. ഒന്നാമതായി വിശുദ്ധ ഖുർആന്റെയും തിരുനബി(സ)യുടെയും ആവർത്തിച്ചുള്ള ആഹ്വാനങ്ങളാണ്. ഡമാസ്കസ് യൂണിവേഴ്‌സിറ്റിയിലെ ഡോ: അയ്ജസുൽ ഖാത്തിബ് പറയുന്നത് ശാസ്ത്രപഠനത്തിന് ഖുർആൻ കൊടുത്ത പ്രാധാന്യം അനിഷേധ്യമാണെന്നാണ്. വിശുദ്ധ ഖുർആനിൽ മത സാമൂഹ്യ നിയമങ്ങൾക്കായി 250 വചനങ്ങൾ കാണാം. എന്നാൽ ഖുർആന്റെ പരിശുദ്ധ ഏടുകളിൽ 750 ഓളം ആയത്തുകൾ ശാസ്ത്രസംബന്ധിയാണ്. ഇത് ഖുർ ആന്റെ എട്ടിലൊന്നോളം വരും. യുക്തിവിചാരശീലം വളർത്തിയെടുക്കാനും പ്രകൃതിയെപ്പറ്റി പഠിക്കാനും, ശാസ്ത്രീയസംരംഭങ്ങളെ സമൂഹ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളായി കാണാനുമുള്ള അനുജ്ഞതകളെക്കൊണ്ട് അവ നിറഞ്ഞിരിക്കുന്നു.

രണ്ടാമത്തെ കാരണം ഇത് ഒന്നാമത്തേതിന്റെ അനുബന്ധം തന്നെയാണ്. അതായത് ശാസ്ത്രത്തിലും മറ്റു വിഷയങ്ങളിലുമുള്ള വിജ്ഞാനികൾക്ക് (ആലിംകൾ) ഇസ്‌ലാം നൽകിയ മഹോന്നതസ്ഥാനമാണ്. വിജ്ഞാന ശാസ്ത്രങ്ങളിൽ പാരംഗതനായിട്ടുള്ള ഒരാളുടെ പദവിയെ സംബന്ധിച്ച് ഖുർആൻ ചോദിക്കുന്നത്. "ഈ യോഗ്യതകളൊന്നുമില്ലാത്തവൻ അതുള്ളവന്ന് തുല്യനായിരിക്കുമോ" എന്നാണ്.

തിരുനബി(സ) ഇങ്ങിനെ അരുളുകയുമുണ്ടായി വിജ്ഞാനാന്വേഷണം ഏതൊരു പുരുഷന്റേയും സ്ത്രീയുടെയും ബാദ്ധ്യതയാണ്. കാത്തേയിൻ (ചൈന) പോയെങ്കിലും ഇൽമ് (വിജ്ഞാനം) കരസ്ഥമാക്കണമെന്ന് നബി(സ) കല്പിക്കുകയുണ്ടായി. ചൈനയെ സംബന്ധിക്കുന്ന ഈ പ്രതിപാദനം തീർച്ചയായും മതവിജ്ഞാനത്തെ സംബന്ധിച്ചതല്ല. ശാസ്ത്രീയ പഠനത്തിൽ അന്തർദേശീയത കൈക്കൊള്ളാൻ ഈ ഉപദേശത്തിലൂടെ പ്രവാചകൻ പഠിപ്പിക്കുകയായിരുന്നു ചെയ്തത്.

ഈ അന്തർദേശീയ സമീപനമായിരുന്നു ശാസ്ത്രീയ കർമണ്യതയുടെ മൂന്നാമത്തെ കാരണം. ഇസ്‌ലാമിക രാഷ്ട്രസമൂഹത്തിന് വർണ, വർഗ, ദേശീയ വൈവിദ്ധ്യങ്ങൾക്കുപരിയായി ഒരു വമ്പിച്ച ജനസഞ്ചയത്തെ ഉദ്ഗ്രഥനം ചെയ്യാൻ കഴിഞ്ഞത് ഇതുകൊണ്ടാണ്. മുഖ്യമായും ആദ്യകാല മുസ്‌ലിംകൾ അന്യരോടും അവരുടെ ആശയത്തോടും കാണിച്ച സഹിഷ്ണുത പുരോഗതിക്ക് കാരണമായി.

ശാസ്ത്രത്തോടുള്ള ഈ ബഹുമാനാദരങ്ങളാണ് ഇസ്‌ലാമിനെ ശാസ്ത്രത്തിന്റെ പരിപോഷകരാക്കി മാറ്റിയതും അറബ് - ഇസ്‌ലാമിക് കോമൺവെൽത്തിൽ അത് ശക്തിപ്പെടാനും കാരണമായത്. ഇസ്‌ലാമിക സാഹിത്യത്തിന്ന് സമാന്തരമായി വികസിച്ച ശാസ്ത്രത്തെ സംബന്ധിച്ച് എച്ച്. എ.ആർ. ഗിബ്ബ് പറഞ്ഞത് ''മറ്റിടങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിൽ ശാസ്ത്രം ഗുണപൗഷ്കല്യം നേടിയത് സോപാധികമാണ്.... വർദ്ധിച്ച ഔദാര്യവും, പോഷണവും അതിന്മേൽ ചൊരിയപ്പെടുകയുണ്ടായി. മുസ്‌ലിം സമൂഹത്തിന്ന് എവിടെയെല്ലാം ജീർണതയേറ്റുവോ അവിടെയെല്ലാം ശാസ്ത്രത്തിന്റെ ഊർജ്ജസ്വലതയും ശക്തിയും നഷ്ടപ്പെട്ടിട്ടുണ്ട്. രാജാക്കന്മാരും മന്ത്രിമാരും ശാസ്ത്രത്തെ പരിപോഷിപ്പിക്കുന്നതിൽ സന്തോഷവും ബഹുമതിയും, ക്ഷേമവും കണ്ടെത്തിയോ അപ്പോഴെല്ലാം വിജ്ഞാനദീപം വെളിച്ചം തൂവി ജ്വലിച്ചുനിൽക്കുകയുണ്ടായി."

ഈ നില ദീർഘകാലം തുടർന്നില്ല. എ.ഡി. 1100 മുതൽ ഇസ്‌ലാമിക ലോകത്ത് ശാസ്ത്രത്തിന്ന് ശിഥിലീകരണം ആരംഭിച്ചു. 1350 ആവുമ്പോഴേക്കും ശാസ്ത്രം ഇവിടെ പൂർണമായും മുതലക്കൂപ്പു കുത്തിക്കഴിഞ്ഞു. ഇതെങ്ങിനെ സംഭവിച്ചു? ആർക്കും ഒരു നിശ്ചയവുമില്ല!

### ഇമാം ഗസ്സാലിയുടെ അനുശാസനവും ഇബ്നു കൽദൂണിന്റെ നിസ്സംഗതയും

ശാസ്ത്രരംഗത്തെ ഈ അധഃപതനത്തിന്ന് മംഗോളിയരുടെ സംഹാരാത്മകമായ പടയോട്ടം പോലെയുള്ള ബാഹ്യമായ കാരണങ്ങളുണ്ടായിരുന്നു. പടയോട്ടത്തിൽ കവിഞ്ഞ് കിരാതമായ

ദുരന്തങ്ങൾ വാരിവിതറിക്കൊണ്ടുള്ള ഒരു ആക്രമണം തന്നെയായിരുന്നു അതെന്നുള്ളതിൽ സംശയമില്ല. എന്നാൽ ചെങ്കിസ്ഖാന് 60 വർഷങ്ങൾക്ക് ശേഷം അദ്ദേഹത്തിന്റെ പൗത്രനായ ഹല്ലാക്കുഖാൻ മറാഗയിൽ ഒരു ജ്യോതിശാസ്ത്രനിരീക്ഷണാലയം സ്ഥാപിക്കുകയുണ്ടായി എന്നത് ശ്രദ്ധേയമായിരുന്നു. പ്രഗത്ഭനായ നാസിറുദ്ദീൻ തൂസി ശാസ്ത്രപ്രവർത്തനങ്ങൾ നടത്തിയത് ഇവിടെയാണ് സജീവശാസ്ത്രം പൊടുന്നനെ അന്യംനിന്നുപോകാൻ കാരണം എന്റെ വീക്ഷണത്തിൽ ആഭ്യന്തര വൈരുദ്ധ്യങ്ങളാണ്. പരിഷ്കരണങ്ങളോടുള്ള പരാങ്മുഖത്വവും (തഖ്ലീദ്) ശാസ്ത്രീയ സംരംഭങ്ങളെ സമൂഹമദ്ധ്യത്തിൽ നിന്ന് വേർപെടുത്തിയതുമാണ് ഇതിന്ന് മുഖ്യഹേതു.

ഇമാം ഗസ്സാലിയുടെ (1058 –1111) ഇഹ്യാ ഉലുമുദ്ദീൻ (മതവിജ്ഞാനങ്ങളുടെ പുനരുത്ഥാനം) എന്ന ഗ്രന്ഥത്തിന്റെ ആദ്യത്തെ അധ്യായത്തിൽ ഇത് വ്യക്തമാക്കുന്നുണ്ട്. മുസ് ലിം ശാസ്ത്രത്തിന്റെ പുരോഗതിക്ക് വൈദ്യശാസ്ത്രവും ഗണിതവും പഠിച്ചു പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഉന്നിപ്പറഞ്ഞിരിക്കുന്നു. ഇത് സമൂഹത്തിന്റെ നിർബന്ധ ബാദ്ധ്യതയായി (ഫർളുൽ കഫിയ) അദ്ദേഹം കരുതുന്നു. സമൂഹത്തിലെ കുറച്ചു പേരോ അല്ലെങ്കിൽ സമൂഹം ഒന്നടങ്കമോ ഇതിന്ന് നിരോധാനമേർപ്പെടുത്തുമ്പോൾ മുഴുവസമൂഹവും അപരാധിയാവുന്നു. തന്റെ 'അൽമുൻഖിദ് മിന ദ്ദലാൻ' (Al Munquidh min ad-Dalal) എന്ന ഗ്രന്ഥത്തിൽ പറയുന്നത് ശ്രദ്ധിക്കുക: ''ഇസ്ലാം ഗണിതശാസ്ത്രത്തിന്നെതിരാണെന്ന് ഒരാൾ സങ്കല്പിക്കുകയാണെങ്കിൽ മതത്തിന്നെതിരെ കൈക്കൊള്ളുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കുമത്. നിഷേധത്തിലൂടെയും, സ്ഥിരീകരണത്തിലൂടെയും ലഭിക്കുന്ന ഗണിതശാസ്ത്ര വസ്തുതകൾ വെളിപാടുസത്യങ്ങൾക്കെതിരല്ല. അതുപോലെ ശാസ്ത്രത്തിന് മതസത്യങ്ങളെ എതിർക്കാനുമാവില്ല." ഇമാം ഗസ്സാലി അദ്ദേഹത്തിന്റെ ഉജ്ജ്വലമായ അനുശാസനം തുറന്നെഴുതിയെങ്കിലും അപ്പോഴേക്കും ശാസ്ത്രത്തിന് മാന്ദ്യം ബാധിച്ചുകഴിഞ്ഞിരുന്നു. ഭൗതികാന്വേഷണത്തിന്നുപകരം സൂഫിസത്തിലേക്കും, കർമ്മനിരാസത്തിലൂന്നിയ പരലോകചിന്തയിലേക്കും, നിശിതമായ മനനങ്ങൾക്ക് പകരം തക്‌ലീദിലധിഷ്ടിതമായ അനുകരണത്തിലേക്കും അസഹിഷ്ണുതയിലേക്കും അവരുടെ ശ്രദ്ധ ഗതിമാറിയൊഴുകി.

ഈ തകർച്ച വിശദീകരിക്കാൻ ലോകം കണ്ടതിൽ വെച്ചേറ്റവും വലിയ സാമൂഹ്യ ചരിത്രകാരനായ ഇബ്നു 'കൽദൂണിനെ (1332–1406) ഉദ്ധരിക്കാം. അദ്ദേഹം 'മുഖദ്ദിമ'യിൽ എഴുതുകയാണ്.

'ഫ്രാൻക് (Frank) രാജ്യത്തും വടക്കൻ മെഡിറ്ററേനിയൻ തീരത്തും തത്ത്വശാസ്ത്രത്തിന്റെ പുതിയൊരു ഉജ്ജീവനത്തെപ്പറ്റി നാം ഈയ്യിടെ അറിയുകയുണ്ടായി. അവർ വീണ്ടും പഠനം ആരംഭിക്കുകയും വിവിധ രീതിയിൽ അഭ്യസിപ്പിക്കുകയും ചെയ്യുന്നു. അവരുടെ നിലവിലുള്ള വ്യാഖ്യാനസമ്പ്രദായം സമഗ്രമാണെന്ന് പറയപ്പെടുന്നു. അവരെ അറിയുന്നവരും അനരുടെ പഠിതാക്കളും അനവധിയുണ്ട്. അവിടുത്തെ സ്ഥിതിയുടെ യഥാർത്ഥ വിവരം അല്ലാഹുവിന്നറിയാം.... ഒരു കാര്യം വ്യക്തമാണ് നമ്മുടെ മതവിഷയങ്ങളിൽ ഭൗതികശാസ്ത്രപ്രശ്നങ്ങൾക്ക് പ്രസക്തിയില്ല. അതുകൊണ്ട് തീർച്ചയായും നമുക്കവരെ അവഗണിക്കാം."

പുറംലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിജ്ഞാനസംഭവ വികാസങ്ങൾക്ക് നേരെ നിർജ്ജീവമായ ജിജ്ഞാസയും പ്രതിലോകമകരമായ നിലപാടുമാണ് ഇവിടെ ഇബ്നു കൽദൂൺ സ്വീകരിക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകളിലെ നിസ്സംഗത്വം പുറംലോകത്ത് നിന്ന് ഒറ്റപ്പെടാൻ കാരണമായി. ശാസ്ത്രീയരംഗത്തുനിന്നുള്ള ഒറ്റപ്പെടലും, അധികാരികളോടുള്ള ആരാധനയും, ധൈഷണിക മൃത്യുവിന്ന് ബീജാവാപം നടത്തുകയും ചെയ്തു.

നമ്മുടെ പ്രതാപമുഗ്ദമായ 9, 10 നൂറ്റാണ്ടുകളിൽ ബാഗ്ദാദിലും കൈറോവിലും ശാസ്ത്രീയ ഉപരിപഠനസ്ഥാപനങ്ങൾ (ബൈത്തുൽ ഹിക്മ) പടുത്തുയർത്തിയിരുന്നു. പണ്ഡിതരുടെ അന്തർദേശീയ സമ്മേളനങ്ങൾ അവിടെ വിളിച്ചുകൂട്ടി. എന്നാൽ ഇതെല്ലാം പൊടുന്നനെ നിലച്ചുപോയി 1350ന് ശേഷം അങ്ങിനെയൊന്ന് സംഭവിച്ചിട്ടില്ല. മതപഠനകേന്ദ്രങ്ങളിലാണ് പിന്നീട് ശാസ്ത്രം അഭ്യസിപ്പിക്കപ്പെട്ടത്. അവിടെ വിമർശനപരമായ വിലയിരുത്തലുകൾക്ക് പകരം പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നിർണയിക്കപ്പെട്ടത്. സർവവിജ്ഞാനകോശസമ്പ്രദായത്തിലുള്ള പഠനരീതി തന്നെ വിശേഷവൽക്കരണത്തിന്റെ ഈ യുഗത്തിൽ വിലങ്ങുതടിയായി. യുവഗവേഷകരെ സംബന്ധിച്ചിടത്തോളം ക്രിയാത്മക വിമർശനത്തിന്റെ അന്തഃസത്തയായ നിലവിലുള്ള പഠനവിഷയങ്ങളെ ചോദ്യം ചെയ്തു പുനഃപരിശോധിച്ച് പുതിയ ആശയങ്ങൾ കണ്ടെത്തുന്ന രീതി പ്രോത്സാഹിപ്പിക്കപ്പെടുകയോ പൊറുപ്പിക്കുകയോ ചെയ്തില്ല.

കൽദൂണിയൻ കാലഘട്ടം മുതൽക്കുള്ള ധൈഷണികമായ ഈ ഒറ്റപ്പെടലും മരവിപ്പും തുർക്കിയിലെ ഉസ്മാനിയാ, ഇറാനിലെ സഫ്‌വി, ഇന്ത്യയിലെ മുഗൾ എന്നീ മഹത്തായ സാമ്രാജ്യങ്ങളുടെ കാലവും പിന്നിട്ടുകൊണ്ട് ശൈഥില്യത്തിന്റെ ഒരു സമ്പൂർണചിത്രം രചിക്കുകയുണ്ടായി. യൂറോപ്പിൽ ശാസ്ത്രവൈജ്ഞാനിക രംഗത്തുണ്ടായ വിസ്ഫോടനത്തെപറ്റി സുൽത്താന്മാരോ, ഷായിൻഷാമാരോ ബോധവാന്മാരായില്ല. തോക്ക് നിർമ്മാണകലയിലും നാവികരംഗത്തും വെനീഷ്യരും, ജെനോയിസു (Genoese)കളും കടന്നുവന്നത് അവർ ഗൗനിച്ചില്ല. കപ്പൽനിർമ്മാണകലയിൽ വൈദഗ്ദ്യം നേടി ഇസ്ലാമികരാജ്യങ്ങളുടെ തീരങ്ങളടക്കം ലോകത്തിലെ സമുദ്രങ്ങൾ മുഴുവൻ അടക്കിവാണ പോർട്ടുഗീസുകാരെപ്പറ്റി അവർ ശ്രദ്ധിച്ചില്ല. എന്തിനധികം ഹജ്ജിനുള്ള സമുദ്രസഞ്ചാരപഥം പോലും അവർ കൈയടക്കുമ്പോഴും നിതാന്തമായ മയക്കത്തിലായിരുന്നു മുസ്ലിംകൾ. പോർട്ടുഗീസുകാർക്ക് നാവിക വൈദഗ്ധ്യം കൈവന്നത് ഒരു

യാദൃശ്ചികസംഭവമല്ല. അവരുടെ രാജകുമാരൻ ഹെൻട്രി 1419ൽ തുടക്കം കുറിച്ച നാവികവികസന പ്രവർത്തനം അനവരതം തുടർന്നുപോയതിന്റെ ഫലമായിരുന്നു അത്.

**അവസാനശ്രമവും പരാജയത്തിലേക്ക്...**

ഈ പതിതാവസ്ഥയിലും എഴുന്നേറ്റു നിൽ ക്കാൻ അവർ ഒരു ശ്രമം നടത്താതിരുന്നില്ല. പക്ഷേ സൈദ്ധാന്തിക ശാസ്ത്രവും ടെക്നോളജിയും തമ്മിലുള്ള പാരസ്പര്യം മനസ്സിലാക്കുന്നതിൽ അവർ പരാജയപ്പെട്ടു പോകുകയാണുണ്ടായത്.

ഉദാഹരണത്തിന്ന് 1799ൽ തുർക്കിയിലെ സലിം മൂന്നാമൻ ആധുനിക ബീജഗണിതവും (Algebra) ത്രികോണമിതിയും (Trignometry) ബലതന്ത്രം (Mechanics) ബാലിസ്റ്റിക്കും (Balistic) ലോഹവിദ്യയും (Mettallurgy) പഠിപ്പിക്കാൻ ഒരുമ്പെടുകയുണ്ടായി. ഫ്രാൻസിൽ നിന്നും സ്വീഡനിൽ നിന്നും വിദഗ്ദരായ അദ്ധ്യാപകരെ വരുത്തി തോക്കുനിർമ്മാണത്തിൽ യൂറോപ്യന്മാരുമായി മത്സരിക്കാൻ പോലും വേദിയൊരുങ്ങി അദ്ദേഹത്തിന് ഈ വിഷയത്തിലുള്ള അടിസ്ഥാനശാസ്ത്രങ്ങളിൽ ഗവേഷണത്വര വളർത്താനായില്ല. അങ്ങിനെ അതും പരാജയമടഞ്ഞു. പിന്നെ തുർക്കിക്ക് ഒരിക്കലും യൂറോപ്പിനോടൊപ്പം എത്താനായില്ല.

30 വർഷങ്ങൾക്കുശേഷം ഈജിപ്തിലെ മുഹമ്മദലി കൽക്കരിയും സ്വർണവും സർവ്വേ ചെയ്യാനും അത് കണ്ടെത്തുന്നതിനുമുള്ള വിദ്യ പഠിപ്പിക്കാൻ നേതൃത്വം നൽകി. പക്ഷെ അദ്ദേഹത്തിന്നോ അദ്ദേഹത്തെ തുടർന്നു വന്നവരോ ഭൂവിജ്ഞാനത്തിന്റെ (Geology) അടിസ്ഥാന വശങ്ങളെ സംബന്ധിച്ച് ദീർഘകാല പരിശീലനം ലഭ്യമാക്കാൻ യത്നിച്ചില്ല.

സുപ്രസിദ്ധ ശാസ്ത്രീയ പ്രസിദ്ധീകരണമായ നേചറിന്റെ 1983 മാർച്ച് 24ാം തിയതിയിലെ ലക്കത്തിൽ ഫ്രാൻസിസ് ഗെയിൽസ് എന്ന ലേഖകൻ നടത്തിയ അവലോകനം ഇവിടെ ഉദ്ധരിക്കാം. അദ്ദേഹം 'മുസ്ലിം സയൻസിന്ന് എന്തുപറ്റി' എന്ന ചോദ്യം ഉന്നയിച്ചുകൊണ്ട് ഇപ്രകാരം എഴുതുന്നു "ഏകദേശം ഒരു സഹസ്രാബ്ദം മുമ്പ് മുസ്ലിം ലോകം അതിന്റെ ശാസ്ത്രീയ മുന്നേറ്റത്തിന്റെ അഗ്രിമാവസ്ഥയിൽ ശാസ്ത്രത്തിന് വിശിഷ്യാ ഗണിതശാസ്ത്രത്തിന്നും, വൈദ്യശാസ്ത്രത്തിന്നും നൽകിയ സംഭാവനകൾ നിരുപമമാണ്. ബാഗ്ദാദും സ്പെയിനും അതിന്റെ സുവർണദശയിൽ പണിതുയർത്തിയ സർവ്വകലാശാലകളിലേക്ക് ആയിരങ്ങൾ ചേക്കേറുകയുമുണ്ടായി. ഭരണാധികാരികൾ ശാസ്ത്രജ്ഞന്മാരാലും കലാകാരന്മാരാലും വലയം ചെയ്യപ്പെട്ടിരുന്നു. അവരുടെ കീഴിൽ യഹൂദർക്ക് സ്വാതന്ത്ര്യത്തിന്റെ ഒരു പുതിയ വിഹായസ്സ് അനുവദിക്കപ്പെട്ടു. കൃസ്ത്യാനികളും, മുസ്ലിംകളും തോളോടുതോൾ ചേർന്ന് പ്രവർത്തനങ്ങളിൽ മുഴുകി. ഇന്ന് ഇതെല്ലാം ഗതകാല സ്മരണ മാത്രം". അദ്ദേഹം തുടരുന്നു." 'ഈയടുത്തകാലത്ത് ശാസ്ത്ര സാങ്കേതിക രംഗത്തെ ചിലവുകൾ വർദ്ധിച്ചിട്ടുണ്ടായിരിക്കാം. പക്ഷെ ഈ വർദ്ധന എണ്ണസമ്പന്നരാജ്യങ്ങളിൽ മാത്രം ബലത്തിൽ വരുന്നതാണ്.... എന്നാൽ ഈ രാജ്യങ്ങളിൽ ചിലത് തിരക്കിട്ട യുദ്ധത്തിലാണ് ദശലക്ഷക്കണക്കിന്നാണ് അവയുടെ ചിലവ്. ശാസ്ത്ര വിഷയങ്ങളിൽ ശ്രദ്ധിക്കാൻ അവർക്ക് ഒട്ടും സമയമില്ല എന്നത് തീർച്ചയാണ്. മിക്ക രാജ്യങ്ങളുടെയും വാണിജ്യ വ്യവസായ ഘടന ഇറക്കുമതി സാങ്കേതിക വിദ്യ അടക്കി വാഴുകയാണ്. സ്വകീയമായ സാമ്പത്തിക രാഷ്ട്രീയ സംവിധാനത്തിന്ന് പകരം എല്ലാം അനുകരണങ്ങൾ മാത്രം"

എണ്ണ കയറ്റുമതിയിൽ നിന്നുള്ള സമ്പന്നത മദ്ധ്യപൗരസ്ത്യ ദേശത്തെ ശാസ്ത്രനയത്തിലും രാഷ്ട്രീയത്തിലും താരമ്യേന അല്പം മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും ഇവിടെയുള്ള അനേകം ശാസ്ത്രജ്ഞന്മാർക്ക് അസുഖകരമായ അനുഭവങ്ങളാണ് ഉള്ളത്. ഈ പ്രദേശത്ത് ഏകാധിപതികളോ, ഉദാരമതികളോ മറ്റാര് തന്നെ ഭരിച്ചാലും ശരി തദ്ദേശീയശാസ്ത്രം വേരുപിടിക്കുന്ന സംരംഭങ്ങൾ കൂടുതൽ സങ്കീർണ്ണമാവുകയാണ് ചെയ്യുന്നത്. ഇതിന്റെ ഫലമായി വ്യവസായവത്കൃതരാജ്യങ്ങളിലേക്ക് ഇവിടെ നിന്നുമുള്ള മസ്തിഷ്കചോർച്ച (Brain Drain) മദ്ധ്യപൗരസ്ത്യദേശത്തെ ധൈഷണിക ജീവിതത്തെ ബലഹീനമാക്കിയിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല.

ഇതേ ലക്കം നേചറിൽ മറ്റൊരു ലേഖനമുണ്ട്. ഇസ്രയേലിലെ ശാസ്ത്രീയ ഗവേഷണങ്ങളിൽ ഏർപ്പെട്ട മനുഷ്യശക്തിയെക്കുറിച്ചുള്ളതാണത്. ഞാനതിവിടെ ഉദ്ധരിക്കാം. ''ഗവേഷണവികസന വിഷയത്തിൽ അക്കാഡമിക്ക് പരിശീലനം ലഭിച്ചവരുടെ എണ്ണം 34800 ആയിരുന്നു. ഇതിനെ അപേക്ഷിച്ച് 1995 ആകുമ്പോഴേക്കും അത് 86,700 ആയി ഉയർത്താൻ ഗവേഷണത്തിന്നായുള്ള നാഷണൽ കൗൺസിൽ ആവശ്യപ്പെട്ടിരിക്കയാണ്. അതായത് 150 ശതമാനം വർദ്ധനവിന്". എല്ലാ ഇസ്ലാമിക രാജ്യങ്ങളിലും കൂടി ഇത്തരം ഗവേഷകരുടെ എണ്ണം 45, 136 ആണെങ്കിൽ ഇസ്രയേലിൽ മാത്രം അത് 34,800 ആണ്. ഈ അന്തരം ഒന്നു താരതമ്യം ചെയ്തുനോക്കൂ. (ഇസ്രയേലും ഇസ് ലാമിക രാജ്യങ്ങളും തമ്മിലുള്ള ജനസംഖ്യാനുപാതം 1:200 ആണ്.

ലേഖനം തുടരുകയാണ്: 1969 –ൽ യാലി യൂണിവേഴ്സിറ്റിയിലെ (Yale University) ഡെറെക്ഡിസെല്ലാ പ്രൈസ് ഒരു രാജ്യത്തെ ശാസ്ത്രീയ മനുഷ്യശേഷി അളക്കാൻ ഒരു പുതിയ രീതി ആവിഷ്കരിക്കുകയുണ്ടായി. അതായത് ഉന്നതമായ ശാസ്ത്രീയ ജേർണലുകളിൽ ഗവേഷകന്മാർ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണീ സമ്പ്രദായം. അതുപ്രകാരം 'ഈ രാജ്യം (ഇസ്രയേൽ) പ്രതീക്ഷിത ജനസംഖ്യക്കും ദേശീയ ഉല്പാദനത്തിന്നും ആവശ്യമായി വരുന്ന ശാസ്ത്രമനുഷ്യശേഷിയുടെ അഞ്ചിരട്ടിയോളം കൊണ്ട് സമ്പന്നമാണ്'. പ്രൈസ് തുടരുന്നു. "രാജ്യം ഇപ്പോഴും പരിശീലനം ലഭിച്ച ഇത്തരക്കാരുടെ സമൃദ്ധമായ സംഭരണി കൊണ്ട് സമ്പന്നമാണ്. എണ്ണയുടെയും ഖനിജങ്ങളുടെയും ദൗർബല്യത്തെ അതിജീവിക്കാൻ ഈ രാജ്യത്തിലെ ശാസ്ത്രജ്ഞരെക്കൊണ്ടു കഴിയും."

കുറിപ്പുകൾ
മുസാഫിർ

# ജനശൂന്യമാകുന്ന ലോകം!!

ജനസംഖ്യാവിസ്ഫോടനം സാമൂഹ്യശാസ്ത്രജ്ഞന്മാർ നമ്മെ പറഞ്ഞ് പേടിപ്പിച്ച ഒരു കടംകഥയാണോ? ജനപ്പെരുപ്പത്തിന്റെ അസ്വസ്ഥജനകമായ അവസ്ഥകൾ പറഞ്ഞ് ജനങ്ങളെ ഭയപ്പെടുത്തുകയും സന്താനനിയന്ത്രണത്തിനും കുടുംബാസൂത്രണത്തിനും കടുത്ത സമ്മർദ്ദങ്ങൾ ചെലുത്തുകയും ചെയ്ത ഐക്യരാഷ്ട്രസഭ ഇപ്പോൾ തികച്ചും വിപരീതമായ മറ്റൊരു ചിത്രമാണ് നൽകുന്നത്. കഴിഞ്ഞ സെപ്തംബറിൽ ലണ്ടനിൽ ചേർന്ന ഐക്യരാഷ്ട്രസഭയുടെ പോപ്പുലേഷൻ ഫണ്ടാണ് ജനശൂന്യമായി കൊണ്ടിരിക്കുന്ന വികസിത യൂറോപ്യൻ രാജ്യങ്ങളുടെ ആശങ്കാജനകമായ കണക്കുകൾ പുറത്ത് വിട്ടിരിക്കുന്നത്. ഏറ്റവും ദരിദ്ര രാജ്യങ്ങളിൽ സന്താനോല്പാദനം കുതിച്ചുകയറുമ്പോൾ വികസിത രാജ്യങ്ങളിൽ അത് കുത്തനെ താഴുകയാണ്. 2050 ആവുമ്പോഴേക്കും താഴെക്കിടയിലുള്ള 50 ദരിദ്രരാജ്യങ്ങളിലെ ജനസംഖ്യ മൂന്നിരട്ടി വർദ്ധിക്കുമെന്ന് പറയുന്ന ഐക്യരാഷ്ട്രസഭ വികസിത രാജ്യങ്ങളിലെ ജനസംഖ്യ അപകടകരമാംവിധം താഴ്ന്നുകൊണ്ടിരിക്കുകയാണെന്ന മുന്നറിയിപ്പും നൽകിയിരിക്കുകയാണ്. ലോകവ്യാപകമായി ജനങ്ങളുടെ മൊത്തം സന്താനോല്പാദനം കുറഞ്ഞുവരുന്നതായിട്ടാണ് ഐക്യരാഷ്ട്രസഭയുടെ പോപ്പുലേഷൻ റിപ്പോർട്ട്. രാജ്യങ്ങൾ വികസിക്കുന്നതോടൊപ്പം ജനസംഖ്യ താഴോട്ടു പോകുന്ന വിപരീതാനുപാത പ്രതിഭാസമാണ് റിപ്പോർട്ടിന്റെ കാതൽ. ആയതിനാൽ യൂറോപ്പിലെ ചില ജനസംഖ്യാ പഠന വിദഗ്ദർ 'മുതലാളിത്വമാണ് ഏറ്റവും നല്ല ഗർഭനിരോധനോപാധി' (Capitalism is the best contraceptive) എന്ന് പകുതി തമാശയും പകുതി കാര്യമായും ലോകത്തെ ഉണർത്തുന്നു. ലോകപ്രശസ്ത അന്താരാഷ്ട്ര പ്രസിദ്ധീകരണമായ Newsweekന്റെ 2004 സെപ്തംബർ ലക്കത്തിലെ Birth Dearth (ജനനക്ഷാമം) എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിലാണ് ഈ ആശങ്കാജനകമായ കണക്കുകളുള്ളത്.

1972നെ അപേക്ഷിച്ച് ലോകജനതയുടെ സന്താനോല്പാദനക്ഷമത ഒരു സ്ത്രീക്ക് 6 എന്നതിൽ നിന്നും ഇപ്പോൾ നേർപകുതി 2.9 ആയി കുറഞ്ഞിരിക്കുന്നു. ലോകജനസംഖ്യ ഇന്നത്തെ 640 കോടിയിൽ നിന്നും 2050 ആവുമ്പോൾ 900 കോടിയായി ക്രമാനുഗതം വർദ്ധിക്കും. പക്ഷേ അതിനു ശേഷം അത് കുറയാൻ തുടങ്ങുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. യൂറോപ്പിൽ സന്താനോൽപാദനക്ഷമതയാണ് ഏറ്റവും ആശങ്കാജനകമായി താഴ്ന്നുപോകുന്നത്. ഐക്യരാഷ്ട്രസഭ ഒരു രാജ്യത്തിന് വേണ്ടി ശുപാർശ ചെയ്യുന്ന ജനന നിരക്ക് ഒരു സ്ത്രീക്ക് 2.1 സന്താനങ്ങളാണ്. എന്നാൽ യു.എൻ. റിപ്പോർട്ട് പ്രകാരം 2002ൽ യൂറോപ്പിലെ സന്താനോൽപാദനശേഷിയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ഫ്രാൻസിലും അയർലണ്ടിലും ഈ നിരക്ക് 1.8 മാത്രമാണ്. ഇറ്റലിയും സ്പെയിനും 1.2 ജർമ്മനി 1.4.യുമാണ് ജർമ്മനിയുടേത് യൂറോപ്പിലെ ശരാശരി സന്താനോല്പാദനശേഷിയാണ്. യു.എൻ. കണക്കുകൾ ശരിയാണെങ്കിൽ ഈ അവസ്ഥ തുടർന്നാൽ നാൽപത് വർഷം കഴിയുമ്പോൾ ജർമ്മനിയുടെ 8 കോടി ഇരുപത്തഞ്ച് ലക്ഷം വരുന്ന ജനസംഖ്യയുടെ അഞ്ചിലൊന്ന് കുറഞ്ഞുപോകുമെന്ന് വിദഗ്ദന്മാർ ചൂണ്ടിക്കാട്ടുന്നു. ഇത് ഈസ്റ്റ് ജർമ്മനിയുടെ ജനസംഖ്യക്ക് തുല്യമാണ്. നാല് ദശാബ്ദങ്ങൾക്കുള്ളിൽ ബൾഗേറിയയിൽ 38 ശതമാനവും, റോമനിയ 27 ശതമാനം, എസ്തോണിയ 25 ശതമാനവും ജനസംഖ്യാ ന്യൂനീകരണമുണ്ടാകും.

റഷ്യയിൽ ഏഴരലക്ഷം ജനങ്ങൾ വെച്ച് വർഷം തോറും ഇപ്പോൾ തന്നെ കുറഞ്ഞുവരികയാണ്. റഷ്യൻ പ്രസിഡണ്ട് പുട്ടിൻ ഇതിനെ ഒരു 'ദേശീയ പ്രശ്നം' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. റഷ്യയെ ഈയൊരവസ്ഥയിൽ കൊണ്ട് ചെന്നെത്തിക്കുന്നതിന് മദ്യപാനവും ഒരു കാരണമാണ്. യൂറോപ്പിൽ ഊർജ്ജസ്വലമായി സന്താനോല്പാദനം നടത്തുന്നത് മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ അൽബേനിയയും കോസോവോയുടെ അതിർത്തി പ്രവിശ്യയിലുമാണ്. അമേരിക്ക ഇതിന്നൊരപവാദമാണ്. അമേരിക്കയുടെ ജനസംഖ്യാനിരക്ക് ഏറെക്കുറെ 40 വർഷത്തേക്ക് സ്റ്റഡിയായി നിൽക്കും. അമേരിക്കയിൽ സാധിക്കുന്നത് സന്താനോല്പാദനശേഷിക്കൂടിയതുകൊണ്ടൊന്നുമല്ല. അമേരിക്കയിലേക്കുള്ള കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടാണ്. കാരണം ജനസംഖ്യാശോഷണം സമ്പദ്ഘടനയെ ഗുരുതരമായി ബാധിക്കുമെന്ന് അമേരിക്ക നേരത്തെ കണ്ടറിഞ്ഞിരിക്കുന്നു.

യൂറോപ്പിൽ മാത്രമല്ല ഏഷ്യയിലെ സമ്പന്നരാജ്യമായ ജപ്പാനും ജനസംഖ്യാശോഷണത്തിന്റെ ഭീഷണിയിലാണ് ജപ്പാന്റെ സന്താനോൽപാദകശേഷി 1.3 ആണ്. അടുത്ത 40 വർഷത്തിനുള്ളിൽ ജപ്പാനിൽ 127 ദശലക്ഷം ജനങ്ങൾ കുറയും. ലോകത്തിൽ വെച്ചേറ്റവും ജനസംഖ്യയുള്ള ചൈനയിലാണല്ലോ ഏറ്റവും കുപ്രസിദ്ധമായ ജനസംഖ്യാനയമുള്ളത് 1970ൽ ചൈനയുടെ സന്താനോല്പാദം

5.8 ആയിരുന്നു. ഇപ്പോൾ അത് 1.8 ആയി കുറഞ്ഞിരിക്കുന്നു. ചൈന 2019 -ൽ ജനസംഖ്യാവർദ്ധനവിന്റെ ഉച്ചിയെ പ്രാപിക്കും. അതായത് 150 കോടിയാവും. പിന്നീട് കുത്തനെ താഴാൻ തുടങ്ങുമെന്നാണ് പ്രവചനം. ഓരോ തലമുറയിലും 20 മുതൽ 30 വരെ ശതമാനം കുറവു വരും. ചൈനയിൽ നടപ്പാക്കുന്ന കർശനമായ ഏകസന്താന നയം ഉണ്ടാക്കുന്ന ഗുരുതരമായ കുടുംബപ്രശ്നം ചൈനയെ തുറിച്ചുനൊക്കുകയാണ്. ദമ്പതികളുടെ ഏക സന്താനം വളർന്നുവലുതാവുമ്പോൾ അവന്റെ ഭാരം 4-2-1 ആയി മാറുന്നു. അതായത് ഒരാൾ തന്നെ ആശ്രിതരായ ആറുപേരുടെ ഭാരം താങ്ങേണ്ടി വരുന്നു. തൊഴിലാളിയുടെ മാതാപിതാക്കൾ. മാതാവിന്റെയും പിതാവിന്റെയും അച്ഛനമ്മമാർ വേറേയും.അങ്ങിനെ മൊത്തം 6 പേർ ഈ അവസ്ഥയാണ് 4-2-1 പ്രശ്നം എന്ന പേരിൽ അറിയപ്പെടുന്നത്. ഈ 6 പേരെ കൂടാതെ തന്റെ കുഞ്ഞിന്റെയും ഭാര്യ ജോലിയില്ലെങ്കിൽ അവളുടെയും ഭാരം ഒരാൾ തന്നെ വഹിക്കണം. കൂടുതൽ മക്കളുണ്ടാവുമ്പോൾ മാതാപിതാക്കൾക്ക് വാർദ്ധക്യമായാൽ അവരുടെ സംരക്ഷണം കൂടുതൽ പേരിൽ വീതിക്കപ്പെടുമല്ലോ. വൃദ്ധരുടെ ജീവിതക്ഷേമത്തിന്ന് യാതൊരു പുതിയ ആനുകൂല്യങ്ങളും സംവിധാനങ്ങളും പ്രഖ്യാപിക്കാതെ ചൈനീസ് ഭരണകൂടത്തിന്റെ ഈ കർശനമായ ജനസംഖ്യാനയം ഗുരുതരമായ പ്രത്യാഘാതങ്ങളുയർത്തുകയും സമീപ ഭാവിയിൽ ചൈനയെ സാമ്പത്തികമായി പിന്നോട്ടടിപ്പിക്കുകയും ചെയ്യും.

സന്താനോല്പാദനം തകൃതിയായി നടക്കുന്നത് മദ്ധ്യപൗരസ്ത്യദേശങ്ങളിലെ മുസ്ലിം രാജ്യങ്ങളിലും ഏഷ്യൻ -ആഫ്രിക്കയിലെ ദരിദ്രരാജ്യങ്ങളിലുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അതിൽ ഏറ്റവും കേമൻ യമനാണ്. ഉത്പാദനം 7.2. പീഢിതരാണെങ്കിലും ഫലസ്തീൻ ഇക്കാര്യത്തിൽ മുന്നോട്ടാണ്, വർദ്ധന 5.9. പിന്നെ സഊദി അറേബ്യ 5.7. ഇരുപത് വർഷത്തിന്നുള്ളിൽ മദ്ധ്യ പൗരസ്ത്യദേശത്തെ ജനസംഖ്യ ഇരട്ടിയായി വർദ്ധിക്കുമെന്നാണ് യു.എൻ. റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. ഇറാനും ലെബനാനും ജനവർദ്ധന കുറവായി രേഖപ്പെടുത്തികാണുന്നു. ചില യിടങ്ങളിൽ വർദ്ധനവുണ്ടെങ്കിലും ലോകവ്യാപകമായി ജനസംഖ്യ കുറയുകയാണ് ചെയ്യുന്നത്. ചുരുക്കത്തിൽ 650 വർഷങ്ങൾക്ക് മുമ്പ് കരിമരണം എന്ന് വിളിക്കപ്പെട്ട പ്ളാഗ് ലോകത്ത് സംഹാരതാണ്ഡവമാടിയപ്പോഴുള്ള ജനനനിരക്കാണ് ഇന്ന് നടക്കുന്നതെന്ന് പഠനങ്ങളിൽ വ്യക്തമാകുന്നു.

ജനസംഖ്യ കുറയുന്നതിന് പല കാരണങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നു. ജനങ്ങൾ കൂട്ടത്തോടെ നഗരങ്ങളിലേക്ക് ചേക്കേറുന്നതും അമിതമായ നഗരവത്കരണവുമാണ് ഒരു കാരണം.1970 മുതൽ 2000 വരെയുള്ള കാലയളവിൽ നൈജീരിയയിലെ നഗരജനസംഖ്യ മൊത്തം ജനസംഖ്യയുടെ 14ൽ നിന്നും 44 ശതമാനമായി പെരുകി. തെക്കൻ കൊറിയയിൽ 28-ൽ നിന്നും 84 ശതമാനവും. ലാവോസ് മുതൽ മെക്സിക്കോ വരെയുള്ള മെഗാസിറ്റികളിലൊക്കെ ഇതാണ് സ്ഥിതി. നഗരങ്ങളിലെ പരിമിതമായ സൗകര്യങ്ങൾക്ക് നടുവിൽ ജീവിക്കുന്ന മനുഷ്യന് ഒരു കുട്ടിയുടെ ചിലവ് തന്നെ ദുർവ്വഹമായി തീരുന്നു. അതോടെ അടുത്ത കുഞ്ഞികാല് കാണാനുള്ള ആഗ്രഹം ഇല്ലാതാവുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസം കൂടുന്നതും അവർ ജോലിക്ക് പോകുന്നതും പ്രസവിക്കാനുള്ള വിമുഖത കൂട്ടുന്നു എന്നാണ് ഒരു പഠനം സൂചിപ്പിക്കുന്നത്. ജോലിക്ക് പോകുന്ന സ്ത്രീകളിൽ ഗർഭധാരണവും പ്രസവവും ശിശുപരിപാലനവും കടുത്ത പരീക്ഷണമായി മാറുന്നു, സ്ത്രീകളുടെ വിവാഹപ്രായം ഉയരുന്നതു മറ്റൊരു കാരണമാണ്. സ്ത്രീകളുടെ ഏറ്റവും പ്രജനനക്ഷമമായ 18 മുതൽ 30 വയസ്സുവരെയുള്ള കാലം വിവാഹം കഴിക്കാതെയിരുന്നാൽ സന്താനോൽപാദനശേഷി കുറയുമെന്ന കാര്യം ഉറപ്പാണല്ലോ. ഫാഷൻഭ്രമമാണ് മറ്റൊരു വില്ലൻ. സ്ത്രീയുടെ ഗർഭാവസ്ഥ സ്ത്രീസൗന്ദര്യത്തിന് നിരക്കുന്നതല്ല എന്നാണ് ഫാഷൻ സങ്കല്പം. മാത്രമല്ല കുഞ്ഞുങ്ങളും പരിവാരങ്ങളും പരിഷ്കൃതജീവിതത്തിന് അശുഭകരവും പ്രയാസകരവുമായ ഏർപ്പാടുമാണെന്ന് കരുതപ്പെടുന്നു. യുവതലമുറ വിവാഹം കഴിച്ചാലും യുവമിഥുനങ്ങളായി ഏറെക്കാലം ജീവിക്കാൻ താൽപ്പര്യപ്പെടുന്നതും ഒരു കാരണമാണ്. ഗർഭനിരോധനോപാധികളുടെ വ്യാപകമായ ഉപയോഗം, ഗർഭഛിദ്രം ചെയ്യാനുള്ള സൗകര്യങ്ങളും ജനസംഖ്യാവർദ്ധനവ് തടയുന്നു. പരിഷ്കൃത രാജ്യങ്ങളിൽ വ്യാപകമായ വിവാഹേതര ലൈംഗിക ബന്ധങ്ങളും വിവാഹമോചനവും മാതൃത്വത്തെ സംബന്ധിച്ച പരിപാവന സങ്കല്പങ്ങളുടെ അഭാവവും, പാരമ്പര്യസമൂഹങ്ങളുടെ തകർച്ചയും, ത്യാഗങ്ങളും ബുദ്ധിമുട്ടുകളും സഹിക്കാനുള്ള സ്ത്രീകളുടെ വിമുഖതയുമാണ് സന്താനോല്പാദനം കുറക്കുന്ന മറ്റൊരു ഘടകം. ജനപ്പെരുപ്പം ഒരു വമ്പിച്ച ഭീഷണിയും പാപവുമായി ധരിച്ച ചൈനയെപോലെയും ഇന്ത്യയെ പോലെയുമുള്ള രാജ്യങ്ങളുടെ ജനസംഖ്യാനയങ്ങളും ജനപ്പെരുപ്പം തടയുന്ന മുഖ്യകാരണങ്ങളിലൊന്നാണ്. മദ്യപാനവും പരിസരമലിനീകരണവും പുരുഷബീജത്തിന്റെ കൗണ്ടിങ്ങ് കുറക്കുമെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു.

ജനസംഖ്യ കുറയുന്നത് മൂലമുണ്ടാകുന്ന വമ്പിച്ച സമ്പത്തിക പ്രത്യാഘാതങ്ങൾ യൂറോപ്യൻ നാടുകളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. 'ഒഴിഞ്ഞ തൊട്ടിൽ' (Empty Cradle) എന്ന പുസ്തകമെഴുതിയ ഫിലിപ്പ് ലോംങ്ങ്മാൻ പറയുന്നത് 'വളർന്നുകൊണ്ടിരിക്കുന്ന ജനസംഖ്യയില്ലാതെ വളർന്നുകൊണ്ടിരിക്കുന്ന ഒരു സമ്പദ്ഘടനയെ നിലനിർത്താൻ സാധ്യമല്ല' എന്നാണ്. രാജ്യത്തെ ജനസംഖ്യാശേഖരം പുതിയ ജനനം മൂലം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് ആരോഗ്യമുള്ള ജനസമൂഹമായി കണക്കാക്കുന്നത്. നവജാതരുടെ അഭാവത്തിൽ ജനസമൂഹത്തിന് വാർദ്ധക്യം ബാധിക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇങ്ങനെ യുവജനങ്ങളില്ലാതെ വാർദ്ധക്യം ബാധിക്കുന്ന ജനസമൂഹങ്ങൾ രാജ്യത്തെ ഉല്പാദനരംഗത്തെ മന്ദീഭവിക്കുമെന്ന് ഇറ്റലിയുടെ ഉദാഹരണം കാട്ടി. ഫിലിപ്പ് ലോംങ്ങ് മാൻ ചൂണ്ടിക്കാട്ടുന്നു.

# അൻസാർ ഖുദ്ദാം ദേശീയ ഇജ്തിമ സമാപിച്ചു

**ഖാദിയാൻ:** മജ്ലിസ് അൻസാറുല്ലാഹ്, ഭാരത്ന്റെ ദേശീയ ഇജ്തിമ ഒക്ടോബർ 1, 2, 3, തീയതികളിലും മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമ ഒക്ടോബർ 5, 6, 7 തീയതികളിലും സമാപിച്ചു. രണ്ട് ഇജ്തിമകളും അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഭാരത് നാസിർ അഅ്ലാ ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ഭാരതത്തിലെ ഏറ്റവും നല്ല മജ്ലിസിനുള്ള മൂന്നാം സമ്മാനം കോഴിക്കോട് പള്ളിപ്പുറം മജ്ലിസുകൾ പങ്കിട്ടു. ഒന്നാം സമ്മാനം ഖാദിയൻ രണ്ടാം സമ്മാനം ഹൈദ്രബാദിന് ലഭിച്ചു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതത്തിലെ ഏറ്റവും നല്ല മജ്ലിസിനുള്ള മൂന്നാം സമ്മാനം ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോടിനാണ് ലഭിച്ചത്. ഒന്നും രണ്ടും സ്ഥാനങ്ങൾ ഖാദിയാൻ, ഹൈദ്രാബാദ് എന്നി മജ്ലിസുകൾക്കാണ്. കേരളത്തിലെ സമ്മാനം ലഭിച്ച അൻസാറുല്ലാഹ് ഖുദ്ദാമുൽ അഹ്മദിയ്യ മജ്ലിസുകളെ കേരള അമീർ ഏ. പി. കുഞ്ഞാമു സാഹിബ് അഭിനന്ദിച്ചു.

## അനുസ്മരണം

## മുഅല്ലിം അബ്ദുൾ റശീദ് സാഹിബ്



**ചേലക്കര:** തിരുവനന്തപുരത്തിനടുത്ത് കണിയാപുരം സ്വദേശിയായി അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് മുഅല്ലിം അബ്ദുൾറശീദ് സാഹിബ് (60) സെപ്തംബർ 28ാം തിയ്യതി പുലർച്ചെ മൂന്ന് മണിക്ക് നിര്യാതനായി. (ഇന്നാലില്ലാഹി) 1971–ൽ ജമാഅത്തിൽ പ്രവേശിച്ച അബ്ദുൾറശീദ് സാഹിബ് 1981 മുതൽ അഹ്മദിയ്യാ മർക്കസിന്റെ മുഅല്ലിമായി കേരളത്തിലെ വിവിധ ജമാത്തുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ചേലക്കര ജമാഅത്തിലെ മർഹും ഇബ്രാഹിം സാഹിബിന്റെ മകൾ സുലൈഖയാണ് ഭാര്യ. മുന്നു പെൺമക്കളും ഒരു മകനുമുണ്ട്. ആദ്യവിവാഹത്തിലുള്ള ഭാര്യയും രണ്ട് പെൺമക്കളുമുണ്ട്. എന്റെ ഭാര്യാ സഹോദരനാണ് പരേതൻ. ചേരക്കരയിൽ തന്നെയായിരുന്നു താമസം.

ദീർഘകാലമായി രോഗം കൊ ണ്ട് ബുദ്ധിമുട്ടുന്ന അദ്ദേഹം വീട്ടിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. കർണ്ണാടകയിൽ മുഅല്ലിയായി സേവന

---

അടുത്ത 40 വർഷത്തിനുള്ളിൽ 40 ശതമാനം ജനസംഖ്യ കുറയുമെന്നാണ് ഇറ്റലിയുടെ ഭീതി. വിപണിയിലിറങ്ങുന്ന നവീന ഉല്പന്നങ്ങളോടും, മോഡലുകളോടും, ഫാഷനോടും പ്രതികരിക്കുക യുവജനങ്ങളാണ്, യുവജനങ്ങളുടെ ഗണ്യമായ അഭാവത്തിൽ ഇത്തരം വിപണിയും പൊതുവിപണിയും മന്ദഗതിയിലാകും.

വികസിത രാജ്യങ്ങൾ ജനശൂന്യമായിക്കൊണ്ടിരിക്കുന്നതിനാൽ പത്ത് വർഷങ്ങൾക്കു മുമ്പ് വരെ പല യൂറോപ്യൻ രാജ്യങ്ങളും സ്വീകരിച്ചിരുന്ന 'സീറോ ഇമിഗ്രേഷൻ' പോളിസിയിൽ അയവു വരുത്തി തുടങ്ങിയിരിക്കുന്നു. ഭാവിയിൽ യൂറോപ്യൻ രാജ്യങ്ങൾ അവരുടെ ആൾക്ഷാമം തീർക്കാൻ കൊട്ടിയടച്ച കുടിയേറ്റ വാതിലുകൾ പാവപ്പെട്ട രാജ്യങ്ങൾക്കായി തീർച്ചയായും തുറന്നിടേണ്ടി വരും. അല്ലാത്തപക്ഷം യൂറോപ്യൻ സമൂഹത്തിനും സമ്പദ്വ്യവസ്ഥക്കും മുന്നോട്ടു പോകാനാവില്ല. വികസിത രാജ്യങ്ങളിലെ ഗവൺമന്റുകൾ തങ്ങളകപ്പെട്ട പ്രതിസന്ധിയിൽ നിന്നും തലയൂരാൻ കുടുംബജീവിതത്തിനനുകൂലമായ നയങ്ങൾ പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഭാര്യാഭർത്താക്കന്മാരെ ഒരേസ്ഥലത്തുതന്നെ ജോലി ചെയ്യാനനുവദിക്കുക, പ്രസവാവധി ഭാര്യയോടൊപ്പം ഭർത്താവിനും നൽകുക, കുഞ്ഞിന്റെ പരിചരണത്തിന് വേണ്ടി ജോലി ദീർഘകാലം പാർട്ട് ടൈം ആയി നൽകുക തുടങ്ങിയ നിരവധി പുതിയ ആനുകൂല്യങ്ങൾ ജനസംഖ്യാ വർദ്ധനവിന് വേണ്ടി യൂറോപ്യൻ ഭരണകൂടങ്ങൾ ആവിഷ്കരിച്ചുതുടങ്ങിയിരിക്കുന്നു.

ചുരുക്കത്തിൽ എല്ലാ ജീവിജാലങ്ങളേയും പോലെ ദൈവം മനുഷ്യനെ വിശ്വസ്തതയോടെ ഏല്പിച്ച ഉദാത്തമായ ഒരു കർത്തവ്യമാണ് വംശവർദ്ധനവ്. ഭൂമിയിലെ ജീവജാലങ്ങൾ മുഴുവൻ ആഘോഷപൂർവ്വം ഈ ദൈവിക ദൗത്യം നിർവ്വഹിക്കുമ്പോൾ മനുഷ്യൻ മാത്രം അവന്റെ സ്വയംകൃത ജീവിത വ്യവസ്ഥയിൽ മുങ്ങിക്കുളിച്ച് വിമുഖനും അലസനുമായി മാറിയിരിക്കുന്നു. ഇത് മനുഷ്യന്റെ ഭൂമിയിലെ നിലനിൽപ്പു തന്നെ അപകടപ്പെടുത്തുമെന്ന കാര്യം ഒരു താക്കീതായി ഇപ്പോൾ നമ്മുടെ മുന്നിൽ വന്നുനിൽക്കുകയാണ്.

**സാരസംഗ്രഹം:** *'മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവൻ പ്രവർത്തിച്ചതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു; അവർ മടങ്ങുന്നതിനുവേണ്ടി' (വി. ഖുർആൻ : 30:42) ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ലരുത്. അവർക്കും നിങ്ങൾക്കും നാമാണ് ആഹാരം നൽകുന്നത്. തീർച്ചയായും അവരെ കൊല്ലുന്നത് ഗുരുതരമായ പാപമാണ്. (വി.ഖുർആൻ 17:32).* ■

മനുഷ്ഠിക്കുന്ന മകന്റെ നേതൃത്വത്തിൽ ജനാസ നമസ്കാരം നിർവ്വഹിച്ചശേഷം കബറടക്കം നടന്നു. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. കുടുംബത്തിന് സമാധാനവും ശാന്തിയും റബ്ബ് നൽകുമാറാകട്ടെ.

**മൗലവി മുഹമ്മദ് യൂസഫ്**

## ഇബ്രാഹിംകുട്ടി സാഹിബ്



**കരുനാഗപ്പള്ളി:** അഹ്മദിയ്യാ ജമാഅത്ത് കരുനാഗപ്പള്ളി സിയാഫത്ത് സെക്രട്ടറി ഇബ്രാഹിം കുട്ടി സാഹിബ് (73) ഒക്ടോബർ 5-ാം തിയ്യതി സ്വവസതിയിൽ വെച്ച് നിര്യാതനായി ഇന്നാലില്ലാഹി............ആദ്യകാല അഹ്മദിയായിരുന്ന മർഹൂം അലികുഞ്ഞ് സാഹിബിന്റെ ഇളയമകനായിരുന്നു അദ്ദേഹം.

ഭക്തനും നിസ്വാർത്ഥ സേവകനുമായിരുന്ന ഇബ്രാഹിം കുട്ടി സാഹിബ് ജമാഅത്തിൽ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചിരുന്നു. സിയാഫത്ത് സെക്രട്ടറി എന്ന നിലക്ക് അദ്ദേഹത്തിന്റെ സേവനങ്ങൾ മാതൃകാപരമായിരുന്നു. നിഷ്കളങ്കതയും നിസ്വാർത്ഥതയും ത്രസിച്ചു നിന്ന കർമ്മനിരതനായ ഈ ദീനിസേവകന്റെ സാന്നിദ്ധ്യം തന്നെ ജമാഅത്തിൽ പ്രസാദാത്മകമായിരുന്നു. ജമാഅത്തായി നമസ്ക്കാരം നിർവ്വഹിക്കാൻ നിഷ്കർഷ കാണിച്ചിരുന്ന ഇബ്രാഹിം കുട്ടി സാഹിബ് തഹജ്ജുദ് നമസ്കാരങ്ങളിലും കൃത്യത പാലിച്ചിരുന്നു.

ബാല്യകാലം മുതൽക്കേ എന്റെ സഹപാഠിയും സുഹൃത്തുമായിരുന്ന ഇബ്രാഹിംകുട്ടി സാഹിബ്. അദ്ദേഹത്തിന്റ മൂത്ത സഹോദരൻ വന്ദ്യവയോധികനായ മുഹമ്മദ് കുഞ്ഞുമാസ്റ്ററാണ്. നവതി കഴിഞ്ഞ ഈ ജ്ഞാന വൃദ്ധൻ ഞങ്ങളുടെ ഗുരുനാഥൻ കൂടിയാണ്. മുസ്ലിംകളാരും സംസ്കൃതം പഠിക്കാത്ത അക്കാലത്ത് പ്രത്യുൽപന്ന മതിയായ മുഹമ്മദ് കുഞ്ഞുമാസ്റ്റർ നിർബന്ധപൂർവ്വം അദ്ദേഹത്തെ സംസ്കൃത സ്കൂളിൽ ചേർത്ത് സംസ്കൃതം പഠിപ്പിക്കുകയുണ്ടായി. എന്റെ അദ്ധ്യാത്മിക കാര്യങ്ങളിൽ പ്രചോദനവും പ്രോത്സാഹനം നൽകിയ എന്റെ അഭ്യുദയകാംഷിയായ ആത്മമിത്രത്തെയാണ് അദ്ദേഹത്തിന്റെ വിയോഗം മൂലം നഷ്ടമായത്. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

മക്കൾ: നിസാർ അഹ്മദ്, നദീർ അഹ്മദ്, നിസാർ, നിയാസ്, സിയാദ്, അനസ്സ്, റസീയ, നദീറ, നിസ എന്നിവർ മക്കളാണ്. സബീന സലിം, സൈറാബീവി, ലതീഫ, നിസാർ, സാഹിത, സെയ്താലി എന്നിവർ മരുമക്കളാണ്

**- അഡ്വ: വി. അഹമദ്കുട്ടി**

## നയിം അഹ്മദ് സാഹിബ്



കോഴിക്കോട് ജമാഅത്തിലെ അഹ്മദ് റശീദ് സാഹിബിന്റെയും മൈമൂന സാഹിബയുടെയും മകൻ നയിം അഹ്മദ് സാഹിബ് (17) ഒക്ടോബർ 13-ാം തിയ്യതി ഒരു വാഹനാപകടത്തെ തുടർന്ന് അന്തരിച്ചു. വഖഫെനൗ പദ്ധതിയിലെ കേരളത്തിലെ ആദ്യബാച്ചിൽ പെട്ടയാളായിരുന്നു നയിം അഹ്മദ്. സഹോദരി ആദില, ഫിദായ. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

## ടി.വി. കുഞ്ഞിക്കോയ സാഹിബ്



കോഴിക്കോട് ജമാഅത്തിലെ ടി.വി. കുഞ്ഞിക്കോയ സാഹിബ് (55) ഒക്ടോബർ 29ന് നിര്യാതനായി. 15 വർഷം മുമ്പ് ബൈയ്യത്ത് ചെയ്ത കുഞ്ഞിക്കോയ സാഹിബ് ഭക്തനും, പ്രാർത്ഥനയുടെ സ്വീകാര്യതയിൽ അടിയുറച്ച വിശ്വാസമുള്ളയാളുമായിരുന്നു.കുടുംബത്തിൽ അദ്ദേഹം മാത്രമായിരുന്നു അഹ്മദി. ഭാര്യ സുലേഖ. മക്കൾ : വഹീദ, മുസ്തഫ, റഷീദ്, മുബാറക്ക്. പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ.

**ഐ.കെ. അഹ്മദ് കുട്ടി.**

## തിരുത്ത്

2004 ഒക്ടോബർ ലക്കം സത്യദൂതനിൽ 'നാസിർ അഅ്‌ലാ സാഹിബ് കേരളം സന്ദർശിച്ചു' എന്ന വാർത്തയിൽ 'കേരള അമീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ്' എന്നത് 'നാസിർ അഅ്‌ലാ സാഹിബിന്റെ നിർദ്ദേശപ്രകാരം വിളിച്ചുചേർത്ത സുബായി അമീർ സാഹിബിന്റേയും എക്സിക്യൂട്ടീവിന്റെയും യോഗം' എന്ന് തിരുത്തി വായിക്കാനപേക്ഷ.

കണ്ണൂരിലെ അബ്ദുല്ലാ സുബൈർ സാഹിബും അപ്പോളോ ആസ്പത്രിയും ചേർന്നുള്ള പോളി ക്ലിനിക്കിന്റെ ഉദ്ഘാടനം സപ്തംബർ 17ന് നിർവ്വഹിക്കാനായിരുന്നു ഹദ്റത്ത് നാസിർ അഅ്‌ലാ സാഹിബ് കേരളത്തിൽ എത്തിയത്. സപ്തംബർ 16-നു കണ്ണൂർ ജമാഅത്തിൽ ഡോ. മൻസൂർ സാഹിബിന്റെ പേരിൽ ഒരു കോൺഫറൻസ് ഹാളിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു. നാസിർ അഅ്‌ലാ സാഹിബിന്റെ യാത്രയിലുടനീളം എ ക്യു. മുസ്‌ലിം സാഹിബും സിദ്ധിക് അശ്റഫ് അലിസാഹിബും അനുഗമിക്കുകയുണ്ടായി. അമീർ സാഹിബ്, കെ. യം. അഹ്മദ് കോയാ സാഹിബ്, ടി. കെ. മഹ്മൂദ് സാഹിബ്, വാണിയമ്പലം അബ്ദുൾ ഗഫൂർ സാഹിബ്, കരുനാഗപ്പള്ളി ജലീൽ സാഹിബ്, ബിച്ചിക്കോയട്ടി സാഹിബ് എന്നിവർ ചേർന്ന് നാസിർ അഅ്‌ലാ സാഹിബിനും ഭാര്യക്കും കരിപ്പൂർ വിമാനത്താവളത്തിൽ വെച്ച് നൽകിയ ഊഷ്മളമായ യാത്രയയപ്പിൽ സന്നിഹിതരായിരുന്നു.